# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 സെപ്റ്റംബർ 3 | ദീപം 53 | നാളം 18 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com




# കർഷകൻ റബർചുവട്ടിൽനിന്നു മാറണം




പി.സി. സിറിയക്


**ക**ഴിഞ്ഞ ഒരു നൂറ്റാണ്ടു കാലത്ത് കേരളത്തിലെ അധ്വാനശീലരായ ചെറുകിട കർഷകരുടെ ശ്രദ്ധയാകർഷിച്ച കാർഷികവിളയാണ് റബർ. അവർ റബർകൃഷിമേഖലയിലേക്ക് ആത്മവിശ്വാസത്തോടെ ഇറങ്ങി; സാഹസികമായി ആധുനികകൃഷിരീതികൾ സ്വീകരിച്ചു, കഠിനാദ്ധ്വാനം ചെയ്തു, പണം മുടക്കി. ഏഴു വർഷം കഴിഞ്ഞുമാത്രം എന്തെങ്കിലും ആദായം കിട്ടാൻ സാധ്യതയുള്ള ഈ കൃഷിയിലേക്ക് ഇറങ്ങിത്തിരിക്കാൻ അവർക്കു ശക്തിപകർന്നത് മൂന്നു കാരണങ്ങളായിരുന്നു.

1. ഏതു പുതിയ സംരംഭത്തിലും ചാടിയിറങ്ങാനും പണം മുടക്കാനുമുള്ള സന്നദ്ധത അവർക്കു ലഭ്യമാക്കിയ സംരംഭകസ്വഭാവം (enterprenership).

2. കർഷകർക്കാവശ്യമായ ശാസ്ത്രീയ വിജ്ഞാനവും സാമ്പത്തികസഹായവും അവർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ആഴമായി പഠിച്ച് ഗവേഷണം നടത്തി, പരിഹാരമാർഗ്ഗം കണ്ടെത്തി, ആ വിവരം കർഷകർക്കു പകർന്നുകൊടുക്കാനുള്ള സംവിധാനവും വിപണനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഒരേ സ്ഥലത്തുതന്നെ ലഭ്യമാക്കുന്ന റബർ ബോർഡിന്റെ പ്രവർത്തനശൈലി.

3. റബറിന്റെ തന്ത്രപ്രധാനമായ പ്രാധാന്യം മനസ്സിലാക്കി ഈ കൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള ഇന്ത്യാഗവണ്മെന്റിന്റെ ഉറച്ച തീരുമാനം.

അങ്ങനെയാണ് 70 വർഷം മുൻപ് ഇന്ത്യയിലെ മൊത്തം റബറുത്പാദനം 15000 ടൺ എന്ന സ്ഥിതിയിൽനിന്ന് 2010 ആയപ്പോഴേക്കും 9,50,000 ടൺ ആയി ഉയർന്നത്.

റബറിന്റെ ഉത്പാദനം വർദ്ധിച്ചതനുസരിച്ച് അതിന്റെ ആവശ്യവും വർദ്ധിക്കാനായി ഇന്ത്യാഗവൺമെന്റ് റബർ വ്യവസായങ്ങളെയും പ്രോത്സാഹിപ്പിച്ചു. അങ്ങനെ റബർ കൃഷിയുടെ വളർച്ചയോടൊപ്പം ബലൂണും കയ്യുറയും നിരോധും റബർഷീറ്റും റബർമെത്തയും സൈക്കിൾ ടയർമുതൽ ട്രക്ക് ടയറുകളും വിമാനത്തിന്റെ ടയറുകളുംവരെയുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളും ഇന്ത്യയിൽ വളർന്നു. റബറിന്റെ ഉത്പാദനത്തോടൊപ്പം അതിന്റെ ഡിമാന്റും ഉയർന്നു. റബർ ഉത്പാദിപ്പിക്കുന്ന കർഷകനു ന്യായമായ വില ലഭിക്കാനിടയായി. മിക്കപ്പോഴും ഡിമാൻഡിനൊപ്പം റബർ ഉത്പാദിപ്പിക്കാൻ നമുക്കു കഴിയാതെ പോയിരുന്നു. കമ്മി നികത്താനാവശ്യമായ റബർ ഇറക്കുമതിചെയ്യാനും, ആവശ്യത്തിലേറെ റബർ ഇറക്കുമതി ചെയ്യാതിരിക്കാനും റബർ ബോർഡിന്റെ സഹായത്തോടെ സർക്കാർ ശ്രദ്ധിച്ചിരുന്നു.

പക്ഷേ, ക്രമേണ ടയർ വ്യവസായമേഖല വൻ വളർച്ച നേടി. അവരുടെ സംഘടന ഒരു വലിയ സമ്മർദ്ദശക്തിയായിത്തീരുന്നതും, വിപണി നിയന്ത്രിക്കുന്നതുമാണ് നാം പിന്നീടു കണ്ടത്. ഒരുവശത്ത് രാജ്യത്തെ റബറുത്പാദനത്തിന്റെ 95 ശതമാനവും ഉത്പാദിപ്പിക്കുന്ന ചെറുകിട കർഷകൻ. ആഴ്ചതോറും താൻ ഉത്പാദിപ്പിക്കുന്ന റബർഷീറ്റുമായി അയാൾ വിപണിയിലെത്തുന്നു.


05








# കണ്ണീരൊപ്പാനാകട്ടെ സർക്കാരുകൾ




ജോർജ് കള്ളിവയലിൽ


**കൊ**വിഡ് മഹാമാരിയെത്തുടർന്ന് ഇന്ത്യയിൽ 41 ലക്ഷം യുവാക്കൾക്കു തൊഴിൽ നഷ്ടമായെന്നാണ് അന്താരാഷ്ട്ര തൊഴിൽസംഘടനയുടെയും (ഐഎൽഒ) ഏഷ്യൻ വികസന ബാങ്കിന്റെയും (എഡിബി) പഠനറിപ്പോർട്ട്. ഇതു ചെറുപ്പക്കാരുടെ മാത്രം കണക്കാണ്. കാർഷിക, നിർമാണ മേഖലയിലാണ് ഏറ്റവുമധികം പേർക്ക് ഇന്ത്യയിൽ ജോലി നഷ്ടമായത്. കേരളംപോലുള്ള സംസ്ഥാനങ്ങളിൽ കാർഷികമേഖല എക്കാലത്തെയും വലിയ പ്രതിസന്ധിയിലൂടെയാണു കടന്നുപോകുന്നത്.

2019 ലെ പഠനറിപ്പോർട്ടനുസരിച്ച് രാജ്യത്ത് 16 കോടി യുവാക്കളാണ് (24 ശതമാനം) തൊഴിലോ വിദ്യാഭ്യാസമോ മറ്റു പരിശീലനമോ ഇല്ലാതെ സമയം പാഴാക്കുന്നത്. യുവാക്കളിലെ തൊഴിലില്ലായ്മ 13.8 ശതമാനമായി വർദ്ധിച്ചു. മുതിർന്നവരിലെ തൊഴിലില്ലായ്മ ഇതേ കാലയളവിൽ മൂന്നു ശതമാനം മാത്രമേയുള്ളൂ. ഇന്ത്യയിൽ നാലിൽ ഒരാൾ ഇപ്പോഴും ദാരിദ്ര്യത്തിലാണെന്നും കണ്ടെത്തി. ഇവരിൽ ചിലരെങ്കിലും കൊടിയ പട്ടിണിയിലുമാണ്.

മാസങ്ങൾ നീണ്ട ലോക്ഡൗൺ സ്ഥിതി കൂടുതൽ വഷളാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളും കോളജുകളും വിവിധ പരിശീലനകേന്ദ്രങ്ങളും തൊഴിൽശാലകളും ഫാക്ടറികളും ലോക്ഡൗണിൽ പൂട്ടിയിടേണ്ടിവന്നതോടെ രാജ്യത്തെ യുവജനങ്ങൾ നൂറ്റാണ്ടിലെ ഏറ്റവും കടുത്ത പ്രതിസന്ധിയാണു നേരിടുന്നത്.

**കാലാവസ്ഥാവ്യതിയാനം വില്ലനാകുന്നു**

ഗ്രാമീണമേഖലയിലെയും ചെറുപട്ടണങ്ങളിലെയും ദുരിതങ്ങളാണ് എക്കാലവും കൂടുതൽ അവഗണിക്കപ്പെടുന്നത്. നാട്ടിൻപുറങ്ങളിൽ യുവാക്കളോടൊപ്പം മുതിർന്ന പൗരന്മാരും അരപ്പട്ടിണിയിലാണു കഴിയുന്നത്. കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചയും ഉത്പാദനത്തിലെ കുറവും കാർഷിക, വിദ്യാഭ്യാസ, ആരോഗ്യ ചെലവുകളിലെ വർധനയുമെല്ലാം സാധാരണക്കാരെ വല്ലാതെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. തൊഴിലാളികൾ, കർഷകർ, ചെറുകിട കച്ചവടക്കാർ എന്നിവർ അനുഭവിക്കുന്ന പ്രയാസങ്ങളോടു സർക്കാരുകൾ കണ്ണടയ്ക്കുകയും ചെയ്യുന്നു.


14



മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 53–ാം വർഷം

## ചെറിയാൻ ജെ. കാപ്പൻ

# നിർഭയനായ നേതാവ്

**വിളക്കുമരങ്ങൾ**



**ഡോ. സിറിയക് തോമസ്**

**പാ**ലായിലെ പാരമ്പര്യപ്രശസ്തമായ ഒരു കത്തോലിക്കാക്കുടുംബത്തിൽ ജനനം. പാലായിലെതന്നെ സെന്റ് തോമസ് ഹൈസ്കൂളിലും പിന്നീട് തൃശൂർ സെന്റ് തോമസ് കോളജിലും വിദ്യാഭ്യാസം. പാലാ സ്കൂളിൽ ആർ.വി. തോമസിന്റെയും തൃശൂർ കോളജിൽ പ്രഫ. ജോസഫ് മുണ്ടശേരിയുടെയും ഇഷ്ടശിഷ്യൻ. തിരുവനന്തപുരം ലോ കോളജിൽ നിന്നു നിയമബിരുദമെടുത്തശേഷം കോട്ടയത്തും തുടർന്ന് പാലായിലെ കോടതികളിലും വക്കീലായി പ്രാക്ടീസാരംഭിച്ചു. പി.ടി. ചാക്കോയുടെകൂടെ ജോയിന്റായിട്ടായിരുന്നു ആദ്യം. പെട്ടെന്നുതന്നെ ഒന്നാന്തരം അഭിഭാഷകനെന്നു പേരെടുക്കുകയും ചെയ്തു.

സാമുദായിക-സാമൂഹികരംഗങ്ങളിൽ മാത്രമായിരുന്നു ആദ്യമൊക്കെ കാപ്പന്റെ പൊതുപ്രവർത്തനം. പക്ഷേ, താമസിയാതെതന്നെ സർ സി.പി. യുടെ വിദ്യാഭ്യാസനയങ്ങൾക്കെതിരായ പ്രക്ഷോഭണത്തിൽ മുൻനിരയിൽനിന്നു നേതൃത്വം നൽകിയതോടെ അദ്ദേഹത്തിനു വ്യാപകമായ ജനശ്രദ്ധ ലഭിച്ചു. തുടർന്ന്, സ്റ്റേറ്റ് കോൺഗ്രസ് സമരത്തിലും സജീവമായി. പല തവണ അറസ്റ്റും ജയിൽവാസവുമുണ്ടായി. പാലാ രാഷ്ട്രീയത്തിലും ആർ.വി. തോമസിന്റെ ശിഷ്യനായിട്ടാണ് കാപ്പൻ പ്രവർത്തനം ആരംഭിച്ചത്. പി.ടി. ചാക്കോ, പ്രഫ. കെ.എം. ചാണ്ടി തുടങ്ങിയവരുടെ സഹപ്രവർത്തകൻ എന്ന നിലയിലും കാപ്പൻ പ്രശസ്തനായി. ദിവാൻ സർ സിപിയുടെ 'സ്വതന്ത്രതിരുവിതാംകൂർ' എന്ന പുതിയ വാദത്തിനെതിരായും കാപ്പൻ ശക്തമായ പ്രസംഗങ്ങൾ നടത്തി. ദിവാന്റെ അപ്രീതി സമ്പാദിച്ചതോടെ കാപ്പനും ജയിൽവാസയോഗമായി.

ചെറിയാൻ കാപ്പൻ ഒന്നാന്തരം സംഘാടകനും ഉജ്ജ്വലജനപ്രിയപ്രഭാഷകനുമായിരുന്നു. സ്വാതന്ത്ര്യലബ്ധിയെത്തുടർന്നുണ്ടായ ആദ്യനിയമസഭാതിരഞ്ഞെടുപ്പിൽ കാപ്പനും എതിരില്ലാതെയാണ് തിരഞ്ഞെടുക്കപ്പെട്ടത്. നിയമസഭയിലും കാപ്പൻ നന്നായി തിളങ്ങി. 1954 ൽ പാർട്ടിയിലെ വിഭാഗീയതയുടെ ഇരയായിത്തീർന്ന കാപ്പനു സ്കൂളിൽ തന്റെ ഗുരുവായിരുന്ന കെ.സി. സെബാസ്റ്റ്യനുവേണ്ടി അന്നത്തെ രാമപുരം സീറ്റു മാറിക്കൊടുക്കേണ്ടിവരുകയാണുണ്ടായത്. പ്രസ്തുത സീറ്റിൽ കോൺഗ്രസ് അന്നു ജയിച്ചതുമില്ല. സ്വതന്ത്രനായി മത്സരിച്ച ജോസഫ് ചാഴികാടൻ വളരെ നേരിയ ഭൂരിപക്ഷത്തിനാണു ജയിച്ചത്. രാഷ്ട്രീയം കൊണ്ടു സമ്പാദിക്കുന്ന രീതി അന്നത്തെ നേതാക്കൾക്കൊന്നും ഒട്ടും ഉണ്ടായിരുന്നില്ലല്ലോ. കാപ്പനും കടുത്ത സാമ്പത്തിക ക്ലേശത്തിലായിരുന്നു. ഡിസിസി പ്രസിഡന്റായിരുന്ന വകയിലും കാപ്പൻസാറിനു കടം കൂടിയതേയുള്ളൂ. ഇന്ത്യയിലാദ്യമായി കോൺഗ്രസിൽ ഒരു പ്രത്യേക വനിതാവിഭാഗം രൂപീകരിക്കുവാൻ മുൻകൈയെടുത്തതും അങ്ങനെ ഒരാശയം ആദ്യമായി മുന്നോട്ടുവച്ചതും ചെറിയാൻ കാപ്പൻ സാറായിരുന്നു. എന്റെ അമ്മയോട് (മിസ്സിസ് ആർ.വി.) അതിന്റെ നേതൃത്വം വഹിക്കണമെന്നു നിർബന്ധമായി പറഞ്ഞതും അദ്ദേഹമായിരുന്നു. കോൺഗ്രസിന്റെ ചരിത്രത്തിൽ അതൊരു പുതിയ അധ്യായം എഴുതിച്ചേർക്കുകയും ചെയ്തു. ഇന്ദിരാഗാന്ധി 1954 ൽ ആദ്യമായി പാലായിൽ വന്നതു വനിതാകോൺഗ്രസിന്റെ ഉദ്ഘാടനത്തിനായിരുന്നു.

എന്നാൽ, കടുത്ത സാമ്പത്തികസമ്മർദ്ദം കൊണ്ടാവണം കാപ്പൻസാർ താമസിയാതെ തന്റെ വക്കീൽ പ്രാക്ടീസ് കോഴിക്കോട്ടേക്കു മാറ്റുകയാണുണ്ടായത്. അവിടെ അദ്ദേഹത്തിന്റെ ജൂനിയർ വക്കീലന്മാരായിരുന്നു പിൽക്കാലത്തു മന്ത്രിയായ കെ.എം. മാണിയും മുനിസിപ്പാലിറ്റീസ് ഡയറക്ടറായിരുന്ന വി.എം. അഗസ്റ്റിനും. അവർ രണ്ടുപേരും കോൺഗ്രസിലും കാപ്പൻസാറിന്റെ രാഷ്ട്രീയശിഷ്യന്മാരായിരുന്നല്ലോ. കുടുംബസാഹചര്യസമ്മർദ്ദത്തിൽ കാപ്പനും വക്കീൽ ശിഷ്യന്മാരും പാലായിലേക്കു താമസിയാതെതന്നെ തിരിയെപ്പോരുകയും ചെയ്തു. 1956 ലെ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ ചെറിയാൻ കാപ്പൻ മത്സരിക്കണമെന്നു നിർബന്ധിച്ചത് അന്ന് എം.പി. യായിരുന്ന ജോർജ് തോമസ് കൊട്ടുകാപ്പള്ളിയായിരുന്നു. കൊട്ടുകാപ്പള്ളിയുടെ വാർഡിൽനിന്നുതന്നെ മത്സരിക്കാനും ആവശ്യപ്പെട്ടു. ഇലക്ഷൻ ജയിച്ച ചെറിയാൻ ജെ. കാപ്പൻ എതിരില്ലാതെ തന്നെ മുനിസിപ്പൽ ചെയർമാനായി.

മുനിസിപ്പൽ ചെയർമാൻ എന്ന നിലയിൽ കാപ്പൻസാർ പാലായ്ക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്തു. റോഡുകളിലെല്ലാം വഴിവിളക്കുകൾ സ്ഥാപിച്ചു. നഗരത്തിലെ പ്രധാന വഴികളെല്ലാം തൂത്തു വൃത്തിയാക്കാൻ തൂപ്പുകാരെ നിയമിച്ചു. മുനിസിപ്പൽ ലൈബ്രറിക്കു കെട്ടിടമുണ്ടാക്കി. മുനിസിപ്പൽ ബസ്സ്റ്റാന്റ് പണിയിച്ചു. പൗരപ്രമുഖനായിരുന്ന തന്റെ അയൽവാസിയും ആത്മസുഹൃത്തുമായിരുന്ന കട്ടക്കയം ദേവസ്യാക്കുഞ്ഞുചേട്ടനുമായി സംസാരിച്ച് അദ്ദേഹത്തെക്കൊണ്ടു സെന്റിന് ഒരു രൂപ മാത്രം വിലവച്ചാണ് മുനിസിപ്പൽ മാർക്കറ്റിനു സ്ഥലം വാങ്ങിച്ചത്!

പറഞ്ഞുവന്നത്, ചെറിയാൻ കാപ്പൻസാർ ചെയർമാനായിരുന്ന പാലാ മുനിസിപ്പാലിറ്റിയുടെ താരതമ്യമില്ലാത്ത ആ നല്ല കാലത്തെക്കുറിച്ചാണ്. ആദ്യത്തെ ചെയർമാനും സ്വന്തം രാഷ്ട്രീയഗുരുവും മീനച്ചിൽ താലൂക്കിന്റെ രാഷ്ട്രീയാചാര്യനുമായിരുന്ന ആർ.വി. തോമസിന്റെ സ്മരണയ്ക്ക് മുനിസിപ്പൽ ആർ.വി. പാർക്കുണ്ടാക്കിയതും ചെറിയാൻ കാപ്പൻസാറായിരുന്നു. ഉചിതമായ ഗുരുസ്മരണ. പാലാ നഗരസഭയുടെ ഒരു സുവർണകാലമായിരുന്നു ചെറിയാൻ കാപ്പന്റെ ഭരണകാലം. സമാനതകളില്ലാത്തതായിരുന്നു കാപ്പൻസാറിന്റെ ഭരണനൈപുണ്യം. ഒരാരോപണവും കേൾക്കാത്ത ഒരു കാലവും! 1962 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ മൂവാറ്റുപുഴ മണ്ഡലത്തിൽനിന്നു കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ചു ജയിച്ചതും കാപ്പൻസാറാണ്. കാപ്പന്റെ പാർലമെന്റ് പ്രസംഗങ്ങൾ അന്നു പ്രധാനമന്ത്രിയായിരുന്ന നെഹ്റുവിന്റെയും പിന്നീടുവന്ന ശാസ്ത്രിയുടെയും ഇന്ദിരാജിയുടെയും ഒക്കെ പ്രശംസ നേടിയിരുന്നു. ഒന്നാന്തരം പാർലമെന്റേറിയനുമായിരുന്നു ചെറിയാൻ ജെ. കാപ്പൻ.



ചെറിയാൻ ജെ. കാപ്പൻ

ആ കാലഘട്ടത്തിൽത്തന്നെയാണ് കേരളത്തിലെ കോൺഗ്രസിൽ കടുത്ത ഭിന്നതയുണ്ടായതും ഗ്രൂപ്പുതിരിവും വിഭാഗീയതയും വളരെ ശക്തമായതും. പി.ടി. ചാക്കോ മന്ത്രിസഭയിൽനിന്നു രാജിവച്ചു പുറത്തുപോകേണ്ട ഒരു സാഹചര്യവുംകൂടി സംഭവിച്ചതോടെ പാർട്ടിയിലെ ഉൾപ്പോരുകൾ വീണ്ടും വളരെ ശക്തമായി. കാപ്പൻസാർ അന്ന് ചാക്കോപക്ഷത്തെ ഏറ്റവും ശക്തനായ നേതാവായിരുന്നു. ചാക്കോയുടെ അപ്രതീക്ഷിതമരണമാണ് അന്നത്തെ രാഷ്ട്രീയകാലാവസ്ഥ മാറ്റിമറിച്ചത്. അപ്പോഴും കാപ്പനായിരുന്നു ചാക്കോ ഗ്രൂപ്പിന്റെ നേതാവ്. ജനങ്ങളുടെ സഹതാപവും ചാക്കോ പക്ഷത്തോടാണെന്നു വന്നപ്പോഴാണ് നേരത്തേ പാർട്ടിയിൽ ചാക്കോയുടെ എതിർചേരിയിൽ നിന്നവരിൽ ചിലർകൂടി ചാക്കോ ഗ്രൂപ്പിലേക്കു പുതുതായി കടന്നുവന്നത്. ശങ്കർമന്ത്രിസഭയെ മറിച്ചിടണമെന്നും പാർട്ടി പിളർത്തി റിബൽപാർട്ടി രൂപീകരിക്കണമെന്നും അവർ വാദിച്ചു. കാപ്പൻ താൻ കോൺഗ്രസ് വിടാൻ തയ്യാറല്ലെന്നും പിടി ചാക്കോ തന്നെ അദ്ദേഹത്തിന്റെ മരണത്തിന്റെ തൊട്ടുമുമ്പും കോൺഗ്രസ് വിട്ടുള്ള ഒരു നീക്കവും പാടില്ലെന്നു വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണെന്നും പാർട്ടിയിൽ നിന്നുകൊണ്ടാണ് എതിർപക്ഷത്തോടു യുദ്ധം ചെയ്യേണ്ടതെന്നും കാപ്പൻ ഉറച്ച നിലപാടെടുത്തു. ഡൽഹിയിൽപോയി കേന്ദ്രനേതാക്കളെക്കണ്ട് ചാക്കോവിഭാഗത്തിന് പാർട്ടിയിൽ നീതി കിട്ടണമെന്നു വാദിച്ചു. കോൺഗ്രസ് പ്രസിഡന്റായിരുന്ന കാമരാജ് കേരളത്തിൽവന്നു നേരിട്ടു പരാതികൾ കേൾക്കാമെന്നു സമ്മതിക്കുകയും ചെയ്തു. പക്ഷേ, കാപ്പൻസാറിന്റെ അനുരഞ്ജന നീക്കങ്ങളെ അട്ടിമറിച്ചുകൊണ്ടാണ് ചാക്കോ ഗ്രൂപ്പിലെ തന്നെ ഒരു വിഭാഗം ശങ്കർ മന്ത്രിസഭയെ അവിശ്വാസ പ്രമേയത്തിലൂടെ മറിച്ചിടാനും റിബൽ എം.എൽ.എ. മാർ ചേർന്നു പുതിയ പാർട്ടി ഉണ്ടാക്കാനും തീരുമാനിച്ചത്. അതോടെ, കോൺഗ്രസിന്റെ എം.പി. യായിട്ടാണ് ജനങ്ങൾ തന്നെ തിരഞ്ഞെടുത്തതെന്നും താൻ പാർട്ടിയെ ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നുമുള്ള സ്വന്തം നിലപാട് പരസ്യമായി പ്രഖ്യാപിക്കുകയും കോൺഗ്രസിൽത്തന്നെ ഉറച്ചുനിൽക്കുകയും ചെയ്തു. വിമത ഗ്രൂപ്പുമായി പിന്നിടദ്ദേഹം ഒരിക്കലും സഹകരിച്ചതുമില്ല.

പിന്നീട്, കെ.എം. ജോർജിന്റെ നേതൃത്വത്തിൽ വിമത ഗ്രൂപ്പ് ശങ്കർമന്ത്രിസഭയ്ക്കെതിരേ അവിശ്വാസപ്രമേയത്തിന് അനുകൂലമായി നിയമസഭയിൽ വോട്ടു ചെയ്യുകയും തുടർന്നു പാർട്ടിയിൽനിന്നുതന്നെ മാറി വേറേ പാർട്ടി രൂപീകരിക്കുകയുമായിരുന്നു. ചെറിയാൻ കാപ്പൻ തുടർന്നും കോൺഗ്രസിനോടൊപ്പം ഉറച്ചുനിന്നു. പിന്നീടുണ്ടായ 1965 ലെ തിരഞ്ഞെടുപ്പിലും കാപ്പൻ കോൺഗ്രസ് സ്ഥാനാർത്ഥികൾക്കുവേണ്ടിത്തന്നെയാണ് പ്രചാരണത്തിനിറങ്ങിയത്. ചെറിയാൻ കാപ്പൻ ഒരു രാഷ്ട്രീയ അവസരവാദിയാണെന്ന് ഒരിക്കൽപ്പോലും അദ്ദേഹത്തിന്റെ എതിരാളികൾപോലും പറഞ്ഞില്ല. കടുത്ത കമ്യൂണിസ്റ്റുവിരോധിയായിരുന്നു കാപ്പൻ. ഒരു യാഥാസ്ഥിതികനും പാരമ്പര്യവാദിയുമായിരുന്നു അദ്ദേഹമെന്നു വാദിച്ചവരുമുണ്ട്. പക്ഷേ, എല്ലാക്കാലത്തും കാപ്പൻസാറിന് കൃത്യമായതും വളരെ വ്യക്തമായതുമായ നിലപാടുകളുണ്ടായിരുന്നു. വിമോചനസമരത്തിന്റെ ഒരു മുന്നണിപ്പോരാളിയായിരുന്നു കാപ്പൻ. ക്രിസ്റ്റഫർ സന്നദ്ധസേന രൂപീകരിച്ചപ്പോൾ അതിന്റെ ക്യാപ്റ്റനായതും കാപ്പൻസാർതന്നെ. ജനങ്ങളെ ഇളക്കിമറിക്കുന്നതായിരുന്നു ചെറിയാൻ കാപ്പന്റെ പ്രസംഗരീതി. നർമ്മവും പരിഹാസവും കൊണ്ട് എതിർപക്ഷത്തെ മുൾമുനയിൽ നിർത്തുന്ന പ്രസംഗങ്ങളായിരുന്നു അവയെല്ലാം. രാഷ്ട്രീയപ്രസംഗങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ചവരായിരുന്നു പി.ടി. ചാക്കോയും കെ.എം. ചാണ്ടിയും ചെറിയാൻ കാപ്പനും.

വർത്തമാനകാലത്തിന്റെ ഒരു പ്രായോഗികപ്രയോജനം അതു നമ്മെ കഴിഞ്ഞ കാലത്തിന്റെ നന്മകളെക്കൂടി ഓർമ്മിപ്പിക്കും എന്നതാണ്. പുതിയ കാലത്തെ പല നേതാക്കളും അവരുടെ തെറ്റായ മാതൃകകൾവഴി പഴയ കാലത്തെ നേതാക്കളുടെ മഹത്ത്വവും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ചെറിയാൻ കാപ്പൻ ആ ഗണത്തിൽപ്പെട്ട മഹാനായ ഒരു നേതാവായിരുന്നുവെന്നു നിസ്സംശയം പറയാൻ കഴിയും. പൊതുജീവിതത്തിലെ ഒരു മൂല്യപ്രതീകം. ഒരു നന്മമരം. സത്യവാദിയായ വക്കീൽ. നേർവാദിയായ നേതാവ്. ധീരനായ പോരാളി. പള്ളി മുടക്കാത്ത ഉത്തമവിശ്വാസി. പ്രാർത്ഥന മുടക്കാത്ത ഭക്തൻ. ഏതു പ്രതിസന്ധിയിലും നിവർന്നുനിന്നിരുന്ന നിർഭയൻ... കാപ്പൻസാറിന്റെ വിശേഷണങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല.

ഇപ്പോൾ മകൻ മാണി സി. കാപ്പനാണ് പാലായിൽ എംഎൽഎ. മകന്റെ ജയം മക്കൾരാഷ്ട്രീയമെന്നു പറയാനും സാധ്യമല്ല. കാപ്പൻസാറിനു ശേഷം 60 വർഷം കഴിയുമ്പോഴാണല്ലോ മകൻ ആ പദവിയിൽ വരുന്നത്. എന്നാൽ, മകനും ഓർക്കേണ്ട ഒരു കാര്യമുണ്ട്: ഇന്നുവരെ പാലാ കണ്ട ഏറ്റവും മികച്ച ഈ നഗരപിതാവിന് ഇന്നും ഇവിടെ ഉചിതമായ ഒരു സ്മാരകം ഉണ്ടായിട്ടില്ല! കടന്നുപോയ മഹാനായ രാഷ്ട്രീയകർമ്മയോഗിക്ക് ആദരപൂർവ്വമായ സ്നേഹപ്രണാമം.

□

# നല്ല അധ്യാപകനാകാൻ

**സെപ്റ്റംബർ 5: അധ്യാപകദിനം**

പ്രഫ. എം.കെ. സാനു





ഒരു നല്ല അധ്യാപകൻ ഒരു മാതൃകാലോകത്തെ സംബന്ധിക്കുന്ന സങ്കല്പത്താൽ പ്രചോദിതനായിരിക്കണം എന്നു ഞാൻ കരുതുന്നു. ലോകത്തെ ഏറ്റവും വിശിഷ്ടരായ അധ്യാപകർ ആരാണെന്നു ചോദിച്ചാൽ ഞാനാദ്യം ചൂണ്ടിക്കാണിക്കുന്നത് ശ്രീബുദ്ധനെയും ശ്രീയേശുവിനെയുമായിരിക്കും. അവരൊക്കെ പരമമായ ഒരു മാതൃകാരാജ്യത്തിന്റെ സങ്കല്പം മനസ്സിൽ കണ്ടുകൊണ്ട് അതിലേക്കു വിദ്യാർത്ഥികളെ നയിച്ചുകൊണ്ടുപോകുന്നവരാണ്. ആ പ്രാഥമികഗുണം അധ്യാപകർക്കുണ്ടായേ തീരൂ.

രണ്ടാമതായി, ഒരു നല്ല അധ്യാപകൻ താൻ ദർശിച്ചുകൊണ്ടിരിക്കുന്ന മാതൃകാലോകത്തിലേക്ക് കുട്ടികളെ സദാ നടത്താൻ കഴിവുള്ളവനായിരിക്കണം. ഈ കഴിവ് അഥവാ യോഗ്യത ഒരതിർത്തിയോളം ജന്മസിദ്ധമാണ്. അതായത്, എനിക്കറിവുണ്ട്, അറിവു നേടിക്കൊണ്ടിരിക്കുന്നവനാണു ഞാൻ, അതിൽ നിരന്തരം ഞാൻ മുഴുകിക്കൊണ്ടേയിരിക്കും, ഈ അറിവ് എന്റെയുള്ളിൽ വയ്ക്കാതെ, മറ്റുള്ളവർക്കു പകർന്നുകൊണ്ടിരിക്കുന്നതിൽ ഞാൻ വളരെയേറെ സംതൃപ്തിയനുഭവിക്കും എന്നൊക്കെയായിരിക്കണം അധ്യാപകന്റെ ചിന്ത. പ്രതിഫലമല്ല ഇവിടെ നോക്കേണ്ടത്. ഒരു വിദ്യാർത്ഥി നിഷ്കളങ്കമായ കണ്ണുകളോടെ, ഒരധ്യാപകന്റെ മുമ്പിൽ ഇരിക്കുമ്പോൾ, വിദ്യ അന്വേഷിക്കുന്ന ആ അർത്ഥിയുടെ ഹൃദയത്തിലേക്കു തനിക്കാവുന്നിടത്തോളം അറിവുകൾ - ചോദ്യം ചോദിക്കാൻ അവനെ വീണ്ടും വീണ്ടും പ്രേരിപ്പിക്കുന്ന അറിവുകൾ - പകർന്നുകൊണ്ടിരിക്കുന്നതിൽ സംതൃപ്തിയനുഭവിക്കുന്ന സ്വഭാവഘടനയാണ് അടിസ്ഥാനപരമായി ഒരധ്യാപകനുണ്ടായിരിക്കേണ്ടത്.

ഞാൻ പ്രൈമറി ക്ലാസ്സിലും ഹൈസ്കൂൾക്ലാസ്സിലും കോളജിലും പോസ്റ്റുഗ്രാജുവേഷൻ തലത്തിലും പഠിപ്പിച്ചിട്ടുള്ള ആളാണ്. കുറച്ചുകാലം ഗവേഷണവിദ്യാർത്ഥികളുടെ ഗൈഡുകൂടിയായിരുന്നു. പ്രൈമറി ക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ ആദ്യശ്രമം പഠിക്കാൻ പ്രയാസമുള്ള കുട്ടികളാരൊക്കെ ഈ ക്ലാസ്സിലുണ്ട് എന്നു മനസ്സിലാക്കുകയായിരുന്നു. അവരെ ലക്ഷ്യമാക്കിയാണു ഞാൻ ക്ലാസ്സുകൾ എടുത്തുകൊണ്ടിരുന്നത്. കാരണം, അവർക്കു മനസ്സിലാകുമെങ്കിൽ മറ്റെല്ലാവർക്കും മനസ്സിലാകും.

അധ്യാപകൻ ഒരിക്കലും കുട്ടികളെ ശിക്ഷിക്കാൻ പാടില്ലെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഞാൻ പഠിപ്പിച്ചിരുന്ന കാലത്ത്, വിദ്യാർത്ഥികളെ ആരെയും ശിക്ഷിച്ചിരുന്നില്ല, അവർ തെറ്റു ചെയ്താൽപോലും. തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ മാപ്പുകൊടുക്കുകയാണ് ഒരു മാതൃകാധ്യാപകൻ ചെയ്യേണ്ടത്. ഞാൻ വിദ്യാർത്ഥിയായിരുന്നപ്പോൾ ഒരപരാധവും ചെയ്യാതെ നിർദ്ദയമായി അധ്യാപകന്റെ തല്ലു കൊണ്ടിട്ടുണ്ട്. പക്ഷേ, അപ്പോൾ കരഞ്ഞുകൊണ്ടുപോവുകയല്ലാതെ, അതേപ്പറ്റി പരാതി പറയാനൊന്നും പോയിട്ടില്ല. അപ്പോൾ ഞാൻ വിചാരിച്ചിരുന്നത്, ഒരധ്യാപകനാകുമ്പോൾ (ചെറുപ്പത്തിൽത്തന്നെ എന്റെ ആഗ്രഹവും ലക്ഷ്യവും അധ്യാപകനാകണമെന്നായിരുന്നു) ഞാൻ ഒരിക്കലും കുട്ടികളെ വേദനിപ്പിക്കുകയില്ല, അവർക്കു ഞാൻ ഒരു മാതൃകാധ്യാപകനായിരിക്കും എന്നാണ്. അങ്ങനെയാണ് ഒരധ്യാപകൻ ആയിത്തീരേണ്ടത്.

കുട്ടികൾക്ക് അവരുടെ സങ്കടങ്ങൾ അധ്യാപകരുടെ അരികിൽവന്നു മനസ്സുതുറന്നു പറയാൻ കഴിയണം. അദ്ദേഹം അതു മനസ്സിലാക്കണം. ആ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ അദ്ദേഹത്തിനു സാധ്യമല്ലായിരിക്കാം, എങ്കിലും അദ്ദേഹം അതിനായി പരിശ്രമിക്കണം. സാന്ത്വനം കൊടുക്കാനാണ് കഴിയേണ്ടത്. ഒരധ്യാപകനിൽ നിന്നു കുട്ടികൾക്ക് ഇത്തരത്തിൽ പ്രതീക്ഷിക്കാനും കഴിയണം. അധ്യാപകരെ പ്രോത്സാഹിപ്പിക്കാനും പ്രചോദിപ്പിക്കാനും നല്ല വിദ്യാർത്ഥികളുമുണ്ടാകണം. നല്ല വിദ്യാർത്ഥിയുണ്ടാകുമ്പോഴാണ് നല്ല അധ്യാപകനും ഉണ്ടാവുന്നത്. അധ്യാപനത്തിൽ കൂടുതൽ സമർപ്പണം ചെയ്യാനും കർമ്മനിരതരാകാനും അധ്യാപകരെ പ്രേരിപ്പിക്കുന്ന ഘടകം വിജ്ഞാനതൃഷ്ണയുള്ള വിദ്യാർത്ഥികളുടെ സാമീപ്യമാണ്.

എന്നെ ഒന്നാംക്ലാസ്സിൽ പഠിപ്പിച്ച ഒരു സുഗതൻസാറിനെ ഞാൻ ആദരവോടെ ഓർക്കാറുണ്ട്. അന്നു ശിക്ഷയുള്ള കാലമാണല്ലോ. എല്ലാ ക്ലാസ്സിലും മേശപ്പുറത്ത് ഒരു ചൂരലുണ്ടാവും. ചെറിയ തെറ്റുകൾക്കുൾപ്പെടെ ശിക്ഷ കൊടുക്കുകയാണു പതിവ്. സുഗതൻ മാഷ് ഒരിക്കലും കുട്ടികളെ തല്ലുകയില്ലായിരുന്നു. ചിരിച്ചുകൊണ്ടാണ് അദ്ദേഹം ക്ലാസ്സിലേക്കു വരുന്നതുതന്നെ. ഹൃദ്യമായ ഒരു അന്തരീക്ഷം അവിടെ ഉണ്ടാവുകയാണ്. ആരോഗ്യകരമായ ഒരു ബന്ധം അവിടെ ഉടലെടുക്കുകയാണ്. അദ്ദേഹം വല്ലപ്പോഴുമൊക്കെ ഞങ്ങൾക്കു മിഠായി തരുമായിരുന്നു. ആ അധ്യാപകൻ ഒരുപാടു നല്ല കാര്യങ്ങൾ ലോകത്തെക്കുറിച്ചു പറഞ്ഞുതന്നിരുന്നു. സമൂഹത്തിലെ നീറുന്ന പ്രശ്നങ്ങളെക്കുറിച്ച്, ദാരിദ്ര്യദുഃഖത്തെക്കുറിച്ച് അങ്ങനെ പല കാര്യങ്ങളും... പാഠപുസ്തകത്തിനപ്പുറത്തേക്കു നീളുന്ന കാഴ്ചയുടെ വലിയൊരു ലോകം അദ്ദേഹം ഞങ്ങൾക്കു തുറന്നുതരുമായിരുന്നു. അദ്ദേഹമാണ് ഒരു മാതൃകാധ്യാപകനായി എന്റെ ഓർമ്മയിലുള്ളത്. അദ്ദേഹത്തെ ഞാൻ ഇപ്പോഴും മനസ്സിൽ പൂജിക്കുന്നു.

□

## എട്ടുനോമ്പ്

# തീക്ഷ്ണമായി ആചരിക്കണം

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**



കാക്കനാട്: കൊവിഡിന്റെ വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സീറോ മലബാർസഭ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി. പരി. കന്യാമറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ചുള്ള എട്ടുനോമ്പാചരണത്തെക്കുറിച്ച് ഓഗസ്റ്റ് 30 ന് പുറത്തിറക്കിയ സർക്കുലറിലാണ് അഭിവന്ദ്യ കർദ്ദിനാൾ ഇക്കാര്യം അറിയിച്ചത്.

സീറോ മലബാർ സിനഡ് തീരുമാനമനുസരിച്ച് സെപ്റ്റംബർ ഒന്നുമുതൽ ഏഴുവരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ്ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ പകർച്ചവ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പുദിവസങ്ങളിൽ മത്സ്യമാംസാദികൾ വർജിക്കേണ്ടതാണ്.

നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേദിവസം സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെല്ലാവരും ഏതെങ്കിലും രീതിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം. സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ചുപ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അതു കൂടുതൽ സ്വീകാര്യമാകുമെന്നും കർദ്ദിനാൾ ഓർമ്മിപ്പിച്ചു.

# കർഷകദശകം പ്രഖ്യാപിച്ച് പാലാ രൂപത

പാലാ : കർഷകവർഷത്തിൽ തുടക്കംകുറിച്ച വിവിധ പ്രവർത്തനങ്ങൾ അഭംഗുരം തുടരുന്നതിനും ക്രിയാത്മകസംരംഭകത്വം വളർത്തിയെടുക്കുന്നതിനുമായി അടുത്ത പത്തു വർഷം പാലാ രൂപത കർഷകദശകമായി ആചരിക്കുമെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിലും മാതൃകാപരമായ മുന്നേറ്റം കാർഷികരംഗത്ത് ഉറപ്പുവരുത്താൻ കർഷകവർഷാചരണത്തിനു കഴിഞ്ഞതായും, പാവപ്പെട്ടവർക്ക് കൂടുതൽ സഹായമാകുന്നവിധം കാർഷികസംരംഭങ്ങൾ ആരംഭിക്കുവാൻ രൂപത നേതൃത്വം നൽകുമെന്നും ബിഷപ് പറഞ്ഞു. മേൽത്തരം വിത്തിനങ്ങളുടെയും ഹൈബ്രീഡ് തൈകളുടെയും ലഭ്യത ഉറപ്പാക്കാൻ വിത്തുബാങ്കും കാർഷികനഴ്സറിയും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും ഇവയ്ക്കൊപ്പം പാലാ മുണ്ടുപാലം സ്റ്റീൽ ഇന്ത്യ കോംപ്ലക്സിൽ മൂല്യവർദ്ധിതോത്പന്ന നിർമ്മാണയൂണിറ്റിനു തുടക്കമാകുമെന്നും അദ്ദേഹം അറിയിച്ചു.

സ്വയംപര്യാപ്തതയും വരുമാനവർദ്ധനയും ലക്ഷ്യംവെച്ചു വ്യത്യസ്തങ്ങളായ കാർഷികപ്രവൃത്തികൾക്ക് കർഷക കൂട്ടായ്മകളും കുടുംബങ്ങളും മുന്നിട്ടിറങ്ങിയിരിക്കുന്നതിലൂടെ കാർഷികവിപ്ലവത്തിനു നേതൃത്വം കൊടുക്കുന്നവരാകാൻ പാലാക്കാർക്കു കഴിഞ്ഞിരിക്കുന്നതായും ബിഷപ് അഭിപ്രായപ്പെട്ടു.

പാലാ ബിഷപ്സ് ഹൗസിൽ ചേർന്ന കർഷകവർഷാചരണാവലോകനയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ജോസഫ് കല്ലറങ്ങാട്ട്. ബിഷപ് മാർ ജേക്കബ് മുരിക്കൻ അദ്ധ്യക്ഷനായിരുന്നു. രൂപത സിഞ്ചെല്ലൂസുമാരായ മോൺ. ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, എ.കെ.സി.സി. ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഇൻഫാം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് തയ്യിൽ, പി.എസ്. ഡബ്ല്യു.എസ്. പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് ഓഫീസർ പി.വി.ജോർജ് പുരയിടം എന്നിവർ സംസാരിച്ചു.



# മാടി വിളിക്കുന്നൂ, മണൽപ്പുറങ്ങൾ



ഡോ. ജെ. കട്ടയ്ക്കൽ

ടൂറിസ്റ്റുകേന്ദ്രങ്ങളുടെ പരസ്യം കണ്ടിട്ടില്ലേ? നീണ്ടുനീണ്ടുപോകുന്ന കടൽത്തീരമണൽപരപ്പുകൾ; മണൽപരപ്പുകളോടു ചേർന്ന്, കടലിലേക്കു ചാഞ്ഞും ചരിഞ്ഞും നിൽക്കുന്ന തെങ്ങുകൾ അല്ലെങ്കിൽ മറ്റു മരങ്ങൾ, മണൽവാരിക്കളിക്കുന്ന കുട്ടികൾ, വിശാലമായ മണൽത്തിട്ടകളിൽ വിവിധതരം വിനോദങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീപുരുഷന്മാർ, രുചികരമായ ഭക്ഷണപാനീയങ്ങളുടെ പ്രദർശനം – ഇവയൊക്കെ സന്ദർശകരുടെ മനംകവരുന്നു. കടലുകളുടെയും കായലുകളുടെയും നദികളുടെയുമൊക്കെ വിശാലമണൽസഞ്ചയം, വിദൂരത്തുനിന്നുപോലും മനുഷ്യസഹസ്രങ്ങളെ ആകർഷിക്കുന്നു.

ഇംഗ്ലണ്ടിൽ, ലണ്ടൻ പട്ടണവാസികൾ, പുരാതനകാലംമുതൽ, തെയിംസ് നദീതീരങ്ങളിൽ മണൽത്തിട്ടകളിൽ, പലതരം വിനോദങ്ങളിൽ ഏർപ്പെട്ടിരുന്നു. ലണ്ടനിൽ, തെയിംസ് നദീതീരത്തുള്ള സാൻഡ്‌വിച്ച് (sandwich, 'സാൻഡ് വിക്ക്' എന്ന് ആദ്യകാല ഉച്ചാരണം) ഗ്രാമത്തിൽ, ലഘുഭക്ഷണം കഴിക്കാനായി സഞ്ചാരികൾ ഒരുമിച്ചുകൂടിയിരുന്നു. അവർക്കു കൊടുക്കാനായി 'സാൻഡ്‌വിച്ച്'–ഗ്രാമീണർ തയ്യാറാക്കിയ ലഘുഭക്ഷണത്തിന്റെ പേര് 'സാൻഡ്‌വിച്ച്' എന്നായി. രണ്ടു റൊട്ടിക്കഷണങ്ങളുടെ ഇടയിൽ കുറച്ച് ഇറച്ചിയോ മീനോ ജാമോ വച്ച് കൂട്ടിയടച്ച് കടലാസിൽ പൊതിഞ്ഞ് നിസാരവിലയ്ക്കു വിൽക്കുന്ന ലഘുഭക്ഷണസാധനമാണ് സാൻഡ് വിച്ച്. സാൻഡ്‌വിച്ച് ഇന്നിപ്പോൾ ആഗോളപ്രസിദ്ധമായി. സ്കൂളിലേക്ക് രാവിലെ ഓടിപ്പോകുന്ന കൊച്ചുകുട്ടികൾക്ക് അമ്മമാർ കൊടുത്തുവിടുന്ന അനായാസലഘുഭക്ഷണമാണ് ഇന്നിപ്പോൾ സാൻഡ്‌വിച്ച്.

ചിന്തകരെയും കവികളെയുമൊക്കെ മണൽപ്പുറങ്ങളാകർഷിച്ചിട്ടുണ്ട്. ഇംഗ്ലീഷ് കവിയായ ടെന്നിസൺ, സമുദ്രതീരത്ത്, മണൽപ്പരപ്പിൽ കിടന്ന്, തിരമാലകളെ വീക്ഷിച്ചകൊണ്ട്, സ്വന്തം പേര്, ടെന്നിസൺ, എന്ന് ആവർത്തിച്ചാവർത്തിച്ച് ഉച്ചരിച്ചിരുന്നു. കുറച്ചുസമയത്തിനുള്ളിൽ അദ്ദേഹം ഒരുതരം ആനന്ദാനുഭൂതി (Ecstasy)യിൽ ലയിക്കുകയും ചെയ്തിരുന്നു. കടൽത്തീരമണൽസഞ്ചയത്തിന്റെ മാസ്മരികശക്തി!

പാശ്ചാത്യകവികളും, ഭാരതീയ കവികളും കടൽ-നദീതീര മണൽത്തിട്ടകളാൽ ആകൃഷ്ടരായിട്ടുണ്ട്. ഹിമവത്പുത്രിയായ പാർവതി, 'മന്ദാകിനീ സൈകത സീകതേഷു' – ഗംഗാതീരമണൽപ്പുറത്ത്, കളിച്ചുല്ലസിച്ചിരുന്നു എന്ന് കാളിദാസമഹാകവി അദ്ദേഹത്തിന്റെ രഘുവംശം മഹാകാവ്യത്തിൽ വിവരിച്ചിരിക്കുന്നു. സംസ്കൃതഭാഷയിൽ മണലിന് 'സികതം' എന്നാണു പറയുക; 'മണൽനിറഞ്ഞ' എന്ന അർത്ഥത്തിൽ സീകതം സൈകതം എന്നെല്ലാം പറയുന്നു. ഗംഗാനദീതീരത്ത് മണൽസമൃദ്ധമായ മണൽപ്പുറത്ത് പാർവതീബാലിക തുള്ളിക്കളിച്ചു' എന്നാണ് 'മന്ദാകിനീ സൈകത സീകതേഷു' എന്ന കാവ്യശകലംകൊണ്ട് കാളിദാസമഹാകവി വിവക്ഷിക്കുന്നത്.

കടൽത്തീരത്ത്, നീണ്ടുപരന്നുകിടക്കുന്ന മണൽസഞ്ചയത്തിന് Beach (ബീച്ച്) എന്നാണ് ഇംഗ്ലീഷിൽ പേര്. നിരന്തരം തിരമാലകളാൽ ഇളകിമറിയുന്ന അഭിവീക്ഷിച്ചുകൊണ്ട് മണൽത്തിട്ടകളിൽക്കൂടി തനിച്ചോ, കൂട്ടുചേർന്നോ കാൽനടയായി സഞ്ചരിക്കുന്നത് സന്തോഷദായകമാണ്.

കടൽത്തീരമണൽസഞ്ചയത്തിലൂടെയുള്ളസഞ്ചാരം, ജീവിതത്തിന്റെ പ്രതിരൂപമായി മഹാത്മാക്കൾ വിശേഷിപ്പിക്കുന്നു. മണലിൽ പതിയുന്ന നമ്മുടെ കാൽപ്പാടുകൾ, പിൻഗാമികളായ ജീവിതയാത്രക്കാർക്കു മാർഗ്ഗദർശകമായിരിക്കട്ടേയെന്നു മഹാന്മാർ ആശംസിക്കുന്നു.

കടൽത്തീരമണൽസഞ്ചാരവുമായി ബന്ധപ്പെട്ട ഒരു ധാർമ്മികകഥ, ഇവിടെ സംഗ്രഹിക്കാം. അതൊരു സ്വപ്നദർശനമാണ്:

ജോണി എന്ന യുവാവ് ഏകനാണ്. അവന്റെ ഏകാന്ത ജീവിതത്തിൽ ഒരു ദിവസം അവന് ഒരു സ്വപ്നദർശനമുണ്ടായി. ജോണി ഒരു ദിവസം കടൽത്തീരത്തുകൂടി നടക്കുമ്പോൾ, ഈശോ പെട്ടെന്നിതാ ജോണിയുടെ കൂടെചേർന്ന്, സന്തോഷമായി സംസാരിച്ചുകൊണ്ടിരിക്കുന്നു. സംഭാഷണത്തിനിടയ്ക്ക് ഈശോ ജോണിയോട്: "ജോണീ, നീ ഒന്നു പിറകോട്ടു തിരിഞ്ഞുനോക്ക്. നമ്മൾ രണ്ടുപേരുടെയും കാൽപ്പാടുകൾ ആ മണലിൽ പതിഞ്ഞിരിക്കുന്നതു നീ കാണുന്നില്ലേ? – വലതുവശത്ത് എന്റെ കാൽപ്പാടുകൾ, ഇടതുവശത്തെ കാൽപ്പാടുകൾ നിന്റേത്. തുടർന്ന് ഈശോ വിശദീകരിച്ചു:

"അങ്ങു ദൂരെ പിറകിൽ നിന്റെ ശൈശവബാല്യകാലങ്ങൾ – അന്നെല്ലാം നിന്നോടൊത്ത് ഞാനുമുണ്ടായിരുന്നു, എന്റെ കാൽപ്പാടുകളും നിന്റേതിനോടൊത്തു നീ കാണുന്നില്ലേ? അതുകഴിഞ്ഞ് എന്റെ വിദ്യാഭ്യാസകാലം – നിന്നോടൊത്ത് എന്നും ഞാനുണ്ടായിരുന്നു. അനന്തരം, നിന്റെ യൗവനകാലം. നിന്റെ വിവാഹം, ഉദ്യോഗം, പിൽക്കാലജീവിതം മുതലായവ – നിന്നോടൊത്ത് എന്നും ഞാനുണ്ടായിരുന്നു."

ജോണി, അവന്റെ ജീവിത കാൽപ്പാടുകളും ആ കാൽപ്പാടുകളോടുചേർന്ന് സർവ്വശക്തനും കാരുണ്യമൂർത്തിയുമായ ഈശോയുടെ കാൽപ്പാടുകളും കണ്ടു സന്തോഷിച്ചു – താൻ ഒരിക്കലും ഏകാകിയായിരുന്നില്ല എന്ന സത്യവും ഗ്രഹിച്ചു.

അനന്തരനിമിഷത്തിൽ ജോണിക്ക് ഒരു സംശയം. "ഈശോയേ, എന്റെ കോളജ് വിദ്യാഭ്യാസം കഴിഞ്ഞയുടൻ, എനിക്കു രൂക്ഷമായ പ്രശ്നങ്ങളും പ്രലോഭനങ്ങളുമുണ്ടായി. ആ കാലഘട്ടത്തിൽ, അങ്ങുന്ന്, എന്നെ ഉപേക്ഷിച്ചതുപോലെ തോന്നുന്നല്ലോ. കാരണം, എന്റെ കാൽപ്പാടുകൾ മാത്രമേ ആ കാലഘട്ടത്തിൽ മണൽപ്പരപ്പിൽ കാണുന്നുള്ളല്ലോ. അതിന്റെയർത്ഥം, അക്കാലത്ത് അങ്ങുന്ന് എന്നെ ഉപേക്ഷിച്ചുപോയി എന്നല്ലേ?"

"ഒരിക്കലുമല്ല," ഈശോ പ്രതിവചിച്ചു: "നിന്റെ വിഷമകാലത്ത്, നിനക്കു നടക്കാൻ കഴിവില്ലാതിരുന്ന കാലത്ത്, ഞാൻ നിന്നെ എന്റെ തോളിലേറ്റി സഞ്ചരിക്കുകയായിരുന്നു. നിന്റെ ക്ലേശകാലത്തെ കാൽപ്പാടുകൾ മണലിൽ പതിഞ്ഞില്ല. ഒരാളിന്റെ മാത്രം കാൽപ്പാടുകൾ, നിന്റെ കാൽപ്പാടുകളല്ല; നിന്നെ തോളിലേറ്റിക്കൊണ്ടു നടന്ന എന്റെ കാൽപ്പാടുകളാണ്. നീയൊരിക്കലും ഏകമൂകൻ ആയിരിക്കുകയില്ല" ഈശോ ഉറപ്പു നൽകി.

(തുടരും)

പ്രണയപാഠാവലി 52



ഡോ. ആന്റണി ജോസ്

പ്രണയാഭ്യർത്ഥന നടത്തുകയും നിർദ്ദയം തിരസ്കരിക്കപ്പെടുകയും ചെയ്താൽ എന്താണു തോന്നുക? ചിലർക്ക് ഈഗോ വ്രണപ്പെടാം. ഞാൻ ബോധത്തിലുൾച്ചേർന്ന നിലയും വിലയും പത്രാസുമൊക്കെ ഒറ്റക്ഷണത്തിൽ തകർന്നടിയുകയാണല്ലോ. നിരാശയും വൈരാഗ്യബുദ്ധിയും പിൻഗാമികളായി കടന്നുവരാം. അഹംബോധത്തിന്റെ തോന്ന്യാസം നടക്കാതെപോയതിന്റെ വ്യക്തമായ ലക്ഷണങ്ങൾ!

ഇത്തരക്കാരിൽ പ്രണയത്തെക്കുറിച്ചുള്ള വ്യാജമായ ഒരു ബോധം ഉണ്ടാകുന്നു. ഒരാളുടെ രൂപഭാവങ്ങൾ, പെരുമാറ്റത്തിലെ വിധേയത്വം എന്നിവ ഇത്തരക്കാരിലെ ഏകാധിപത്യമനോഭാവത്തെ സജീവമാക്കുന്നു. അത് മാംസനിബദ്ധമായ രാഗത്തിലേക്കു നയിക്കപ്പെടാം. അല്ലെങ്കിൽ ഒരുതരം അടിമ – ഉടമ സങ്കല്പത്തിലെത്തിപ്പെടാം. ഇവിടെ തിരസ്കാരം അസഹിഷ്ണുതയുണ്ടാക്കുന്നു. ഇച്ഛാഭംഗം നേരിടുമ്പോൾ കൊമ്പുകുലുക്കുകയും മുക്രയിടുകയും ചെയ്യുക മൃഗസഹജമാണല്ലോ. ഇവരുടെ കുടുംബജീവിതത്തിലേക്കുള്ള വരവ്, നീരന്ധ്രനിർമ്മലമനസ്സാക്ഷിയോടുകൂടിത്തന്നെ ആകണമെന്നില്ല. രണ്ടാം ജീവിതത്തിലെ പങ്കാളി എത്ര സഹിഷ്ണുതയുള്ള വ്യക്തിയുമായിക്കൊള്ളട്ടെ. ആ വ്യക്തിയിൽ, പണ്ട് തിരസ്കരിച്ചയാളെ കാണുകയും പരുഷമായി പെരുമാറുകയും ചെയ്തെന്നിരിക്കാം. അയാളുടെ ഇംഗിതങ്ങളെ എത്രകണ്ട് തൃപ്തിപ്പെടുത്താൻ ശ്രമിച്ചാലും അസംതൃപ്തിയും ഭർത്സനവുമായിരിക്കും പ്രതിഫലം.

# തിരസ്കാരത്തിന്റെ പരിണാമങ്ങൾ



കേവലം യൂസ് ആന്റ് ത്രോ ഉദ്ദേശ്യത്തിൽ, പ്രണയത്തിന്റെ കുപ്പായമണിയുന്നവരുണ്ട്. ലക്ഷ്യം നേടാൻ പതിനെട്ടടവും പയറ്റും. പക്ഷേ, വിവേകമതികൾ വരച്ച ലക്ഷ്മണരേഖയിൽ അവർ തട്ടിവീഴും. ഈ തിരസ്കാരം സ്ഥായിയായ മുറിവുകളൊന്നും അവരിലുണ്ടാക്കുന്നില്ല. കുറച്ചു ചീത്തപറയാം. നുണക്കഥകളിറക്കി പ്രചരിപ്പിക്കാം. വന്യമായ ആസുരതയിലേക്കു പോകാൻ ഇവർ മെനക്കടാറില്ല. എത്രയും പെട്ടെന്ന് അടുത്ത മേച്ചിൽപ്പുറം കണ്ടെത്തണമല്ലോ. ഇവരുടെ കുടുംബജീവിതവും സംഘർഷങ്ങളുടെ, പരാജയത്തിന്റെ നിഴലിലാണ്. സ്വാർത്ഥതയും അവിശ്വസ്തതയുമാണ് അവരെ ഭരിക്കുന്നത്.

അസ്തിത്വത്തിലെ ശൂന്യതാബോധത്തിൽ വീണ്ടുമേൽക്കുന്ന പ്രഹരംപോലെയാണ്, തിരസ്കാരം ചിലർക്കനുഭവപ്പെടുക. നിരാശയ്ക്കും നിത്യനൊമ്പരത്തിനും അതിടയാക്കാം.

അസ്തിത്വബോധത്തിന്റെ ശൂന്യഗർത്തങ്ങൾ അംഗീകാരം, കരുതൽ, വിശ്വസ്തത, സാമീപ്യം – ഇവയുടെയൊക്കെ അഭാവത്തിൽനിന്ന് രൂപപ്പെട്ടതാവാം. കരുണ നിറയേണ്ട ഇടങ്ങൾ ഇനിയുമേറെയാണെന്നർത്ഥം.

ഒരാളുടെ വാക്ക്, സംവദിക്കുന്ന ആശയം, പ്രയോഗശൈലി, നോട്ടം, അംഗചലനം, ഭാവപ്രകടനങ്ങൾ ഇതൊക്കെ പ്രണയത്തിന്റെ സ്വാഗതഗാനമായി വ്യാഖ്യാനിക്കപ്പെടാം! ശൂന്യതാബോധത്തിലെ ഉറവക്കണ്ണുകളായി അനുഭവപ്പെട്ടുകൂടായ്കയുമില്ല. എന്നാൽ രണ്ടാം കക്ഷി ഇതൊന്നും അറിഞ്ഞിട്ടുപോലുമുണ്ടാവില്ല. പ്രേമഭിക്ഷുവിന്റെ കാല്പനികലോകത്താണല്ലോ ഇതെല്ലാം അരങ്ങേറുക. അവിടെ അയാൾക്കിത് ജീവിതസാകല്യമാണ്. ഒരിക്കൽക്കൂടിയോ മറ്റൊരിടത്തുനിന്നോ അയാൾക്കിനിയൊരു പ്രതീക്ഷ വച്ചുപുലർത്താനാവില്ല. ഈ ഘട്ടത്തിൽ തിരസ്കാരം ഏല്പിക്കുക കേവലം ഈഗോതലത്തിലുള്ള ഒരു ആഘാതമല്ല; മറിച്ച്, അയാളുടെ അസ്തിത്വപ്രതിസന്ധി ഒന്നുകൂടി ഗുരുതരമാക്കുംവിധമായിരിക്കും. 'അനുവാദമില്ലാതെ അകത്തുവന്നു, നെഞ്ചിൽ അടച്ചിട്ട മണിവാതിൽ നീ തുറന്നു' പോലുള്ള ചമത്കാരചിന്തകൾ, ഏകപക്ഷീയമാകുമ്പോൾ ഉണ്ടാകുന്ന ഭാരം എത്ര വലുതായിരിക്കും!

അനുവാദമില്ലാതെ ഏറ്റെടുക്കുന്ന സങ്കല്പങ്ങൾ, പ്രണയലോകത്തേക്കുള്ള ഒ.ടി.പി. കളാണ്. അതുകൊണ്ടുതന്നെ തിരസ്കരിക്കപ്പെട്ട വ്യക്തിയിലേക്ക്, തുടർന്നൊരു ജീവിതത്തിൽ വന്നെത്തുന്ന പങ്കാളിക്ക് എത്രകണ്ടു പ്രവേശനം കിട്ടും? അതു ഭയപ്പെടുത്തുന്ന വസ്തുതയാണ്. തിരസ്കരിക്കപ്പെട്ട വ്യക്തിയുടെ ദാമ്പത്യജീവിതം, വിഷാദത്തിന്റെ പിടിയിലമരുന്നു. യദൃച്ഛയാലെന്നപോലെ വഴിതെറ്റിയെത്തിയ പങ്കാളിയാകട്ടെ ജീവിതം മുഴുവൻ കയ്പുനീർ കുടിക്കേണ്ടിയും വരുന്നു.

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ


**നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും.**

സുഭാഷിതങ്ങൾ 3:6

**എഡിറ്റോറിയൽ**

# മാധ്യമധർമം മാനിക്കപ്പെടണം

ജനാധിപത്യത്തിന്റെ കാര്യക്ഷമവും സത്യസന്ധവുമായ പ്രവർത്തനത്തിനു മാധ്യമങ്ങളുടെ പങ്ക് നിർണായകമാണെന്ന് ഈയിടെ ഹൈക്കോടതി നടത്തിയ നിരീക്ഷണം മാധ്യമസ്വാതന്ത്ര്യത്തിനു വില ക്കേർപ്പെടുത്തണമെന്നു വാദിക്കുന്നവർക്കു തിരിച്ചടിയായി.

വാർത്തകൾ റിപ്പോർട്ടു ചെയ്യാൻ മാധ്യമങ്ങളെ അനുവദിച്ചില്ലെങ്കിൽ, ഭരണാധികാരികളുടെ പ്രവർത്തനങ്ങളെ സത്യസന്ധമായി വിചാരണ ചെയ്യാനുള്ള ഭരണീയരുടെ ജനാധിപത്യാവകാശമാണ് ധ്വംസിക്കപ്പെടുന്നതെന്നാണ് കോടതിയുടെ കണ്ടെത്തൽ. മാത്രമല്ല, ഇത്തരം കാര്യങ്ങൾ അറിയാനും സംവദിക്കാനുമുള്ള പ്ലാറ്റ്ഫോം മാധ്യമങ്ങൾ ഒരുക്കുന്നില്ലെങ്കിൽ, ഉടലെടുക്കുന്നത് ഭരണാധികാരികളുടെ അധികാരദുർവിനിയോഗവും അരാജകത്വപ്രവണതകളും അന്യായപ്രവർത്തനങ്ങളുമായിരിക്കുമെന്ന് വിവിധ സുപ്രീംകോടതിവിധികൾ നിലവിലുണ്ടുതാനും. അച്ചടി, ദൃശ്യമാധ്യമങ്ങളെ നിയന്ത്രിക്കാൻ മാർഗരേഖ പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് ചേർത്തല സ്വദേശിയും അഭിഭാഷകനുമായ കെ.എസ്. ഹൽവി നല്കിയ പൊതുതാത്പര്യഹർജി തള്ളിക്കൊണ്ടായിരുന്നു ഹൈക്കോടതിയുടെ പരാമർശം.

മാധ്യമങ്ങളെ റിപ്പോർട്ടു ചെയ്യാൻ അനുവദിച്ചില്ലെങ്കിൽ, ഭരണഘടനാശില്പികൾ വിഭാവനം ചെയ്ത സദ്ഭരണത്തെ അതു ദോഷകരമായി ബാധിക്കുമെന്നുതന്നെയാണ് കോടതിനിരീക്ഷണം. മാധ്യമറിപ്പോർട്ടുകളല്ല, വസ്തുതകളുടെ നിജസ്ഥിതിയാണ് ന്യായാധിപന്മാർ പരിശോധിക്കുന്നത്. മാധ്യമങ്ങൾക്കു പൊതുവായി നിയന്ത്രണം ഏർപ്പെടുത്താനോ മാർഗ്ഗരേഖ കൊണ്ടുവരാനോ സാധ്യമല്ല. മാധ്യമങ്ങളെ അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കാൻ അനുവദിക്കാത്തപക്ഷം, അധാർമ്മികപ്രവൃത്തികളിലേക്കു കൂപ്പുകുത്താൻ ഭരണാധികാരികൾക്കു പ്രലോഭനമുണ്ടാകും.

പരാതിപരിഹാരത്തിനു നടപടിയെടുക്കാൻ ഇന്ത്യൻശിക്ഷാനിയമം, കോടതിയലക്ഷ്യനിയമം എന്നിവ പ്രകാരം വകുപ്പുകളുണ്ട്. പ്രസ് കൗൺസിൽ നിയമപ്രകാരമുള്ള പരാതിപരിഹാരമാർഗ്ഗങ്ങളെക്കുറിച്ചു തൃപ്തികരമായ അഭിപ്രായമാണ് നിലവിൽ സുപ്രീംകോടതിക്കുള്ളത്. സ്വകാര്യതയുടെ പേരിൽ മാധ്യമങ്ങളെ നിയന്ത്രിക്കേണ്ടതുണ്ടെങ്കിൽ രഹസ്യവിചാരണയ്ക്കും അവസരമുണ്ട്. മാധ്യമങ്ങളെ നിയന്ത്രിക്കാൻ രാജ്യത്തു നിലവിൽ സംവിധാനങ്ങളുണ്ടെന്നും അതു കാര്യക്ഷമമായി പ്രയോജനപ്പെടുത്തണമെന്നും തിരിച്ചറിയാതെ പോകുന്നിടത്താണ് തിരുത്തലുകളുണ്ടാവേണ്ടത്.

അതേസമയം, എം.ആർ. ശരവണൻ കേസിൽ മദ്രാസ് ഹൈക്കോടതി നിരീക്ഷിച്ചതുപോലെ, സ്വയംനിയന്ത്രണത്തിലൂടെ മാധ്യമങ്ങൾ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സംവിധാനമുണ്ടാകണമെന്ന് ഡിവിഷൻ ബഞ്ച് അഭിപ്രായപ്പെട്ടതും മാധ്യമപ്രവർത്തകരും വക്താക്കളും ഇരുത്തിച്ചിന്തിക്കേണ്ടതാണ്. ജനാധിപത്യത്തിന്റെ നാലാം തൂണെന്നു വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾ, വാർത്തകൾ വളച്ചൊടിക്കാതെയും പക്ഷംചേരാതെയും സത്യസന്ധമായി റിപ്പോർട്ടു ചെയ്യണമെന്നതു പൗരാഭിപ്രായമാണ്. വ്യക്തിഹത്യ നടത്തുന്നതും സെൻസേഷണലിസത്തിനു മുതിരുന്നതുമൊക്കെ മാധ്യമമാന്യതയ്ക്കും ധാർമ്മികതയ്ക്കും നിരക്കുന്നതല്ലെന്നു മാധ്യമയജമാനന്മാരും അവരുടെ ദാസന്മാരും മനസ്സിലാക്കേണ്ടതാണ്.

അക്രമത്തിന്റെയും അഴിമതിയുടെയും കോട്ടകൊത്തളങ്ങളിൽനിന്നു രക്ഷപ്പെടാനുള്ള പഴുതുകളന്വേഷിച്ചു പരിഭ്രമിച്ചലയുന്ന ജനസാമാന്യത്തിന്, സത്യത്തിന്റെയും നീതിയുടെയും സംരക്ഷണമൊരുക്കാൻ മാധ്യമങ്ങൾക്കു കഴിയണം. മാധ്യമ'ജീർണലിസ'ത്തിനു ജയഘോഷമൊരുക്കുന്ന മാധ്യമസിൻഡിക്കേറ്റുകളെ നിയന്ത്രിക്കാനായില്ലെങ്കിൽ, മാധ്യമരംഗം മലിനതകളുടെ കൂമ്പാരവും പാരതന്ത്ര്യത്തിന്റെ തടവറയുമാകുമെന്നുറപ്പ്.

□

# കർഷകൻ റബർചുവട്ടിൽനിന്നു മാറണം

1–ാം പേജ് തുടർച്ച

ഷീറ്റ് വിറ്റിട്ടു വേണം, അരിയും അത്യാവശ്യസാധനങ്ങളും വാങ്ങാൻ. മറുവശത്ത് വൻകിട ടയർകമ്പനികളുടെ സംഘടന. അവർ പറയുന്ന വിലയ്ക്ക് റബർ വിൽക്കാനേ ചെറുകിടകർഷകനു കഴിയൂ.

ചെറുകിടകർഷകരെ വൻകിട ടയർ കമ്പനികളുടെ ചൂഷണത്തിൽനിന്നു രക്ഷിക്കാനായി റബർ ബോർഡ് 1950 കളിൽത്തന്നെ റബർമേഖലയിൽ റബർ മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ സ്ഥാപിച്ചിരുന്നു. പക്ഷേ, 1985–86 ൽ, ഒരു അവലോകനം നടത്തിയപ്പോൾ മനസ്സിലായി, ഇവിടെ ഉത്പാദിപ്പിക്കുന്ന റബറിന്റെ അഞ്ചു ശതമാനംപോലും ഈ സഹകരണ റബർ മാർക്കറ്റിംഗ് സൊസൈറ്റികൾക്കു സംഭരിക്കാനും വിപണനം ചെയ്യാനും കഴിയുന്നില്ലെന്ന്. അതായത്, റബർ വിപണിയുടെ നിയന്ത്രണം ടയർ കമ്പനികളുടെ കൈവശംതന്നെയായിരുന്നു, എന്നർത്ഥം. സഹകരണസംഘങ്ങളെല്ലാം കോട്ടയം, കറുകച്ചാൽ, കാഞ്ഞിരപ്പള്ളി, പാലാ, തൊടുപുഴ, മൂവാറ്റുപുഴ തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു. കർഷകർ ജീവിക്കുകയും റബർ കൃഷി ചെയ്യുകയും റബർ ഉത്പാദിപ്പിക്കുകയും ചെയ്തത് മേൽപ്പറഞ്ഞ താലൂക്ക് കേന്ദ്രങ്ങളിൽ അല്ല. ഗ്രാമങ്ങളിലായിരുന്നു. അവിടെനിന്നു റബർ ഷീറ്റ് ചുമന്ന് നഗരത്തിലെത്തിച്ച് ഈ സംഘങ്ങൾക്കു വിൽക്കുക പ്രായോഗികമല്ല. അവരുടെ ഗ്രാമത്തിലുള്ള റബർവ്യാപാരിക്ക് ഉൽപന്നം വിറ്റ് കാശു വാങ്ങുകയായിരുന്നു, അവർക്കു സൗകര്യപ്രദം. റബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിനു ഗ്രാമതലത്തിൽ ശാഖയോ ഷീറ്റ് സംഭരണകേന്ദ്രമോ സ്ഥാപിക്കുന്നത് ചെലവേറിയ കാര്യമാണ്. വാടക, അവിടെ പ്രവർത്തിക്കുന്ന ജീവനക്കാർക്കെല്ലാം സർക്കാർ നിരക്കിൽ ശമ്പളവും കൊടുക്കണമല്ലോ. ചുരുക്കത്തിൽ ഈ റബർ സഹകരണസംഘങ്ങൾക്ക് ഓരോ ഗ്രാമത്തിലുമുള്ള സ്വകാര്യവ്യാപാരികളോട് മത്സരിക്കാൻ കഴിയാതെ പോയി. ടയർ കമ്പനിക്കുവേണ്ടി തദ്ദേശീയവ്യാപാരികൾ അവർ പറഞ്ഞ വിലയ്ക്ക് റബർ വാങ്ങി. ഈ സാഹചര്യത്തിൽ സഹകരണ റബർ മാർക്കറ്റിംഗ് സംഘങ്ങൾക്ക് ഗ്രാമതലത്തിൽ പുതിയ വേരുകൾ (ശാഖകൾ) അവർക്കു പണച്ചെലവില്ലാതെ ലഭ്യമാക്കാനായി ഗ്രാമതലത്തിൽ ഉത്പാദകസംഘങ്ങൾ, സംഘടിപ്പിക്കുകയായിരുന്നു. ഒരു ഗ്രാമത്തിലെ റബർ കർഷകരെല്ലാവരും അതിൽ അംഗങ്ങൾ. അവരുടെ ഉത്പന്നം മുഴുവൻ ഗ്രാമത്തിലെ ഉത്പാദകസംഘത്തിനു നൽകുക. കർഷകരുടെ റബർഷീറ്റ് തൂക്കി വാങ്ങാനും റബർപ്പാൽ നൽകുന്നവരുടെ പാലിലെ ഉണക്കറബറിന്റെ അംശം കണ്ടുപിടിക്കാനുമുള്ള ഉപകരണങ്ങളും, പ്ലാറ്റ്ഫോം ബാലൻസ് ഉൾപ്പെടെ ഓരോ റബറുത്പാദകസംഘത്തിനും സൗജന്യമായി റബർ ബോർഡുതന്നെ ലഭ്യമാക്കി. അംഗങ്ങളായ കർഷകർക്കാവശ്യമായ വളം, രോഗനിവാരണത്തിനുള്ള മരുന്നുകൾ, പ്ലാസ്റ്റിക് ചിരട്ട, അതിന്റെ ഹോൾഡർ, ഫോർമിക് ആസിഡ് തുടങ്ങിവയെല്ലാം വാങ്ങി നൽകാനും റബർ ബോർഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യാനുസരണം ഓരോ ഉത്പന്നവും വാങ്ങാനായി കണക്കെടുത്തു. എല്ലാ സംഘങ്ങളുടെയും ആവശ്യം ഒന്നിച്ചുകൂട്ടി ടെണ്ടർ വിളിച്ചപ്പോൾ കമ്പനികൾ വളരെക്കുറഞ്ഞ നിരക്കിൽ സാധനങ്ങൾ നൽകാൻ മുൻപോട്ടുവന്നു. എൻ.പി.കെ. രാസവളങ്ങൾ 30 ശതമാനംവരെ വിലകുറച്ച് നമുക്കു ലഭിച്ചു. റബർ ബോർഡ് പണം മുടക്കിയില്ല, ഒരു ഉത്പന്നവും വാങ്ങിയില്ല, സംഭരിച്ചുമില്ല. വളക്കമ്പനിക്കാർ ഉത്പാദകസംഘങ്ങളുടെ ആവശ്യാനുസരണം, ഉത്പന്നം കേരളത്തിലെ പ്രധാനകേന്ദ്രങ്ങളിലെത്തിച്ചു. ഓരോ സംഘത്തിനും നൽകേണ്ട ഉത്പന്നത്തിന്റെ അളവ് റബർ ബോർഡ് വളക്കമ്പനിയെ അറിയിച്ചു. നമുക്ക് ടെണ്ടർമൂലം ലഭിച്ച കുറഞ്ഞ വിലയ്ക്ക് സംഘങ്ങൾ, വളം ഗ്രാമത്തിലെത്തിച്ച് കർഷകർക്കു വിതരണം ചെയ്തു. കർഷകർക്കാവശ്യമുള്ള മറ്റ് ഉത്പാദനോപാധികളും റബർ ബോർഡ്, എല്ലാവരുടെയും ഡിമാൻഡ് കണക്കിട്ട്, ടെണ്ടർ വിളിച്ചപ്പോൾ വളരെക്കുറഞ്ഞ വിലയ്ക്ക് കർഷകർക്കു ലഭ്യമാക്കാൻ കഴിഞ്ഞു.

അന്നു നാം കരുതിയത്, നമ്മുടെ ഗ്രാമതല റബർ ഉത്പാദകസംഘങ്ങളെ (ആർ.പി.എസ്.), താലൂക്ക് തലത്തിൽ പ്രവർത്തിച്ചിരുന്ന റബർ മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ, തങ്ങളുടെ അംഗങ്ങളായി സ്വീകരിക്കുമെന്നും, അങ്ങനെ ഗ്രാമതലത്തിൽ ഈ ആർ.പി.എസുകൾ, അവരുടെ ശാഖകൾപോലെ പ്രവർത്തിച്ച് ഇരുകൂട്ടർക്കും പ്രയോജനപ്രദമായിത്തീരുമെന്നുമായിരുന്നു. പക്ഷേ, ഈ സഹകരണ റബർ മാർക്കറ്റിംഗ് സംഘങ്ങളുടെ നേതൃത്വം വഹിച്ചിരുന്ന രാഷ്ട്രീയ നേതാക്കൾ ആർ.പി.എസ്സുകളെ അവരുടെ ശാഖകൾ പോലെ ഉപയോഗിക്കാൻ തയ്യാറായില്ല. അപ്പോഴാണ്, ഓരോ പ്രദേശത്തും, റബറുത്പാദകസംഘങ്ങളുടെ ഏപ്പക്സ് സംഘംപോലെ പ്രവർത്തിക്കാൻ കഴിയുന്ന കമ്പനികൾ സ്ഥാപിക്കാൻ റബർ ബോർഡ് തയ്യാറായത്. ഇങ്ങനെ നിലവിൽ വന്ന ഒരു കമ്പനിയായ അടൂർ റബ്ബേഴ്സ് വിജയകരമായ പ്രവർത്തനം കാഴ്ചവച്ച് രജതജൂബിലി ആഘോഷിക്കുകയാണ്. കമ്പനിക്കും, അതിന്റെ അംഗങ്ങളായ ആർ.പി.എസുകൾക്കും കർഷകർക്കും ജീവനക്കാർക്കും വിജയാശംസകൾ!

ഇന്ന് അനിയന്ത്രിതമായി ഇറക്കുമതിറബർ എത്തുന്നു. നമ്മുടെ റബറിന്റെ വിലയിടിയുന്നു. കേന്ദ്രസർക്കാർ നമ്മുടെ നേരേ ദയാദൃഷ്ടി തിരിക്കുന്നില്ല. ഈ സാഹചര്യത്തിൽ അടുത്ത അഞ്ചു വർഷക്കാലത്തേക്ക് റബർ റീപ്ലാന്റിംഗ് നടത്തരുത്; പകരം എണ്ണപ്പനയും കൊക്കോയും പറങ്കിമാവും തെങ്ങും, ഫലവൃക്ഷങ്ങളും കൃഷി ചെയ്യൂ എന്ന്, എന്നെപ്പോലുള്ളവർക്കു പറയേണ്ടിവന്നിരിക്കുന്നു. കേരളത്തിന്റെ സാമ്പത്തികമേഖലയുടെ നട്ടെല്ലായ റബറിന്റെ പ്രാധാന്യം മനസ്സിലാക്കി നയം തിരുത്താൻ കേന്ദ്രം തയ്യാറാകുമോ?

□

# എഴുപത്തഞ്ചു തികഞ്ഞ ഇടയലേഖനം

## 1945 ൽ മാർ ജയിംസ് കാളാശ്ശേരി പ്രസിദ്ധീകരിച്ച ഇടയലേഖനത്തെക്കുറിച്ച്






ഡോ. കുര്യാസ് കുമ്പളക്കുഴി

**കേ**രളചരിത്രത്തിൽ ഇടംനേടിയ ഒരു ഇടയലേഖനമുണ്ട്. 1945 ഓഗസ്റ്റ് 15 ന് ചങ്ങനാശേരി രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് കാളാശ്ശേരി പ്രസിദ്ധീകരിച്ച ഇടയലേഖനം. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമിഅയ്യരുടെ, പ്രൈവറ്റ് പ്രൈമറി സ്കൂൾ ദേശസാത്കരണനീക്കത്തിനെതിരേ ഉയർന്ന പ്രതിഷേധസ്വരമായിരുന്നു അത്.

ന്യൂനപക്ഷങ്ങളുടെ, പ്രത്യേകിച്ച് ക്രൈസ്തവരുടെ വിദ്യാഭ്യാസാവകാശങ്ങൾക്കുമേൽ കൈവയ്ക്കാനുള്ള ഒരു ഏകാധിപതിയുടെ ഗൂഢനീക്കങ്ങൾ ആ ഇടയലേഖനം ഉയർത്തിയ പ്രതിഷേധക്കൊടുങ്കാറ്റിൽ തകർന്നുപോയി. സുപ്രധാനമായ ആ ചരിത്രരേഖയ്ക്ക് 75 തികഞ്ഞിരിക്കുന്നു.

തിരുവിതാംകൂർ അന്നൊരു സ്വതന്ത്ര്രരാജ്യം. രാജഭരണമാണ്. രാജാവിന്റെ പ്രതിനിധിയായി സർവാധികാരങ്ങളോടുംകൂടി ഭരണം നടത്തുന്നത് ദിവാൻ. അത്തരമൊരു സാഹചര്യത്തിൽ, ദിവാന്റെ തീരുമാനത്തിനെതിരേ ഒരു മതമേലദ്ധ്യക്ഷൻ ശബ്ദമുയർത്തുക എന്നത് ചിന്തിക്കാൻ പോലും ആവാത്ത സാഹസികതയായിരുന്നു. പക്ഷേ, അതുണ്ടായി. അതൊരു ജനതയുടെ അവകാശപ്രഖ്യാപനമായി മാറുകയും ചെയ്തു.

ഈ സംഭവത്തിന്റെ ചരിത്രപശ്ചാത്തലംകൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. അന്നത്തെ തിരുവിതാംകൂറിന്റെ തെക്കേ അതിർത്തി കന്യാകുമാരിയും വടക്കേ അതിർത്തി അങ്കമാലിയുമായിരുന്നു. ആലുവാപ്പുഴ വടക്കേ അതിർത്തിയായ ചങ്ങനാശേരിരൂപതയിൽ അന്നു തിരുവിതാംകൂറിന്റെ ഒട്ടുമുക്കാലും ഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു.

1927 ഒക്ടോബറിലാണ് മാർ ജെയിംസ് കാളാശ്ശേരി ചങ്ങനാശേരി രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റത്. അന്നു തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസരംഗം ഉണർന്നുവരുന്നതേയുള്ളൂ. ഏതാണ്ടെല്ലായിടങ്ങളിലും പ്രൈമറി സ്കൂളുകൾ നിലവിലുണ്ട്. ഹൈസ്കൂളുകൾ വളരെ പരിമിതം; കോളജുകൾ നാമമാത്രവും. 200 ലധികം പ്രൈമറി സ്കൂളുകളുള്ള ചങ്ങനാശേരി രൂപതയാണ് അന്നത്തെ ഏറ്റവും വലിയ സ്വകാര്യവിദ്യാഭ്യാസ ഏജൻസി.

സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ രാജാവിന്റെ ഭരണകാര്യ ഉപദേഷ്ടാവായി നിയമിക്കപ്പെടുന്നത് 1931 ലാണ്. 1936 ൽ അദ്ദേഹം ദിവാനായി. അതോടെ അയാളിലെ ഏകാധിപതി ഉണർന്നു. തുടർന്നുണ്ടായത് സർവതും ചവിട്ടടിയിലാക്കിക്കൊണ്ടുള്ള ദിവാന്റെ ദുർഭരണം.

ഹിന്ദുവികാരം കലശലായിരുന്ന് സർ സിപി ക്ക് തിരുവിതാംകൂർ ഒരു ഹിന്ദുരാജ്യമായി നിലനില്ക്കണമെന്നായിരുന്നു ആഗ്രഹം. അതുകൊണ്ടുതന്നെ ക്രൈസ്തവരോടും മുസ്ലീംകളോടും അദ്ദേഹത്തിനു താത്പര്യമില്ലായിരുന്നു. ഈ രണ്ടു മതങ്ങളും തിരുവിതാംകൂറിൽ വളർന്നുവരുന്നതു സഹിഷ്ണുതയോടെ നോക്കിക്കാണാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല.

ഹിന്ദുമതത്തിലെ ജാതികൃതമായ വിവേചനങ്ങൾമൂലം ഒട്ടധികം അവർണർ ക്രിസ്തുമതത്തിലേക്കും ഇസ്ലാമിലേക്കും അക്കാലത്തു പരിവർത്തനം ചെയ്തുകൊണ്ടിരുന്നു. അതിനു തടയിടാൻ സിപിയുടെ ബുദ്ധിശാലയിൽ പണിതീർന്ന ആയുധമാണ് 1936 ലെ ക്ഷേത്രപ്രവേശനവിളംബരം. അതു നന്നേ ഫലിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് തിരുവിതാംകൂറിൽ എമ്പാടുമുണ്ടായിരുന്ന ക്രൈസ്തവവിദ്യാലയങ്ങൾക്കുമേൽ സിപി യുടെ കണ്ണു പതിഞ്ഞത്. ഇങ്ങനെ പോയാൽ പിടിച്ചാൽകിട്ടാത്ത വിധം വളർന്നുപോയേക്കും. അതുകൊണ്ടവയെല്ലാം സർക്കാർനിയന്ത്രണത്തിലാക്കണം.

ഈ ദുഷ്ടലാക്കോടെയാണദ്ദേഹം 1943 ൽ ഒരു വിദ്യാഭ്യാസക്കമ്മീഷനെ നിയമിച്ചത്. തിരുവിതാംകൂർ സർവകലാശാലയുടെ പ്രോ-വൈസ്ചാൻസലർ പാപ്പ് വർത്തായായിരുന്നു കമ്മീഷൻ ചെയർമാൻ. 43 അംഗങ്ങളുമുണ്ടായിരുന്നു കമ്മീഷനിൽ.

കമ്മീഷൻ റിപ്പോർട്ട് സിപിയുടെ കണക്കുകൂട്ടലുകൾ തെറ്റിക്കുന്നതായിരുന്നു. പ്രൈവറ്റ് സ്കൂളുകളുടെ പ്രവർത്തനം പ്രശംസനീയമാണെന്നും ഗവൺമെന്റ് ഉദാരമായി ഗ്രാന്റു നല്കി അത്തരം സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കണം എന്നുമായിരുന്നു ശിപാർശ. അച്ഛൻ ഇച്ഛിച്ചതല്ല വൈദ്യൻ കല്പിച്ചത്!

1945 ഓഗസ്റ്റിൽ ചേർന്ന പ്രജാസഭാസമ്മേളനത്തിൽ റിപ്പോർട്ടു ചർച്ചയ്ക്കു വച്ചു. സൂത്രശാലിയായ സിപി; കമ്മീഷൻ ശിപാർശകൾക്കു വിരുദ്ധമായി, രാജ്യത്തെ പ്രൈമറി വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുത്തു നടത്തണമെന്ന ഒരു പ്രമേയം തന്റെ ഒരു പാർശ്വവർത്തിയെക്കൊണ്ടു സഭയിൽ അവതരിപ്പിച്ചു. ഓഗസ്റ്റ് എട്ടിന് അവതരിപ്പിച്ച പ്രമേയം തൊട്ടടുത്ത ദിവസം തന്നെ തിരക്കിട്ടു പാസ്സാക്കി.

ഓഗസ്റ്റു പത്തിനുതന്നെ ഉപരിസഭയായ ശ്രീചിത്തിരാ കൗൺസിലിലും പ്രമേയം അവതരിപ്പിച്ചു പാസാക്കി. ഇതാണ് 1945 ലെ ട്രാവൻകൂർ പ്രൈമറി എഡ്യൂക്കേഷൻ ആക്ട്. (ഇതിന് മഹാരാജാവിന്റെ അംഗീകാരം ഒക്ടോബർ 18നു ലഭിച്ചു)

ഇത്രയുമായപ്പോൾ മാർ കാളാശ്ശേരി അപകടം മണത്തു. വിരലിലെണ്ണാൻ മാത്രം സ്കൂളുകൾ ഉണ്ടായിരുന്ന മറ്റു സ്വകാര്യ ഏജൻസികൾ മൗനം പാലിച്ചു. പക്ഷേ, അദ്ദേഹത്തിനതു കഴിയുമായിരുന്നില്ല. ഓഗസ്റ്റ് 15 ലെ ഇടയലേഖനത്തിലൂടെ അദ്ദേഹം സിപി ക്കെതിരേ ആഞ്ഞടിച്ചു.

ഇടയലേഖനത്തിന്റെ തുടക്കം തന്നെ കടുത്ത ഭാഷയിലായിരുന്നു: ''അവൻ അവരോട് അരുൾചെയ്തു: ഇപ്പോൾമുതൽ മടിശ്ശീലയുള്ളവർ അതെടുക്കട്ടെ.



മാർ ജെയിംസ് കാളാശ്ശേരി

വാളില്ലാത്തവൻ തന്റെ കുപ്പായം വിറ്റു തനിക്കായി വാൾ വാങ്ങട്ടെ. അവരോ അവനോട്, ഞങ്ങളുടെ കർത്താവേ, ഇതാ ഇവിടെ രണ്ടു വാളുണ്ട് എന്നു പറയുന്നു. അവൻ അവരോട് 'മതി, മതി' എന്ന് അരുൾചെയ്യുന്നു."

ലൂക്കായുടെ സുവിശേഷത്തിൽനിന്നുള്ള ഈ ഉദ്ധരണിക്കുപിന്നാലെ അദ്ദേഹം എഴുതി: "ക്രിസ്തുവിന്റെ ഒരു വിനീത അപ്പസ്തോലനായ നാം നമ്മുടെ കൈവശം സൂക്ഷിച്ചിരുന്ന രണ്ടു വാളുകളിൽ ഒന്നിനെ, നിരീശ്വരപ്രസ്ഥാനത്തിനെതിരായി നമ്മുടെ മുൻലേഖനത്തിൽ ഊരിവീശിക്കഴിഞ്ഞു. ഇനി നമുക്കു ശേഷിച്ചിരിക്കുന്ന രണ്ടാമത്തെ ആധ്യാത്മികഖഡ്ഗത്തെ, ആധ്യാത്മിക അണുബോംബിനെ, പ്രയോഗിക്കേണ്ടതായ ആവശ്യം ഇതാ കൈവന്നിരിക്കുന്നു. എങ്കിലും നാം ഉടനെ ആ വാളൂരുന്നില്ല ആ ആധ്യാത്മിക അണുബോംബു തൽക്ഷണം പൊട്ടിക്കുന്നുമില്ല."

വാളു വാങ്ങിക്കുക, വാളു വീശിക്കഴിഞ്ഞു, അണുബോംബ്, തൽക്ഷണം പൊട്ടിക്കുന്നില്ല തുടങ്ങിയവയെല്ലാം ഇംഗ്ലീഷിൽ പരിഭാഷ ചെയ്തു കിട്ടിയപ്പോൾ സിപി ഒന്നു നടുങ്ങിയിട്ടുണ്ടാവും. ബിഷപ് സായുധ കലാപത്തിന് ആഹ്വാനം ചെയ്യുകയാണെന്നാവും അയാൾ ധരിച്ചുപോയത്. ആധ്യാത്മിക ഖഡ്ഗം, ആധ്യാത്മിക അണുബോംബ് എന്നിവയുടെ വാച്യാർത്ഥംപോലും വായിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുമുണ്ടാവില്ല.

മാത്രമല്ല, ഇടയലേഖനത്തിലെ ഭാഷാശൈലിതന്നെ ഏതാണ്ട് ക്ഷോഭം നിറഞ്ഞതായിരുന്നു. അമർഷരോഷങ്ങൾ വരികൾക്കിടയിൽ പതഞ്ഞുനിന്നു. പ്രമേയം പാസ്സാക്കിയ ജനപ്രതിനിധികൾ ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം, ഗുരുഹത്യ എന്നീ നാലു പാതകങ്ങൾക്കുത്തരവാദിയായിരിക്കും എന്നു മാർ കാളാശ്ശേരി മുന്നറിയിപ്പു നല്കുകയും ചെയ്തിരുന്നു.

വളരെ തന്ത്രപൂർവ്വമാണ് ഇടയലേഖനം തയ്യാറാക്കിയിരുന്നത്. ജനപ്രതിനിധികളെയല്ലാതെ ദിവാനെയോ രാജാവിനെയോ ഗവൺമെന്റിനെയോപോലും വിമർശിക്കുന്നില്ല. പക്ഷേ, വായിച്ചുകഴിഞ്ഞപ്പോൾ അതെല്ലാം തനിക്കെതിരാണെന്ന് സിപി ക്കു തോന്നിയിരിക്കാനാണു സാധ്യത. എന്നാൽ, അതിലെ ക്രൈസ്തവാന്തരീക്ഷം അദ്ദേഹത്തിനു പൂർണമായി മനസ്സിലാകുന്നതായിരുന്നില്ല. അടുത്ത രണ്ടു ഞായറാഴ്ചകളിൽ ദൈവാലയങ്ങളിൽ കുർബാനമധ്യേ ഇടയലേഖനം വായിക്കണം എന്ന കല്പന കൂടി ശ്രദ്ധയിൽപ്പെട്ടപ്പോൾ ദിവാൻ തെല്ലൊന്നു പരിഭ്രമിച്ചിട്ടുണ്ടാകും. കാരണം, ഒരു ജനകീയപ്രക്ഷോഭത്തിനുള്ള ആഹ്വാനം അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്നതായിട്ടേ അദ്ദേഹത്തിനു തോന്നുമായിരുന്നുള്ളൂ.

സിപി അടങ്ങിയിരുന്നില്ല. സെപ്റ്റംബർ ആറിനുതന്നെ മാർ കാളാശ്ശേരിക്കു സർക്കാർ നോട്ടീസയച്ചു. പ്രത്യക്ഷമായും പരോക്ഷമായും സർക്കാരിനെ ആക്രമിക്കുന്നുവെന്നും ഭരണകൂടത്തെ ഹിറ്റ്ലറിസം, നാസിസം, ഫാസിസം എന്നിവയോടു താരതമ്യം ചെയ്ത് അപകീർത്തിപ്പെടുത്തുന്നു എന്നുമായിരുന്നു കുറ്റാരോപണം.

അതുകൊണ്ട് പതിനഞ്ചു ദിവസത്തിനുള്ളിൽ ഇടയലേഖനം പിൻവലിച്ചു പരസ്യമായി മാപ്പു പറഞ്ഞുകൊള്ളണം എന്ന് അന്ത്യശാസനം!

മാർ കാളാശ്ശേരി കുലുങ്ങിയില്ല. അദ്ദേഹം വളരെ സംയമനത്തോടെ നോട്ടീസിനു മറുപടി നല്കി, സെപ്റ്റംബർ 17 ന്. അതിൽ അദ്ദേഹം തന്റെ നിലപാടുകൾ വിശദീകരിക്കുകയും ജനപ്രതിനിധികളുടെ നിയമനിർമ്മാണസഭാപ്രവർത്തനങ്ങളെ വിലയിരുത്താനും വിമർശിക്കാനും ഏതൊരു പൗരനും അവകാശമുണ്ട്, അതാണു താനും ചെയ്തിരിക്കുന്നത് എന്നു ന്യായീകരിക്കുകയും ചെയ്തു.

ഒടുവിൽ ഇങ്ങനെ ചേർത്തു: "അതുകൊണ്ട്, ഇടയലേഖനം പിൻവലിക്കുകയോ അതു പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ഖേദം പ്രകടിപ്പിക്കുകയോ ചെയ്യാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല."

മാർ കാളാശ്ശേരിയെ അറസ്റ്റു ചെയ്യുമെന്നും മറ്റുമുള്ള കിംവദന്തി തിരുവിതാംകൂറിൽ പരക്കുകയും ക്രൈസ്തവജനത ഒന്നാകെ അസ്വസ്ഥരാകുകയും ചെയ്തു. രൂപതാദ്ധ്യക്ഷന്റെയും പൗരാവകാശങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി രക്തം ചിന്താനും അവർ മടിച്ചേക്കില്ല എന്നു ദിവാനും തിരിച്ചറിഞ്ഞു. അദ്ദേഹം ഡൽഹിയിലെ ഇന്റർനുൺഷിയോവഴി ചില മദ്ധ്യസ്ഥശ്രമങ്ങൾ നടത്തി പ്രശ്നം ഇലയ്ക്കും മുള്ളിനും കേടില്ലാതെ പരിഹരിക്കാൻ മാർഗ്ഗം ആരാഞ്ഞു.

അഹിതമായതൊന്നും പിന്നെ സംഭവിച്ചില്ല. മല പോലെ വന്നത് എലിപോലെ പോയി. സർ സിപിയുടെ ദേശസാത്കരണനീക്കം അമ്പേ പാളി. രണ്ടു വർഷംകൂടി അധികാരത്തിൽ ഇരുന്നെങ്കിലും ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മാർ കാളാശ്ശേരിയാകട്ടെ അമിതാഹ്ലാദപ്രകടനമൊന്നും നടത്തിയുമില്ല. എങ്കിലും ഒടുവിൽ ആ അധികാരപ്രമത്തനു വെട്ടേറ്റു. രക്തം ഒഴുക്കിക്കൊണ്ട് നാടുവിടേണ്ട ദുർവിധിയും ഉണ്ടായി.


കേരളചരിത്രത്തിൽ ആദ്യം ഏറ്റെടുക്കേണ്ടിവന്ന അവകാശപ്രക്ഷോഭമായിരുന്നു ഈ സംഭവം.

□

# മത്സരപ്പരീക്ഷകൾക്കായി ഒരു മാർഗ്ഗദർശി



അപർണ എം.




**കാ**ലം മാറുമ്പോൾ ശീലങ്ങളും മാറും എന്നതുപോലെ ശാസ്ത്രം പുരോഗമിക്കുന്തോറും ട്രെൻഡുകൾ അതിവേഗം പഴയതാകുന്നു. കേരളത്തിൽ മാത്രമല്ല, രാജ്യത്തു തന്നെ പലതരം കോച്ചിംഗ് സെന്ററുകൾ മുളച്ചുപൊങ്ങാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. എന്നാൽ, ഇപ്പോൾ ഇത്തരം സെന്ററുകളിലേക്കുള്ള യാത്രയുടെ സമയം പോലും ലാഭിച്ചു പഠിക്കാൻ സാധിക്കുന്ന ടെക്നോളജികൾക്കു പിറകേയാണ് വിദ്യാർത്ഥികൾ. കോച്ചിംഗ് സെന്ററുകളും മാറിത്തുടങ്ങിയിരിക്കുന്നു. കാരണങ്ങൾ പലതാണ്. ഇന്ത്യയിലെ അറിയപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണന്മാർപോലും കോച്ചിംഗ് സെന്ററുകളുടെ പരിമിതികളിൽനിന്ന് ഓൺലൈൻ മാർഗ്ഗങ്ങളിലേക്കു ചേക്കേറിത്തുടങ്ങിയെന്നു കാണുമ്പോഴാണ് സമൂഹത്തിൽ ഓൺലൈൻ പഠനത്തിന്റെ സ്വീകാര്യത വ്യക്തമാകുന്നത്.

സിവിൽസർവ്വീസ് പോലെ രാജ്യത്തെതന്നെ കടുപ്പമേറിയ പരീക്ഷകളിൽ റാങ്കുനേടിയവർ പറയുന്നത് ഓൺലൈൻ പഠനത്തിന്റെ വിജയഗാഥകളാണ്.

**ആപ്റ്റിറ്റ്യൂഡ്**

കണക്കിലെ കുറുക്കുവഴികൾ പരിചയപ്പെടുത്തുന്ന ഈ ആപ്ലിക്കേഷൻ ഏതു വിദ്യാർത്ഥിക്കും ഒരു മുതൽക്കൂട്ടാണ്. GMAT, CAT, SAT, MAT എന്നിങ്ങനെ ഗണിതപ്രാവീണ്യം ആവശ്യമുള്ള പരീക്ഷകളിൽ വിജയിക്കാൻ ആഗ്രഹിക്കുന്നവർക്കും ബാങ്കുജോലി കരസ്ഥമാക്കാൻ ശ്രമിക്കുന്നവർക്കും ഉപയോഗപ്രദമായ തരത്തിലാണ് ഈ ആപ്ലിക്കേഷൻ രൂപപ്പെടുത്തിയിരിക്കുന്നത്.

അഭിരുചിപരീക്ഷകൾ മുന്നിൽക്കണ്ട് ചോദ്യങ്ങളുടെ ഒരു വിശാലശേഖരം ഒരുക്കിയിട്ടുണ്ട് 'ആപ്റ്റിറ്റ്യൂഡ്'. അടിസ്ഥാനതത്ത്വങ്ങൾ മുതൽ സങ്കീർണ്ണമായ ഗണിതചോദ്യങ്ങൾവരെ പഠിക്കാൻ ഈ ആപ് പ്രയോജനം ചെയ്യും.

'കരിയർ അസസ്മെന്റ്' എന്ന മേഖലയിൽ അറുനൂറിൽപ്പരം ചോദ്യങ്ങളടങ്ങിയ ഒരു ക്വസ്റ്റ്യൻബാങ്ക് ലഭ്യമാണ്. ദിവസേനയുള്ള ഓൺലൈൻ ടെസ്റ്റുകൾ പസിലുകൾ 'പ്രാക്ടീസ് ടെസ്റ്റ്' എന്നിവയോടൊപ്പം പഠനനിലവാരം വിലയിരുത്തുവാൻ സഹായകമായ മറ്റു ടെസ്റ്റുകളും ഉൾപ്പെടും. ഏകദേശം പത്തുലക്ഷത്തിലധികം വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന ഈ ആപ്ലിക്കേഷനെക്കുറിച്ച് മികച്ച അഭിപ്രായമാണ് വിദ്യാർത്ഥികളിൽനിന്നു ലഭിക്കുന്നത്.

**ജനറൽ സയൻസ്**

പിഎസ്സി മുതൽ സിവിൽ സർവ്വീസ് പരീക്ഷയ്ക്കുവരെ സയൻസ് ഒരു പ്രധാന വിഷയമാണ്. സ്കൂളിലും മറ്റും പഠിച്ചിട്ടും മറന്ന, അല്ലെങ്കിൽ ഓർമ്മിച്ചെടുക്കേണ്ട പ്രധാനപ്പെട്ട സയൻസ് ഭാഗങ്ങളാണ് ഈ ആപ്പിന്റെ സിലബസ് എന്നു പറയാം. ഫിസിക്സിൽ, മെക്കാനിക്സ് മുതൽ സെമികണ്ടക്ടർ ഇലക്ട്രോണിക്സ് വരെയും കെമിസ്ട്രിയിൽ ആറ്റത്തിന്റെ ഘടന മുതൽ ഓർഗാനിക് കെമിസ്ട്രിയുടെ അടിസ്ഥാനതത്ത്വങ്ങൾ വരെയും ബയോളജിയിൽ ജൈവവൈവിധ്യംമുതൽ ജനിതകഘടനവരെയുമുള്ള വിഷയങ്ങൾ വിദഗ്ധമായി കൈകാര്യം ചെയ്യുന്നു. സയൻസ് വിഷയങ്ങൾ പത്താം ക്ലാസിനോ പന്ത്രണ്ടാം ക്ലാസ്സിനോ ശേഷം പഠിച്ചിട്ടില്ലാത്തവരെ സംബന്ധിച്ച് എളുപ്പത്തിൽ പ്രധാനഭാഗങ്ങൾ പഠിക്കാനും അതിലുപരി സയൻസ് കഠിനമാണെന്നു തോന്നുന്നവർക്ക് സങ്കീർണതകളേതുമില്ലാതെ ഇഷ്ടപ്പെട്ടു പഠിക്കുവാനും ഈ ആപ്ലിക്കേഷൻ അനുയോജ്യമാണ്. 'ശാസ്ത്രപരിശീലനപുസ്തകം' എന്നാണ് നിർമ്മാതാക്കൾ ഈ ആപ്ലിക്കേഷനെ വിശേഷിപ്പിക്കുന്നത്. ഇതോടൊപ്പം, 2014 മുതൽ 2019 വരെയുള്ള കറന്റ് അഫയേഴ്സ് (ആനുകാലികം) ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നതും സവിശേഷതയാണ്.

**ടെസ്റ്റുബുക്ക്**

നാലായിരത്തിലധികം വരുന്ന ഓൺലൈൻ മോക് ടെക്സ്റ്റുകളാണ് ഈ ആപ്ലിക്കേഷന്റെ പ്രത്യേകത. ഇത്തരത്തിൽ 65 ലധികം സർക്കാർ ബാങ്ക് ജോലികൾക്കുള്ള യോഗ്യതാപരീക്ഷകളുടെ ചോദ്യപ്പേപ്പറുകളുടെ ഓൺലൈൻ ടെസ്റ്റ് സീരിസ് ഇവിടെ ലഭ്യമാണ്. ഒരു കോടിയലധികം വിദ്യാർത്ഥികളാണ് ഈ ആപ് ഉപയോഗിക്കുന്നതെന്നാണ് കണക്ക്. നൂറിൽപ്പരം പരീക്ഷകൾക്കുള്ള ഓൺലൈൻ പരിശീലനം തികച്ചും സൗജന്യമാണ് ഇതിൽ.

PSC, SSC, RRB മുതൽ LIC AAO വരെ അസംഖ്യം കോഴ്സുകൾ നടത്തുന്നതോടൊപ്പം അത് യൂട്യൂബുമായി ബന്ധിപ്പിച്ച് ഉദ്യോഗാർത്ഥികളെ ഓരോ ക്ലാസ്സും അറിയിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യനുകൾ (MCQ) ഓരോ പാഠഭാഗത്തെയും അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്നു. ഇരുപത്തിനാലു മണിക്കൂറും ആശ്രയിക്കാവുന്ന ഒരു ഡിസ്കഷൻഫോറം ഈ ആപ്പിന്റെ പ്രധാന പ്രത്യേകതയാണ്. ഓരോ ഗവൺമെന്റ് ജോലികളെയുംകുറിച്ച് അറിയാനും സംശയങ്ങൾ വിദഗ്ധരുമായി നേരിട്ടു ചോദിച്ച് ദൂരീകരിക്കുവാനും ഒരു യഥാർത്ഥക്ലാസ്റൂമിൽ എന്നതുപോലെ ഇവിടെയും അവസരമുണ്ട്. മറ്റൊരു പ്രധാന പ്രത്യേകത, അധ്യാപകർ വിദ്യാർത്ഥികളോടും ചോദ്യങ്ങൾ ചോദിക്കും എന്നതാണ്. അതിനാൽ, ഒരു ക്ലാസ് റൂമിൽ ഇരുന്നു പഠിക്കുമ്പോൾ എന്തൊക്കെ മൂല്യങ്ങളുണ്ടോ അവയൊക്കെയും സംരക്ഷിക്കപ്പെടുന്നതായി അനുഭവപ്പെടും. അതോടൊപ്പംതന്നെ പുതുയുഗത്തിന്റെ സൗകര്യങ്ങളും ഗുണങ്ങളും ചോരാതെ പകർത്താൻ ഈ ആപ്ലിക്കേഷന്റെ ശില്പികൾ കിണഞ്ഞുപരിശ്രമിച്ചിട്ടുണ്ട് എന്നു കാണാം. ദിവസേന അപ്ഡേറ്റു ചെയ്യുന്ന കറന്റ് അഫയേഴ്സ് നോട്ടുകളും ക്വിസുകളും സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ പാകത്തിൽ ഫയലുകളായി ഇതിൽ ലഭ്യമാണ്.



ഈ ആപ്ലിക്കേഷൻ നൽകുന്ന ക്ലാസ്സുകളും മറ്റു വിവരങ്ങളും മുഴുവൻ ഇംഗ്ലീഷിലും ഹിന്ദിയിലും ലഭ്യമാക്കിയിരിക്കുന്നു. സ്മാർട്ട് അനാലിസിസാണ് മറ്റൊരു സവിശേഷ ഓപ്ഷൻ. സ്വന്തം നിലവാരം ഏറ്റവും കൃത്യതയോടുകൂടി വിലയിരുത്തുവാനും പുരോഗതി കൈവരിക്കുവാനും ഈ ഓപ്ഷൻ ഏറെ സഹായകമാണ്.

*ലേഖിക എറണാകുളം ഗവ. ലോ കോളജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്*

---

## സൂക്തിമഞ്ജരി

ഡോ. സി.ടി. ഫ്രാൻസിസ്



# ഇവരെ ഉണർത്തുക

"വിദ്യാർത്ഥീ സേവകഃ പാന്ഥഃ ക്ഷുധാർത്തോ ഭയകാതരഃ
ഭാണ്ഡീ ച പ്രതിഹാരീ ച സപ്ത സുപ്താൻ നിബോധയേത്"

**വിദ്യാർത്ഥീ – അദ്ധ്യയനം ചെയ്യുന്നവൻ; സേവകഃ – പരിചാരകൻ; പാന്ഥഃ – യാത്രയിലായിരിക്കുന്നവൻ; ക്ഷുധാർത്തഃ – വിശന്നുവലഞ്ഞവൻ; ഭയകാതരഃ – ഭയപരവശൻ; ഭാണ്ഡീ – വിലപിടിപ്പുള്ള വസ്തു കൈവശമുള്ളവൻ; പ്രതിഹാരീ – കാവല്ക്കാരൻ; സപ്ത – ഏഴു കൂട്ടരെ; സുപ്താൻ – ഉറങ്ങിയവരെ; നിബോധയേത് – ഉണർത്തുക.**

മേല്പറഞ്ഞ വിഭാഗങ്ങളിലുള്ളവരെ ഉറങ്ങുന്നവരായിക്കണ്ടാൽ ഉണർത്തണമെന്നാണ് ഈ ശ്ലോകത്തിന്നർത്ഥം. വിദ്യാർത്ഥി, വിദ്യ നേടുകയെന്ന മുഖ്യമായ ലക്ഷ്യമുള്ളവനാണ്, എവിടെനിന്നെല്ലാം വിദ്യ ലഭ്യമാകുമോ അവിടെനിന്നെല്ലാം വിദ്യ നേടേണ്ടവനാണയാൾ. അതിനാൽ, ശരീരത്തിന് അത്യന്താപേക്ഷിതമായ അത്ര നേരത്തേക്കു മാത്രമേ വിദ്യാർത്ഥി ഉറങ്ങാവൂ. വിദ്യാർത്ഥിയുടെ ലക്ഷണത്തിൽ ശ്വാനനിദ്ര – പട്ടി ഉറങ്ങുന്നതു പോലെ കുറഞ്ഞ ഉറക്കം – പറഞ്ഞിരിക്കുന്നതും, 'സുഖാർത്ഥിനഃ കുതോ വിദ്യാ' – സുഖം കാംക്ഷിക്കുന്നവന്ന് വിദ്യ എവിടുന്ന് – എന്നു ചോദിച്ചിരിക്കുന്നതും അതുകൊണ്ടാണ്. അതിനാൽ കൂടുതലായി ഉറങ്ങുന്ന വിദ്യാർത്ഥിയെ അഭ്യുദയകാംക്ഷികൾ ഉണർത്തേണ്ടതാണ്.

ജോലിക്കിടയിൽ സേവകൻ ഉറങ്ങുന്നുവെങ്കിൽ, അയാളെ ജോലിയിൽ തുടരാൻ യജമാനൻ ഒരിക്കലും അനുവദിക്കുകയില്ല. അതിനാൽ അയാളെ ഉണർത്തുന്നയാൾ അയാൾക്കു ഹിതകാരിയാണ്. യാത്രയ്ക്കിടെ രാത്രിയായതുകൊണ്ടോ ക്ഷീണത്താലോ ഉറങ്ങിപ്പോകുന്ന വഴിപോക്കനെ, യഥാകാലം ഉണർത്തി, യാത്ര തുടരുവാൻ പ്രേരിപ്പിക്കുക. ആരെയും ലക്ഷ്യത്തിലെത്താൻ സഹായിക്കുന്നത് ജീവകാരുണ്യപരമായ പ്രവൃത്തിയാണ്. വിശക്കുന്നവൻ നിദ്ര വെടിഞ്ഞ് ഉപജീവനമാർഗ്ഗവും, ഭയഹേതുക്കളുള്ളവൻ അവയിൽനിന്നു രക്ഷ നേടുന്നതിന്നുള്ള മാർഗ്ഗവും നിരന്തരമായി അന്വേഷിക്കേണ്ടവരാണ്. അതിനാൽ അവരെയും ഉണർത്തണം.

വിലപിടിപ്പുള്ള സൂക്ഷിപ്പുമുതൽ കൈവശമുള്ളവരുടെയും കാവൽക്കാരുടെയും ഉറക്കം കള്ളൻമാർക്കും കവർച്ചക്കാർക്കും സഹായകമാകും. ഉറക്കക്കാരന് തന്മൂലം നാശവുമുണ്ടാകും. അതിനാൽ ലോകനന്മയിൽ താത്പര്യമുള്ളവർ ഈ ഏഴു പ്രകാരത്തിലുമുള്ള ആളുകൾ ഉറങ്ങുന്നതായിക്കണ്ടാൽ അവരെ ഉണർത്തുന്നത് വലിയ പുണ്യമാണ്.

# കൊവിഡ് വെല്ലുവിളിയോ അവസരമോ?



ആൻ മരിയ തോമസ്

ജീവിതത്തിൽ ഒരുപാടു കാര്യങ്ങളിൽ താരതമ്യങ്ങൾ നടത്താറുള്ളവരാണല്ലോ നാമെല്ലാം. തീർച്ചയായും വാർത്താമാധ്യമങ്ങളിൽ വിശദമായ ചർച്ചകൾക്കു വഴിയൊരുക്കിയ ഒന്നാണ് കൊറോണയും കൊറോണയ്ക്കുമുമ്പുണ്ടായിരുന്ന ജീവിതസാഹചര്യങ്ങളും. മിക്ക മേഖലകളിലും അതിന്റേതായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ക്ലാസ്മുറികൾ ചെറുതായി വീട്ടിലെ കമ്പ്യൂട്ടറിനും കൈയിലെ മൊബൈലിനും മുമ്പിൽ ഒതുങ്ങിനില്ക്കുന്നു. പോകുന്നിടത്തെല്ലാം കൊണ്ടുനടക്കുകയുമാവാം. മഹാസമ്മേളനങ്ങളും ജാഥകളുമൊക്കെ കൊച്ചുകൊച്ച് ആൾക്കൂട്ടങ്ങളായിമാറി. അതും വിരളമായി. കാറിന്റെ കീയും പഴ്സും മൊബൈൽ ഫോണുമൊക്കെ സ്ഥാനംപിടിച്ച നമ്മുടെ പോക്കറ്റുകളിൽ ഇപ്പോൾ മറ്റൊന്നിനുകൂടി സ്ഥാനമുണ്ട് - മുഖാവരണത്തിന്.

ചിലർ രോഗവ്യാപനം ഭയന്നു മാസ്കു ധരിക്കുമ്പോൾ മറ്റുചിലർ പിഴയൊടുക്കേണ്ടിവരുന്നതോർത്തു ധരിക്കുന്നു. ഒന്നാലോചിച്ചാൽ ജീവിതത്തിൽ ഓരോരുത്തരുടെയും കാഴ്ചപ്പാടുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഏതൊന്നിന്റെയും തുടക്കവും ഒടുക്കവും നിർണായകമാകുന്നത് കാഴ്ചപ്പാടുകളുടെ പുറത്തെടുക്കുന്ന തീരുമാനങ്ങളിലൂടെയാണല്ലോ. എല്ലാവരെയുംപോലെ ഓൺലൈൻ ക്ലാസ്സുകളെ ഞാനും വിമർശിച്ചിരുന്നു. സ്കൂളും സ്കൂൾഗ്രൗണ്ടുമൊക്കെ അത്രമാത്രം വിലപ്പെട്ടതായിരുന്നുവെന്ന് തിരിച്ചറിയാൻ വാർദ്ധക്യംവരെ ഞങ്ങൾക്കു കാത്തിരിക്കേണ്ടിവന്നില്ല.

റാൽഫ് വാൽഡോ എമേർസൺ പ്രവൃത്തിയുടെ മുൻഗാമി ചിന്തയാണെന്നവകാശപ്പെടുന്നു. 'ഓൺലൈൻ ക്ലാസ്' എന്ന ആശയം തീർച്ചയായും കൊറോണയ്ക്കു മുമ്പുതന്നെ നമ്മിൽ പലരുടെയും ചിന്തയായിരുന്നു. ഒരുപക്ഷേ, കൊറോണ ഒരു വെല്ലുവിളിയായി മാറിയപ്പോൾ ഭരണകൂടത്തിനു വിദ്യാഭ്യാസമേഖലയെ സുരക്ഷിതമാക്കാൻ സാധിച്ചത് അങ്ങനെയൊരു ചിന്ത നിലവിലുണ്ടായിരുന്നതുകൊണ്ടാവണം. ഏതായാലും ഞങ്ങൾ കുട്ടികൾക്കിടയിൽ ഓൺലൈൻ ക്ലാസ്സുകളെ അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്യുന്ന രണ്ടു ഗണങ്ങളുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. ഇന്നലെവരെ ഒരു തികഞ്ഞ പ്രതികൂലിയായിരുന്ന ഞാനെന്ന വ്യക്തി ഇന്നിവിടെ ഒരു അനുകൂലിയായി മാറുകയല്ല; മറിച്ച്, വിവേകപൂർവ്വം ചിന്തിക്കുന്നുവെന്നു മാത്രം. ക്ലാസ്സുകൾ ഓൺലൈനായി മാറുമ്പോൾ പാർട്ടൈം ജോബിനും വോളന്റിയറിയിങ്ങിനുമുള്ള സാധ്യതകൾ ഉയരുന്നുണ്ട്. കുട്ടികൾ അവർക്കു ലഭിക്കാവുന്ന സാധ്യതകളെക്കുറിച്ച് ബോധവാന്മാരാകുന്നു.



അതേസമയം പക്വതയില്ലാത്ത ഈ പ്രായത്തിൽ സാഹചര്യങ്ങളെ ദുരുപയോഗിച്ച് നമുക്കുവേണ്ടി അധ്വാനിച്ചവരുടെ പ്രതീക്ഷകളെ ഇല്ലാതാക്കാനും സാധിക്കും.

കൊവിഡിന്റെ വരവോടെ ജീവിതം ഒരു വെല്ലുവിളിയായി ഏറ്റെടുത്തവരുണ്ട്. വെല്ലുവിളികളെ അതിജീവിച്ച ചരിത്രമുള്ളവരാണ് നാം. എന്നാൽ, ആ വിജയത്തിനു പിന്നിൽ അവരെല്ലാം പറയാതെ പറഞ്ഞ മറ്റൊരു കാര്യംകൂടിയുണ്ട്: വെല്ലുവിളികൾ ഏറ്റെടുക്കുന്നതുവരെ അവർ കേവലം സന്തുലിതമനസ്സിനുടമകളായിരുന്നു. എന്നാൽ, ഏറ്റെടുത്തതോടെ അവർ ധൈര്യശാലികളായി മാറി. ഒപ്പം വെല്ലുവിളിയായി മാറിയ അതേ സാഹചര്യം അവർ അവസരമാക്കി മാറ്റുന്നു. കൊവിഡ് ഉണർത്തിയിരിക്കുന്ന ഈ വെല്ലുവിളിയെയും നാം അവസരമാക്കി മാറ്റണം. അവിടെ ക്ലാസ് ഓൺലൈനായാലും ഓഫ് ലൈനായാലും ശരി പഠിക്കുവാനുള്ള തീക്ഷ്ണത കൈവെടിയരുത്.

ഇനിയുള്ള ഇന്ത്യയുടെ ഭാവിയെന്നല്ല, ഈ ലോകത്തിന്റെ ഭാവിതന്നെ നാം ഓരോരുത്തരുടെയും കരങ്ങളിലാണ്. നമുക്കു ലഭിക്കുന്ന ഓരോ നേട്ടവും അംഗീകാരവും കടം വീട്ടാനുള്ളതാണ്. നമ്മെ വളർത്തിയവരോട്, പഠിപ്പിച്ചവരോട്, തിരുത്തിയവരോട്, സംരക്ഷിച്ചവരോട് നമുക്കു മുന്നിൽ തോറ്റുതന്നവരോട്, വിട്ടുതന്നവരോട് അങ്ങനെ എല്ലാറ്റിനോടും കടപ്പെട്ടവരാണു നാം. കൊവിഡ് ഉണ്ടാക്കിയ നഷ്ടങ്ങൾ നിരവധിയാണ്. എന്നാൽ, നമ്മിൽ ചിലരെങ്കിലും, ഉള്ളതുകൊണ്ടു സന്തോഷിക്കാനും ആയിരിക്കുന്ന അവസ്ഥയെ അംഗീകരിക്കാനും പഠിച്ചുവെന്നത് എത്ര സന്തോഷകരമാണ്! കൊറോണക്കാലത്തെ വെല്ലുവിളിയായി അവിടെത്തന്നെ നിലനിറുത്തണോ, അതോ അവസരമാക്കിമാറ്റി ക്കാണിക്കണമോ എന്നതു നമ്മുടെ തീരുമാനമാണ്. നമ്മുടെ മാത്രം തീരുമാനം.

*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്*


# ശുഭപ്രതീക്ഷകളുടെ ആൽക്കെമിസ്റ്റ്

വിദ്യ വിജയകുമാർ

**നാ**ല്പതുലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ, പുസ്തകചരിത്രത്തിൽ എല്ലാക്കാലത്തെയും ബെസ്റ്റ് സെല്ലറുകളിലൊന്നാണ് 'ദ ആൽക്കെമിസ്റ്റ്'. ബ്രസീലിയൻ സാഹിത്യകാരനായ 'പൗലോ കൊയ്ലോ'യാണ് ഈ അസാധാരണകൃതിയുടെ രചയിതാവ്.

ആൽക്കെമിസ്റ്റിന്റെ വായനയ്ക്കുശേഷം സ്വപ്നങ്ങളും പ്രതിരൂപങ്ങളും ശകുനങ്ങളും മറ്റും വായനക്കാരനെ കുറച്ചുദിവസത്തേക്കെങ്കിലും അലോസരപ്പെടുത്തിക്കൊണ്ടിരിക്കും. സാഹസികതയും സംഘർഷവും നിറഞ്ഞ ഒരുപാടു സന്ദർഭങ്ങൾ ഇതിലുണ്ട്.

വ്യക്തമല്ലാത്ത ഒരു കാലഘട്ടത്തിലും സ്ഥലത്തുമായാണ് കഥ നടക്കുന്നത്. സാന്റിയാഗോ എന്ന ആട്ടിടയനാണ് ഇതിലെ നായകൻ. (ആദ്യത്തെ മൂന്നുനാലു പേജ് കഴിഞ്ഞാൽ നായകനെ പരാമർശിക്കുന്നതു മുഴുവൻ 'ബോയ്' എന്നു മാത്രമാണ്). നല്ല വിദ്യാഭ്യാസം ഉണ്ടായിട്ടും, യാത്രാകുതുകിയായ ഒരു ആട്ടിടയനായി കഴിയുകയാണ് നായകൻ. ഒരു രാത്രി സാന്റിയാഗോ ഒരു സ്വപ്നം കാണുന്നു. ഈജിപ്തിലെ പിരമിഡുകളിൽനിന്ന് തനിക്ക് വലിയ ഒരു നിധി ലഭിക്കുന്നു എന്നതായിരുന്നു ആ സ്വപ്നം. ഈ സ്വപ്നം വിശകലനം ചെയ്യുന്ന ജിപ്സിസ്ത്രീയും, ഒരു മിസ്റ്ററിപോലെ പരിചയപ്പെടുന്ന വൃദ്ധനും സ്വപ്നത്തിൽ കണ്ട നിധി തേടാൻ സാന്റിയാഗോയെ പ്രേരിപ്പിക്കുന്നു. 'To realize one's destiny is a person's only obligation" എന്നാണ് സാലെമിലെ രാജാവെന്ന് സ്വയം പരിചയപ്പെടുത്തുന്ന വൃദ്ധൻ, അവനോടു പറയുന്നത്. പിന്നിടങ്ങോട്ട് തന്റെ സ്വപ്നം തേടിയുള്ള അവന്റെ അലച്ചിലിന്റെ കഥയാണ് ആൽക്കെമിസ്റ്റ്.






കുട്ടിക്കാലത്ത് നാം ഉള്ളിന്റെയുള്ളിൽ മോഹിക്കുന്നതെന്താണോ അതാണ്നമ്മുടെ ജീവിതലക്ഷ്യം. ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണമാണ് നമ്മുടെ ജീവിതം. എന്തെങ്കിലുമൊന്നു തീവ്രമായി മനസ്സിൽ തട്ടി മോഹിക്കുകയാണെങ്കിൽ അതു നടക്കാതെ വരില്ല. കാരണം, സ്വന്തം വിധിയാണ് മനസ്സിൽ ആ മോഹത്തിന്റെ വിത്തുകൾ പാകുന്നത്. പ്രപഞ്ചം മുഴുവൻ ആ ഒരു കാര്യസാധ്യത്തിനായി സഹായത്തിനെത്തും. എന്നാൽ ജീവിതയാത്രയുടെ ഏതോ ഒരു വഴിത്തിരിവിൽ മനുഷ്യന് അവനവനുമേലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നു. പിന്നെയൊക്കെ വിധിയുടെ കൈപ്പിടിയിൽ. പ്രപഞ്ചരഹസ്യങ്ങളുടെ നിഗൂഢതകൾ ദാർശനികതയുടെ പിൻബലം ചാർത്തി മനസ്സിൽ തട്ടുന്ന രീതിയിൽ ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നു.

"When you really want something to happen, the whole universe conspires so that your wish comes true"-നോവലിസ്റ്റ് നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതു മാത്രമാണ്.

ഏറ്റവുമധികം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ട ഒരു സാഹിത്യകൃതിയുടെ കർത്താവെന്ന നിലയിൽ ഗിന്നസ് ബുക്കിൽ ഇടം നേടിയ എഴുത്തുകാരനാണ് പൗലോ കൊയ്ലോ. എഴുപതിലധികം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ട ആൽക്കെമിസ്റ്റിന്റെ മൂലകൃതി പോർച്ചുഗീസ് ഭാഷയിലാണ്. വായനക്കാരുടെ ജീവിതത്തിലും മനസ്സിലും ശുഭചിന്ത നിറയ്ക്കാൻ പര്യാപ്തമായ രചനാശൈലിയാണ് ആൽക്കെമിസ്റ്റിനെയും അതിലൂടെ പൗലോ കൊയ്ലോയെയും മുൻനിരയിലെത്തിച്ചത്.

*ലേഖിക കോട്ടയം സി.എം.എസ്. കോളജിൽ മലയാളം മൂന്നാംവർഷ വിദ്യാർത്ഥിനിയാണ്.*

# മാതൃവചസ്സുകൾ



*സെപ്റ്റംബർ 5*
*വിശുദ്ധ മദർ തെരേസയുടെ തിരുനാൾ*

- പരിശുദ്ധ അമ്മയുടെ കൈപിടിച്ച് കർത്താവിന്റെകൂടെ നടക്കുക. നിന്റെ ജീവിതം അവനു സമർപ്പിക്കുക. ഒരിക്കലും പിൻതിരിയാതെ അവന്റെ വെളിച്ചത്തിലേക്കു നടന്നടുക്കുക.

- ലോകത്തിൽ നടമാടുന്ന അനീതിയുടെയും അക്രമത്തിന്റെയും പ്രധാന കാരണം സ്നേഹദാരിദ്ര്യമാണ്.

- എത്ര ശ്രേഷ്ഠമായ പ്രവൃത്തിയാണെങ്കിലും ദൈവസ്നേഹത്താൽ പ്രേരിതമല്ലെങ്കിൽ അതു ഫലശൂന്യമാണ്.

- നിശ്ശബ്ദതയുടെ ഫലമാണ് പ്രാർത്ഥന
പ്രാർത്ഥനയുടെ ഫലമാണ് വിശ്വാസം
വിശ്വാസത്തിന്റെ ഫലമാണ് സ്നേഹം
സ്നേഹത്തിന്റെ ഫലമാണ് സേവനം
സേവനത്തിന്റെ ഫലമാണ് സമാധാനം.

- മരണത്തെ മാറ്റിനിർത്താൻ എനിക്കാവില്ല. എന്നാൽ, മരണാസന്നർക്ക് ആശ്വാസം നൽകാൻ എനിക്കാവും. എന്നിൽനിന്ന് കൂടുതലായെന്തോ ദൈവം ആവശ്യപ്പെടുന്നതുപോലെ എനിക്കു തോന്നി. ദരിദ്രരിൽ ഏറ്റവും ദരിദ്രരായവരെ ദൈവത്തെപ്പോലെ ഞാൻ സ്നേഹിക്കണമെന്നായിരുന്നു ദൈവനിശ്ചയം.

- മുറിക്കപ്പെട്ട അപ്പത്തിലും മുറിവേറ്റു തെരുവോരത്തു കിടക്കുന്നവരുടെ മുഖത്തും ഒരേ യേശുവിനെയാണ് ഞാൻ കാണുന്നത്.

- കുട്ടികൾക്കു മാതാപിതാക്കളോടൊത്തു ചെലവഴിക്കാനോ മാതാപിതാക്കൾക്കു പരസ്പരം കണ്ടെത്താനോ നേരമില്ലാത്ത കുടുംബങ്ങളിൽനിന്നാണ് ലോകത്തിലെ അസമാധാനത്തിന്റെ തുടക്കം.

# പാചകകലയുടെ തിലകക്കുറിയായി ലിറ്റിൽ ഷെഫ് മീര മാത്യു

അറിവുകൾ ആർജ്ജിക്കുന്നതിനൊപ്പം ജീവിതായോധനത്തിനുള്ള ഒരു തൊഴിലും അഭ്യസിക്കുകയെന്നത് ഇന്നത്തെ വിദ്യാഭ്യാസസംസ്കാരത്തിന്റെ ഭാഗമാണ്. അതിലുപരി ജീവിതവിജയം ആഗ്രഹിക്കുന്ന ഏതൊരാളിന്റെയും തിരഞ്ഞെടുപ്പുകൂടിയാണത്. പലതരം തൊഴിലുകൾ അഭിരുചിക്കനുസരിച്ച് ഇന്ന് കുട്ടികൾ പരിശീലിക്കുന്നുണ്ട്. കൂടുതൽപേരും ഐ.ടി.മേഖലയിലേക്കു തിരിയുമ്പോൾ കുറച്ചുപേരെങ്കിലും പാചകം, തയ്യൽ, കൃഷി മുതലായ പരമ്പരാഗതരീതികളും പരിശീലിക്കുന്നു.

പാലാ ഞാവള്ളിമംഗലത്തിൽ മാത്യു കുര്യാക്കോസ് - ആൻസി മാത്യു ദമ്പതികളുടെ മൂന്നുകുട്ടികളിൽ ഇളയവളായ മീര മാത്യു പാചകരംഗത്തേക്കാണു ചുവടുവെച്ചത്. പതിമ്മൂന്നു വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി ഈയിടെ വനിതയും ലുലുവും ചേർന്നൊരുക്കിയ ലിറ്റിൽ ഷെഫ് മത്സരത്തിൽ മീര ഒന്നാം സമ്മാനാർഹയായി. വിവിധ റൗണ്ടുകളിൽ നടന്ന മത്സത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ആറുപേരാണ് ഗ്രാൻഡ് ഫിനാലേയിൽ പങ്കെടുത്തത്.

ഭക്ഷണം കഴിക്കുന്നതിൽ മാത്രമല്ല, ഭക്ഷണമൊരുക്കുന്നതിലും കുഞ്ഞായിരുന്നപ്പോൾതന്നെ മീര തത്പരയായിരുന്നു. മൂന്നാംക്ലാസ്സിൽ പഠിക്കുമ്പോൾമുതൽ കുക്കറി ഷോകൾ നടത്തിത്തുടങ്ങി. മീരയുടെ പാചകരംഗത്തേക്കുള്ള കടന്നുവരവിനു മാർഗദർശകമായത് പ്രശസ്ത പാചകവിദഗ്ധ കൂടിയായ മാതാവ് ആൻസി മാത്യുവിന്റെ കീഴിലുള്ള ചിട്ടയായ പരിശീലനമാണ്.

ലോക്ഡൗൺ കാലത്ത് മിക്ക കുട്ടികളും ടിവിയെയും കമ്പ്യൂട്ടറിനെയുമാശ്രയിച്ചു സമയം ചെലവഴിച്ചപ്പോൾ മീര സ്വന്തമായി ഒരു ഓൺ ലൈൻ കുക്കറി ക്ലാസ് തുടങ്ങി. യുട്യൂബ് ചാനലിൽ ആൻസി മാത്യു അവതരിപ്പിക്കുന്ന 'ഫ്ളേവേഴ്സ് ഓഫ് ആൻസി' എന്ന കുക്കറി ഷോയിലെ മുഖ്യ അവതാരികയാണ് ഇപ്പോൾ മീര.

പാചകത്തിലെന്നതുപോലെതന്നെ പഠനത്തിലും ഉയർന്നനിലവാരം പുലർത്തുന്ന മീര ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂൾ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്. പരമ്പരാഗതശൈലിയിലും ആധുനികരീതിയിലുമുള്ള പാചകത്തിൽ മീര നിപുണയാണ്. അതുപോലെതന്നെ വിവിധ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിതോത്പന്നങ്ങൾ തയ്യാറാക്കുന്നതിലും മീര മിടുക്കിതന്നെ.

കർഷകനായ പിതാവ് മാത്യുവും പാചകവിദഗ്ധയായ മാതാവ് ആൻസിയും ചേച്ചിമാരായ മാനസിയും മിലാനയും മീരയ്ക്ക് പാചകത്തിലും പഠനത്തിലും വേണ്ട എല്ലാ പ്രോത്സാഹനങ്ങളും ഉപദേശങ്ങളും നല്കുന്നു. പാചകകല ഇഷ്ടപ്പെടുന്നവർക്കും ഒരു പ്രൊഫഷനാക്കാൻ ആഗ്രഹിക്കുന്നവർക്കും മീര പ്രചോദനവും ആവേശവുമാണ്.


മീര മാത്യു



ഒന്നാം സമ്മാനാർഹയായ മീര മാത്യു (ഇടത്തുനിന്നും മൂന്നാമത്) ഇതര സമ്മാനാർഹരോടും വിധികർത്താക്കളോടുമൊപ്പം



# ഇന്നലെയുടെ പ്രഭ

**അഭിരാമി പി. ആർ.**
ഗവ.കോളജ് ഓഫ് നേഴ്സിംഗ്, കോട്ടയം

ഇന്നലെയിലെ നിന്റെ സൗരഭ്യമെങ്ങുപോയി
ഇന്നലെയിലെ നിന്റെ ഹർഷമെങ്ങുപോയി
എൻ ഓർമ്മയിൽ നീ വിഭൂതിതൻ നറുനിലാവായിരുന്നു
ഇന്നു നിൻ സൗരഭ്യമെങ്ങുപോയി?
വിഭൂതിതൻ നറുനിലാവെങ്ങുപോയി?
ഇന്നു നിൻ കുളിർമേനിയിൽ മരാളം കാണ്മതില്ല
പ്രകൃതിതൻ തീരത്ത് ആടിക്കളിച്ചൊരാ
കൊച്ചുമണവാട്ടി നീയല്ലയോ?
പ്രകൃതിതൻ മടിയിൽ വീണുറങ്ങുന്നൊരാ
കൊച്ചുസുന്ദരി നീയല്ലോ?
പ്രകൃതിയിലെ വർണ്ണശബളമാം കാഴ്ചകൾ
നിൻ മിഴികളിൽ ഛായയായ് പതിച്ചിരുന്നു
പുഴയേ, എൻ പ്രിയ സഖിയേ, നിൻ
സൗന്ദര്യമൊക്കെയും എങ്ങുപോയി?
ചാഴി നെൽക്കതിരൂറ്റിക്കുടിക്കുംപോൽ
മാനുഷർ നിൻ സൗന്ദര്യമൂറ്റിക്കുടിക്കയാണോ?
നിൻ കുളിർമേനിയിൽ പതിയുന്ന
വർണ്ണങ്ങളൊക്കെയും മലിനജലത്തിൽ
അലിഞ്ഞിടുന്നു.
നിൻ ഹർഷഭംഗിയും പോയ്,
നിൻ ദീപശോഭയും പോയ്
ഇന്നലെയും പോയി.
പ്രകൃതിക്കു സൗന്ദര്യത്തിൻ നിഴലേകും
പുഴയേ ഞാൻ നിൻ ആരാധിക
നിൻ തീരത്തെ നനവുള്ള മധുരമായ്
മനതാരിലെത്തുമാ ദിവ്യപ്രഭ
'ഇന്നലെയുടെ പ്രഭ....'

# ച്യൂയിംഗം

വിജ്ഞാനശകലം



രണ്ടാംനൂറ്റാണ്ടിൽ മായന്മാർ ചിക്കിൾ മരത്തിന്റെ കട്ടിയായ പശ ചവയ്ക്കാറുണ്ടായിരുന്നു. പുരാതന എക്സിമോകൾ മറ്റക് അഥവാ തിമിംഗലത്തിന്റെ അസംസ്കൃതചർമ്മം ചവച്ചിരുന്നു. ഇവയിൽനിന്നാണ് ഇന്നത്തെ ച്യൂയിംഗത്തിന്റെ ഉദ്ഭവം. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ് ച്യൂയിംഗത്തിന്റെ ആധുനികചരിത്രം ആരംഭിക്കുന്നത്. 1845ൽ ടെക്സാസിലെ അമേരിക്കക്കാർ, മെക്സിക്കൻ ജനറൽ സാന്റാ അന്നായെ തോൽപ്പിച്ച് ന്യൂയോർക്കിലേക്കു നാടുകടത്തി. സാധാരണ മെക്സിക്കോക്കാരെപ്പോലെ സാന്റാ അന്നായ്ക്കും ചിക്കിൾ ചവയ്ക്കുന്ന ശീലമുണ്ടായിരുന്നു. സാന്റാ ഇത് തോമസ് ആഡംസ് എന്ന ശാസ്ത്രജ്ഞനു പരിചയപ്പെടുത്തി. ചിക്കിളിൽ രുചിക്കൂട്ടുകൾചേർത്ത് ഒരു മിഠായിരൂപത്തിൽ കച്ചവടം നടത്താം എന്ന ആശയം ആഡംസിന്റെ മനസ്സിലുദിച്ചു.

അങ്ങനെ ലോകത്തിലെ ആദ്യത്തെ ച്യൂയിംഗം നിർമ്മാണശാല ജന്മമെടുത്തു. ചിക്ക്ലെറ്റ്സ് എന്ന പേരിൽ പഞ്ചസാരയിൽ പൊതിഞ്ഞ ച്യൂയിംഗം മിഠായിയും ആദ്യമായി അമേരിക്കയിലാണ് പുറത്തിറങ്ങിയത്.

ജെ.പി.

# നിങ്ങൾക്കും എഴുത്തുകാരാകാം

കൂട്ടുകാരേ, നുറുങ്ങുചിന്തകളും മിനിക്കഥകളും കുട്ടിക്കവിതകളും വായിക്കുമ്പോൾ ഇതുപോലൊന്ന് എഴുതിയാലോ എന്നു നിങ്ങൾക്കും തോന്നാറില്ലേ. എങ്കിൽ മടിക്കേണ്ട. ഇന്നുതന്നെ എഴുതിത്തുടങ്ങുക.

സ്കൂൾ-കോളജ് തലങ്ങളിലുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നു. എല്ലാ മാസവും ആദ്യത്തെ ആഴ്ച ദീപനാളം കുട്ടികളോടൊപ്പം - പ്രതിഭ


ഫോട്ടോ : സാംസൺ പാലാ

# മരിയമാരുടെ കണ്ണീർ അവസാനിക്കുന്നില്ല



ആൽബിൻ ജിജോ

'പുരുഷൻ സ്വേച്ഛാനുസൃതം സ്ത്രീയുടെ സമ്മതമില്ലാതെ അവളെ ഭാര്യയാക്കുമ്പോൾ അത് അടിമത്തമായിത്തീരുന്നു.

പാക്കിസ്ഥാനിൽ അടുത്ത കാലത്തുണ്ടായ ആ സംഭവം മറക്കാൻ കാലമായിട്ടില്ല. കടന്നുവന്ന മരിയ ഷഹബാസ് എന്ന പതിന്നാലുകാരിയുടെ കണ്ണീരിൽ കുതിർന്ന കഥ.

2020 ഏപ്രിൽ 28-ാം തീയതി ബസിൽ യാത്ര ചെയ്യുമ്പോൾ മുഹമ്മദ് നകാഷ് എന്നയാളും മറ്റു രണ്ടു പേരും ചേർന്ന്, നിസ്സഹായരായ ആൾക്കാർക്കിടയിൽനിന്നു മരിയയെ തോക്കുചൂണ്ടി തട്ടിക്കൊണ്ടുപോയി. പരാതിയുമായി മാതാപിതാക്കൾ ഫൈസലാബാദ് കോടതിയെ സമീപിച്ചു. പെൺകുട്ടി മതം മാറിയെന്നും അയാളുമായുള്ള വിവാഹം നടന്നെന്നും ഭാര്യയെ കൂടെത്താമസിപ്പിക്കുന്നതു നിയമാനുസൃതമാണെന്നും അയാൾ വാദിച്ചു. പത്തൊൻപതു വയസ്സ് എന്ന വ്യാജരേഖയും അയാളുണ്ടാക്കിയിരുന്നു. പക്ഷേ, ജനനസർട്ടിഫിക്കറ്റും വിദ്യാലയസർട്ടിഫിക്കറ്റുമെല്ലാം പരിശോധിച്ച കോടതി, പെൺകുട്ടിയെ, ലാഹോർ കോടതിവിധി വരുന്നതുവരെ വനിതാസംരക്ഷണകേന്ദ്രത്തിലേക്കയച്ചു.

ഓഗസ്റ്റ് 4 ന് ലാഹോർ കോടതിവിധി വന്നു. മാതാപിതാക്കളുടെ വാദവും പെൺകുട്ടിയുടെ കണ്ണുനീരും മുഖവിലയ്ക്കെടുക്കാതെ, വ്യാജരേഖകളും അയാളുടെ വാദവും മാനിച്ച് പെൺകുട്ടിയെ അയാൾക്കൊപ്പം പറഞ്ഞയച്ച് കോടതി ആ വിവാഹം ആശീർവദിച്ചു. 'നല്ല ഭാര്യയായിരിക്കണം' എന്നൊരുപദേശവും നൽകി. ആ കോടതിമുറിയിൽ ആ



കൊച്ചുകുട്ടി വിങ്ങിപ്പൊട്ടിയപ്പോൾ, അത് പാക്കിസ്ഥാനിലെ അനേകം മരിയമാരുടെ കണ്ണുനീരിന്റെ തുടർച്ചയായിരുന്നു.

പെൺകുട്ടികൾക്കു പതിനാറുവയസ്സു വിവാഹപ്രായമുള്ള ഒരു രാജ്യത്ത്, ഒരു പതിന്നാലുവയസ്സുകാരി, ഭാര്യയും മക്കളുമുള്ള ഒരു പുരുഷനോടൊപ്പം അയയ്ക്കപ്പെടുകയും നിർബന്ധിതമതംമാറ്റത്തിനു വിധേയയാവുകയും ചെയ്യുന്നു. പാക്കിസ്ഥാനിൽ തടവറയിലേക്കു നയിക്കപ്പെടുന്ന മരിയമാർ അസംഖ്യമാണ്.

മലാല എന്ന മാലാഖയുടെ മാത്രമല്ല, മാലാഖമാരെ മതമൗലികവാദത്തിന്റെ വിഷജ്വാലയാൽ നശിപ്പിക്കുന്ന ചെകുത്താന്മാരുടെ നാടുകൂടിയാണ് പാക്കിസ്ഥാൻ. വിശ്വസിക്കുന്ന ദൈവത്തെ തള്ളിപ്പറയാനും, ഇഷ്ടപ്പെടാത്ത പുരുഷനെ വരിക്കാനും സ്വാതന്ത്ര്യത്തെ ചുവരുകൾക്കുള്ളിൽ തടവിലിടാനും നിർബന്ധിതരാകുന്ന പെൺകുട്ടികളുടെ കണ്ണുനീരിനെ ലോകമാധ്യമങ്ങൾ അവഗണിക്കുന്നു.

ലഭിക്കാതെപോയ നീതിക്കുവേണ്ടി പിഞ്ചുബാല്യങ്ങൾ ലോകമനഃസാക്ഷിയെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ലോകം ശ്രദ്ധിക്കാതെ പോകുന്ന ഒരു അനീതി, ഭാവിയുടെ അധ്യായങ്ങളിൽ കരിനിഴൽ വീഴ്ത്തില്ലെന്നാരു കണ്ടു? പാക്കിസ്ഥാനിൽ ഇന്നു സംഭവിച്ചത് ആദ്യത്തേതല്ല, അവസാനത്തേതുമല്ല. അത് നിലവിളിക്കുന്ന, നീതി നിഷേധിക്കപ്പെട്ട പെൺകുട്ടികളുടെ ചങ്ങലയായി ലോകത്തെ വലിഞ്ഞുമുറുക്കുന്ന സമയം ആസന്നമായിരിക്കുന്നു. അതിനുമുന്നിൽ നിസംഗരായിരിക്കുന്ന അവസ്ഥാവിശേഷം അവസാനിപ്പിക്കണം. മതമൗലികവാദത്തിനും ബാലവിവാഹങ്ങൾക്കുമെതിരേ സ്വരമുയർത്താനാളില്ലാതാവുകയും നിസാരപ്രശ്നങ്ങളിൽ ഉദ്ഘോഷണങ്ങൾ അതിരു കടക്കുകയും ചെയ്യുന്ന, സാമാന്യബോധം നഷ്ടപ്പെട്ട ഒരു സമൂഹമായി നാം അധഃപതിക്കരുത്.

മരിയ എന്റെ മകളാണ്, എന്റെ സഹോദരിയാണ് എന്നു ചിന്തിക്കുമ്പോഴാണ് മനുഷ്യത്വവും നീതിയും അതിൽത്തന്നെ പൂർണമായ അർത്ഥവികാസം പ്രാപിക്കുന്നത്. അനീതിയെ നീതിയെന്നും പാരതന്ത്ര്യത്തെ സ്വാതന്ത്ര്യം എന്നും സ്ഥാപിക്കുകയും കരുതുകയും ചെയ്യുന്ന വികലമായ ആശയ, തത്ത്വസംഹിതകളിൽനിന്നുമുള്ള മോചനത്തിലൂടെ മാത്രമേ, മനുഷ്യൻ എന്ന നിലയിൽ നമുക്കു ജീവിക്കാനാവൂ.

ഞാൻ ഒരു നികൃഷ്ടജീവിയാണെങ്കിൽപ്പോലും എനിക്കും ജീവിക്കാൻ അവകാശമില്ലേ എന്ന 'ഓൾഡ് ബോയി' ചലച്ചിത്രത്തിലെ സംഭാഷണശകലം വളരെയേറെ അർത്ഥവത്താണ്. എന്നെപ്പോലെ അവർക്കും ജീവിക്കണം എന്ന നീതിയുടെ മനഃസാക്ഷി രൂപപ്പെടട്ടെ.

മരിയയുടെ കണ്ണുനീരിനു നേരേ കണ്ണടച്ചാൽ, മരിയമാർ ആവർത്തിക്കപ്പെടുമെന്നു മറക്കരുത്. അതെന്നെ ബാധിക്കില്ല എന്നാണെങ്കിൽ കൊറോണയേക്കാൾ പ്രഹരശേഷിയുള്ള വൈറസാണതെന്നു മറക്കാതിരിക്കുക.

**ലേഖകൻ പാലാ സെന്റ് തോമസ് കോളജ് ബിഎസ്‌സി (മാത്‌സ്) രണ്ടാം വർഷ വിദ്യാർത്ഥിയാണ്.**

# ഓർമ്മകൾ



**റോസ്മി തോമസ്**
*ബിഎസ്‌സി മാത്‌സ്*
*മൂന്നാം വർഷം*
*മാർ സ്ലീവാ കോളജ്*
*ചേർപ്പുങ്കൽ*

ഓടിയകലുവാൻ ആട്ടിയകറ്റുവാൻ
കഴിയുന്നില്ലെനിക്ക് നിന്റെ ഓർമ്മകളെ
രാത്രിയുടെ യാമങ്ങളിൽപോലും
നിദ്ര അവയെ അകറ്റുന്നില്ലല്ലോ...
ചിലപ്പോൾ ചിരിച്ചും ചിലപ്പോൾ കരഞ്ഞും
അതെന്നെ നിഴലുപോലെ പിന്തുടരുന്നു
ഓർമ്മകൾക്കു പകരം വരുന്നത് നീയായിരുന്നു-
വെങ്കിലെന്ന് വെറുതെയാശിച്ചു പോകുന്നു ഞാൻ...
ഓർമ്മകളുടെ വഴിയേ തനിയെ നടക്കുന്നു ഞാൻ
ചേർത്തുപിടിക്കാൻ നിൻ കരമെവിടെ
മറക്കുവാൻ ശ്രമിക്കുന്നുവെങ്കിലും
വിടാതെ അവയെന്നെ വരിഞ്ഞുമുറുക്കുന്നു...
കരഞ്ഞു തളർന്നു ഞാൻ ഉറങ്ങീടവേ
കതകിലൊരു സ്വരംകേട്ട് ഞെട്ടിയുണർന്നു
നീയാണെന്ന പ്രതീക്ഷയിൽ ഓടിയെത്തിയപ്പോൾ
വിറങ്ങലിച്ചുകൊണ്ട് അതാ നിന്റെ ഓർമ്മകൾ...



# ക്വിസ് കോർണർ

**രാജേശ്വരി അരുൺ**
എക്സലന്റ് ഇന്റർനാഷണൽ അക്കാദമി, അയർക്കുന്നം



- 74-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ശാരീരികക്ഷമതയെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കുന്നതിനായി കേന്ദ്ര കായിക യുവജനമന്ത്രാലയം ആരംഭിച്ച Mass Run Program – Fit India Freedom Run
- 2020-21 സീസണിലെ I-League football tournamentന്റെ വേദി – കൊൽക്കത്ത
- 2020 ഓഗസ്റ്റിൽ പുതിയ ലോഗോ പുറത്തിറക്കിയ സംസ്ഥാനം – ജാർഖണ്ഡ്
- "The Corona Virus: What you need to know about the Global Pandemic" എന്ന പുസ്തകത്തിന്റെ രചയിതാക്കൾ – Dr. Swapneil Parikh, Maherra Desai, Dr. Rajesh M. Parikh
- Atmanirbhar Bharat പദ്ധതിയുടെ ഭാഗമായി കേന്ദ്ര പ്രതിരോധമന്ത്രാലയം ആരംഭിച്ച Indigenization Portal – SRIJAN
- Defence Institute of Advanced Technology (DIAT), Pune വികസിപ്പിച്ച Ayurvedic Biodegradable Face Mask – Pavitrapati (DIAT വികസിപ്പിച്ച Antimicrobial body suit: Ashuda Tara)
- ഇന്ത്യൻ നേവിയുടെ Director General of Naval Operations ആയി നിയമിതനായത് – Vice Admiral Dinesh K.Tripathi
- ചെക്ക് ഇടപാടുകളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും തട്ടിപ്പുകൾ തടയുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ആരംഭിച്ച പുതിയ സംവിധാനം – Positive Pay
- 2020 ഓഗസ്റ്റിൽ ഇസ്രായേൽ വിജയകരമായി പരീക്ഷിച്ച Ballistic Missile Interceptor – Arrow 2
- 2020 - ലെ Forbes ന്റെ ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന താരങ്ങളുടെ പട്ടികയിൽ ആദ്യ പത്തിൽ ഇടം നേടിയ ഇന്ത്യൻ സിനിമാതാരം – അക്ഷയ്കുമാർ (6-ാംസ്ഥാനം)

നോവൽ
ജോർജ് പുളിക്കാട്




## അദ്ധ്യായം 2

കളക്ടർ അപ്പോൾത്തന്നെ എ.ഡി.എം. സുരേഷ് കുമാറിനെ വിളിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച എല്ലാ ഫയലുകളുമായി തന്റെ ഓഫീസിലെത്താൻ നിർദ്ദേശിച്ചു. മിനിട്ടുകൾക്കുള്ളിൽ എം.ഡി.എം. കളക്ടർക്കു മുമ്പിലെത്തി. പുഴക്കര വക്കച്ചന്റെ വീടുവയ്ക്കലുമായി ബന്ധപ്പെട്ട എല്ലാ രേഖകളും അദ്ദേഹം കളക്ടർക്കു മുമ്പിൽ സമർപ്പിച്ചു. പിന്നെ അവർക്കഭിമുഖമായി കസേരയിലിരുന്നു.

ഇരുപതു മിനിട്ടുകൊണ്ട് സലോമി വിഷയം പൂർണ്ണമായി പരിശോധിച്ചു.

''ഇതു നമ്മൾ പൊളിച്ചു നീക്കാൻ കുറെ വൈകിയല്ലോ, സാർ. ഈ പുഴക്കര വക്കച്ചനോടു സിംപതി കാട്ടേണ്ട ഫാക്ട് ഒന്നുമില്ലതാനും.'' കളക്ടർ പറഞ്ഞു.

"അത്... സാർ... പ്രതീക്ഷിക്കുംപോലെ നിസ്സാരമല്ല. ആക്ഷൻ എടുക്കാൻ താമസിച്ചതു ബുദ്ധിപൂർവ്വമായ ഒരു നടപടിയാണ്. വക്കച്ചൻ സുപ്രീം കോടതിയിൽ, ഹൈക്കോടതി വിധി സ്റ്റേ ചെയ്യാൻ പരാതി കൊടുത്തിട്ടുണ്ട്. അതു രണ്ടു മൂന്നു ദിവസത്തിനുള്ളിൽ ഏതായാലുമുണ്ടാകും. നമ്മളു വെറുതേ പുലിവാലുപിടിക്കുന്നതെന്തിനാ?"

"എ.ഡി.എം, ഈ കേസ് പഠിച്ചതല്ലേ? വ്യക്തമായും കയ്യേറ്റഭൂമിയിലാണ് വീടിരിക്കുന്നതെന്നു ഹൈക്കോടതി തീർപ്പു കൽപ്പിച്ചിരിക്കുകാ. വീട് ഇടിച്ചുനിരത്തുക മാത്രമല്ല അയാൾക്ക് ഇതിനൊക്കെ അനുമതി കൊടുത്ത വില്ലേജ് ആഫീസറെയും പെർമിറ്റ് കൊടുത്ത പഞ്ചായത്ത് സെക്രട്ടറിയെയുമൊക്കെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നേ പറ്റൂ. സുപ്രീംകോടതിയിൽനിന്നുള്ള സ്റ്റേയ്ക്കുവേണ്ടി നമ്മൾ ഇത്രയും കാത്തിരുന്നതേ വലിയ തെറ്റാണ്."

"ഞാൻ ചിലതു പറഞ്ഞാൽ സാറിന് ഫീൽ ചെയ്യുമോ?

"ഇല്ല, പറഞ്ഞോളൂ."

''സാർ, ഈ കേരളത്തിൽ അതുപോലെ മനോഹരമായ മറ്റൊരു വീടു കാണില്ല. പുഴക്കര വക്കച്ചൻ ഡ്രീം പ്രോജക്ടായിട്ടു തീർത്ത ഭവനമാ. അയാൾക്കീ ഭൂമിയിൽ സകല അധികാരകേന്ദ്രങ്ങളിലും സ്വാധീനമുണ്ട്. ആ ജിനേഷെന്ന പയ്യന്റെ ശല്യം കാരണം അയാളുടെ വീടിന്റെ ഭിത്തിയേൽ നോട്ടീസൊട്ടിച്ചത് ഇവിടുത്തെ സ്റ്റാഫാ. രണ്ടുപേരേം ഓരോ സാഹചര്യത്തിൽ അയാളുടെ ആൾക്കാർ ഇടിച്ചു ചവിട്ടിക്കൂട്ടി. കേസുകൊടുത്തിട്ടൊരു ചുക്കും നടന്നില്ല. പുഴക്കര വക്കച്ചൻ എന്നു പറയുന്നവൻ ഒരു മൃഗമാ. ലൈസൻസുള്ള നാടൻ തോക്കുണ്ടയാൾക്ക്. നമ്മളു പൊളിക്കാൻ ചെന്നാൽ കളക്ടറാണന്നോ, എസ്.പി.യാണന്നോ നോക്കുകേലാ. നെഞ്ചിലയാൾ വെടിയുണ്ടകേറ്റും."

"എ.ഡി.എം. എന്നെ പറഞ്ഞു പേടിപ്പിക്കാൻ നോക്കുകയാണോ?"

"ഒരിക്കലുമല്ല സാർ. യാഥാർത്ഥ്യമാ ഞാൻ പറഞ്ഞത്. എനിക്കു പത്തമ്പത്തിനാലു വയസ്സായി. ഒരുപാടനുഭവങ്ങളുമുണ്ട്. സാറ് തുടക്കക്കാരിയാ. വയനാട്ടിലും ആലപ്പുഴയിലുമൊക്കെ കഴിവു തെളിയിച്ചിട്ടുമുണ്ട്. ഇവനെയൊക്കെ തകർത്തു മുന്നേറാൻ കഴിഞ്ഞാൽ അത് ഒരു ചരിത്രമാകും. എന്തു ചെയ്യണമെന്നു തീരുമാനിക്കുന്നതു സാറാണ്. തീരുമാനിച്ചോളൂ."

സലോമി മാത്യു ഏതാനും നിമിഷം ചിന്താധീനയായിരുന്നു. ആ മുഖത്ത് ഒരു ദൃഢഭാവം കൈവന്നു.

"സുരേഷ് സാർ, ചുമതലയേറ്റതേ ഞാനൊരു പുലിവാലിൽ കയറിപ്പിടിക്കുകയാണെന്നു കരുതരുത്. ഞാൻ മുമ്പു ചില കാര്യങ്ങളൊക്കെ ചെയ്തതു പേരെടുക്കാനായിരുന്നില്ല. അതെന്റെ ജോലിയായതിനാലാണ്. ബോൾഡായിട്ടു ചിലതു ചെയ്തതുകൊണ്ടു പീഡനങ്ങളുണ്ടായി. പൂച്ചെണ്ടുകളും കിട്ടി."

"സാർ, പുഴക്കര വക്കച്ചന്റെ ബംഗ്ലാവ് പൊളിച്ചുമാറ്റാൻ പേടിച്ചിട്ടാ സർവ്വീസു തീരുന്നതിന് ആറുമാസംമുമ്പേ മുൻ കളക്ടർ വോളണ്ടയറി റിട്ടയർമെന്റായിട്ടു പോയത്.'' സുരേഷ് കുമാർ പറഞ്ഞു.

സലോമി മാത്യു അതുകേട്ടു മന്ദഹസിച്ചു.

"ഞാനേതായാലും അതിനില്ല. സുപ്രീംകോടതിയുടെ സ്റ്റേ വരുമെന്നു കരുതി കാത്തുനിൽക്കാനുമില്ല. നാളെത്തന്നെ അവിടെ നേരിട്ടുചെന്ന് വീട്ടിൽനിന്ന് ഇറങ്ങിമാറണമെന്ന് അയാളോടു പറയും." ദൃഢഭാവത്തിൽ സലോമി പറഞ്ഞു.

എ.ഡി.എം. സുരേഷ് കുമാർ തിരികെപ്പോയി.

ജില്ലയിലെ എം.പി, എം.എൽ.എ, പ്രാദേശിക വികസനഫണ്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തൽ യോഗം നാലുമണിക്കാരംഭിച്ചത് എട്ടുമണിയായപ്പോഴാണവസാനിച്ചത്. എട്ടരയോടെ സലോമി ഔദ്യോഗികവസതിയിൽ എത്തിച്ചേർന്നു. എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു ചെറിയ ബംഗ്ലാവായിരുന്നു അത്. പരിചാരകരും സെക്യൂരിറ്റിയുമൊക്കെയുണ്ട്. വിശാലമായ ശീതീകരിച്ച മുറികളും ചെറിയ കോൺഫെറൻസ് ഹാളുമുണ്ട്. സലോമി കുളിച്ചു വേഷംമാറി വന്നപ്പോൾ അത്താഴം തയ്യാറായിരുന്നു. തനിയേയിരുന്ന് അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോൾ അവൾക്ക് ഒറ്റപ്പെടൽ തോന്നി. എഴുന്നേറ്റ് കൈകഴുകി വന്നയുടനേ അമ്മയെ ഫോണിൽ വിളിച്ചു. സെലീന പെട്ടെന്നെടുത്തു.

"ഹലോ... അമ്മേ..."

''മോളേ, നീയെവിടെയാണിപ്പം?"

"ഞാനിവിടെ, ഒരു വലിയ വീട്ടിൽ... ഒറ്റയ്ക്ക്... അല്ല സുമല തച്ചേച്ചിയുണ്ട്, സഹായിയായിട്ട്. അമ്മയെന്തെടുക്കുവാ?"

"ഞാനിച്ചിരെ കഞ്ഞികുടിക്കുകയായിരുന്നെടീ."

''എന്റമ്മേ, ഇവിടെയൊരു പത്തുപേർക്ക് സുഖമായി കഴിയാനുള്ള എല്ലാ സൗകര്യോമുണ്ട്. ഇങ്ങോട്ടുവരാമന്നു സമ്മതിക്കമ്മേ."

"ഒരുദിവസം നിന്റെ വീടുകാണാൻ ഞാൻ വരുന്നുണ്ട്. അന്നുതന്നെ തിരിച്ചുപോരും. ഇവിടെ കിടന്നാലേ എനിക്കുറക്കം വരുകയുള്ളൂ മോളെ."

''ദൈവം ഇങ്ങനെയൊരു സൗകര്യം തന്നപ്പം അത് അനുഭവിക്കാതെ അമ്മ തനിച്ചെന്തിനാണിങ്ങനെ?"

"കൂടിയ സൗകര്യങ്ങളൊന്നും എനിക്കു ശീലമില്ലാഞ്ഞിട്ടല്ലേ മോളേ. നീ പ്രാർത്ഥന ചൊല്ലിയോ?"

"പ്രാർത്ഥന ചൊല്ലാൻ പോണതേയുള്ളൂ. വേറേ എന്നാ അമ്മേ വിശേഷം?"

"ഒന്നുമില്ലടീ. ഇനി നിർത്തിക്കോ."



സലോമി കോൾ കട്ടാക്കി.

സഹായിയായ സുമലത യെയുംകൂട്ടി സലോമി പ്രധാന മുറിയുടെ ചുവരിൽ തിരുഹൃദയ രൂപവും അതിനു താഴെ അപ്പന്റെ ഫോട്ടോയും പ്രതിഷ്ഠിച്ചു. ഒരു കാലത്തു നാടുവിറപ്പിച്ച കാലൻ മാത്തന്റെ ഭീകരരൂപം അങ്ങനെ കളക്ടറുടെ ബംഗ്ലാവിന്റെ ഭിത്തിയിൽ ഇടംനേടി. ഈ സുന്ദരിയായ കളക്ടർകൊച്ചിന്റെ അപ്പൻ ഇങ്ങനെയൊരു കരിങ്കുറ്റനാണല്ലോയെന്ന് സുമലത വിചാരിച്ചു.

പിറ്റേന്നു ബുധനാഴ്ച.

രാവിലെ പതിനൊന്നുമണിക്ക് കളക്ടർ പോലീസ് അകമ്പടിയോടെ പുഴക്കര വക്കച്ചന്റെ ബംഗ്ലാവിന്റെ മുറ്റത്തെത്തി. കാറിൽനിന്നിറങ്ങിയ സർക്കിൾ ഇൻസ്പെക്ടർ മഹേഷ് ചന്ദ്രനും എസ്.ഐ. സതീഷും ആ വീടിന്റെ രൂപഭംഗി കണ്ട് അതിശയിച്ചു നിന്നു.

ഇളംപച്ച ചുരിദാറും വെള്ള ഷോളും ധരിച്ച കളക്ടർ സലോമിക്കും പുഴക്കര ബംഗ്ലാവ് ഒരതിശയകാഴ്ചയായി. പുറത്ത് ആരെയും കണ്ടില്ല.

എസ്.ഐ. സതീഷാണ് സിറ്റൗട്ടിൽ കയറി കോളിംഗ് ബെല്ലടിച്ചത്. അകത്തു കാൽപ്പെരുമാറ്റമുണ്ടായി.

ഒരു മിനിട്ടു കഴിഞ്ഞപ്പോൾ വാതിൽതുറന്ന് ആജാനുബാഹുവായ പുഴക്കര വക്കച്ചൻ ഇറങ്ങിവന്നു. തിളങ്ങുന്ന കഷണ്ടി. വെളുത്തുതുടുത്ത കവിളുകൾ. ഡൈ ചെയ്തു കറുപ്പിച്ച കട്ടിമീശ. സിൽക്ക് ജുബയും കസവുമുണ്ടും. സിറ്റൗട്ടിലും മുറ്റത്തും നിൽക്കുന്ന സംഘത്തെക്കണ്ട് അയാളുടെ നെറ്റി ചുളിഞ്ഞു. മനസ്സിലെ അങ്കലാപ്പ് മുഖത്തു വരാതിരിക്കാൻ വക്കച്ചൻ ശ്രദ്ധിച്ചു.

"എന്താ, നിങ്ങളൊക്കെ ഇവിടെ? എന്നെ പിടിച്ചോണ്ടു പോകാനോ മറ്റോ ആണോ?" വക്കച്ചൻ മുഴക്കമുള്ള ശബ്ദത്തിൽ ചോദിച്ചു.

സലോമി മുമ്പോട്ടു ചെന്നു.

"ഞാൻ ഇന്നലെ ചാർജെടുത്ത ജില്ലാ കളക്ടറാ. സലോമി മാത്യു!"

അതുകേട്ട് പുഴക്കര വക്കച്ചൻ വികൃതമായി പൊട്ടിച്ചിരിച്ചു.

''കേട്ടു. അറിഞ്ഞു. പത്രത്തിൽ പടവും കണ്ടു. കാലൻ മാത്തന്റെ മകളല്ലേ? സലോമി മാത്യൂന്നല്ല, സലോമി മാത്തൻ എന്നായിരുന്നു പേരുവരേണ്ടത്. കളക്ടറുപെണ്ണേ, നിനക്കറിയാമോന്നറിയില്ല ഒരു ചരിത്രം. കാലൻ മാത്തൻ എന്റെ ഗുണ്ടയായിട്ട്, എനിക്കുവേണ്ടി, തല്ലുകേം ഇടിക്കുകേം വെട്ടുകേം കുത്തുകേം ചെയ്തു വെലസിയവനാ. അവൻ വെട്ടേറ്റുചത്തപ്പം ഒരു ഗതീമില്ലാതെയാ കെട്ടിയവള് സെലീന കന്യാസ്ത്രീമഠത്തിലെ അടുക്കളപ്പണിക്കു പോയത്. മഠംകാരുടെ പഴങ്കഞ്ഞീം എച്ചിലും തിന്നു വളർന്ന കാലന്റെ മകള് പഠിച്ച് ഐ.എ.എസു കാരിയായെന്നൊക്കെ കേട്ടിരുന്നു..."

സർക്കിൾ ഇൻസ്പെക്ടർ രോഷത്തോടെ വക്കച്ചന്റെയരികിലേക്കടുത്തു.

''കെളവാ, മര്യാദയ്ക്കു സംസാരിക്കണം. കളക്ടറെ അപമാനിച്ചാൽ വിവരമറിയും.'' സി.ഐ. കയർത്തു.

കളക്ടർ സലോമി അദ്ദേഹത്തെ വിലക്കി.

"പറയട്ടെ. മുഴുവൻ പറയട്ടെ. ഭാഷ മോശമാണെങ്കിലും പറഞ്ഞതു പലതും സത്യമാണ്.'' സലോമി പറഞ്ഞു.

പുഴക്കര വക്കച്ചൻ വീണ്ടും വികൃതമായി ചിരിച്ചു.

(തുടരും)




ഡോ. ജേക്കബ് ജോർജ്

# പാമ്പിൻവിഷത്തിനു പരിഹാരമുണ്ട്

നമ്മുടെ നാട്ടിൽ സാധാരണമായി കാണുന്ന വിഷപ്പാമ്പുകൾ പ്രധാനമായും അണലി, മൂർഖൻ, രാജവെമ്പാല വെള്ളിക്കെട്ടൻ എന്നിവയാണ്. ഇതിൽത്തന്നെ രാജവെമ്പാല അപൂർവ്വമായി മാത്രമേ കാണാറുള്ളൂ. ഭൂപ്രദേശം മാറുന്നതനുസരിച്ച് വ്യത്യാസം വരുമെങ്കിലും Russel viper എന്ന അണലിയും hump nose pit viper എന്ന മറ്റൊരുതരം അണലിയും വഴിയുള്ള വിഷബാധയാണധികവും. മൂർഖൻ പാമ്പും വെള്ളിക്കെട്ടനും കടിച്ചുണ്ടാവുന്ന വിഷബാധയും വിരളമല്ല.

കടിക്കുന്നത് വിഷപ്പാമ്പാണെങ്കിൽകൂടി എല്ലായ്പോഴും വിഷം ശരീരത്തിൽ പ്രവേശിക്കണം എന്നില്ല. കടിക്കുന്ന സമയത്ത് പാമ്പിന്റെ പല്ലിൽ വിഷം കുറവാണെങ്കിലോ ധരിക്കുന്ന വസ്ത്രത്തിന്റെയോ പാദരക്ഷയുടെയോ മുകളിലാണ് കടിയെങ്കിലോ ശരീരത്തിൽ വിഷം പ്രവേശിക്കണമെന്നില്ല.

ഇരയുടെ നാഡീവ്യൂഹത്തെയോ രക്തം കട്ടപിടിക്കാനുള്ള കഴിവിനെയോ ആണ്. വിഷം പ്രധാനമായും ബാധിക്കുന്നത്. മൂർഖന്റെയും വെള്ളിക്കെട്ടന്റെയും വിഷം നാഡീവ്യൂഹത്തെയാണ് ബാധിക്കുന്നത്. ശ്വാസകോശത്തിന്റെ പേശികൾ തളർന്നു ശ്വാസംകിട്ടാതെയാണ് പല മരണങ്ങളും സംഭവിക്കുക. ഇവയുടെ വിഷം വളരെ വേഗത്തിൽ പ്രവർത്തിക്കുമെന്നതിനാൽ ഏതാനും നിമിഷങ്ങൾ മുതൽ ഏതാനും മണിക്കൂറുകൾക്കുള്ളിൽവരെ മരണം സംഭവിക്കാം. ചികിത്സ തുടങ്ങുന്നതിനു മുൻപുതന്നെ ശ്വാസോച്ഛ്വാസം നിലച്ചുപോകുന്ന ആളുകൾക്ക് ജീവൻ നിലനിർത്താൻ വെന്റിലേറ്ററിന്റെ സഹായം വേണ്ടിവന്നേക്കാം.

അണലിയുടെ വിഷത്തിന്റെ പ്രവർത്തനരീതി വ്യത്യസ്തമാണ്. രക്തം കട്ടപിടിക്കാനുള്ള കഴിവിനെയാണ് ഇതു പ്രധാനമായും ബാധിക്കുന്നത്. കൂടാതെ നമ്മുടെ പേശികൾ, വൃക്കകൾ, ശ്വാസകോശം ഹൃദയം തുടങ്ങിയവയുടെ പ്രവർത്തനത്തെയും ബാധിക്കുന്നു. അവയവങ്ങളുടെ പ്രവർത്തനത്തകരാറിനു മണിക്കൂറുകളോ ദിവസങ്ങളോ എടുക്കുമെന്നതിനാൽ ഇവ മൂലമുള്ള മരണങ്ങൾ വൈകാറുണ്ട്. മരുന്നുകൾ കൂടാതെ ചിലപ്പോൾ ഡയാലിസിസ്, വെന്റിലേറ്റർ എന്നീ ജീവൻ രക്ഷാഉപാധികളും അനുബന്ധ ചികിത്സാരീതികളും വേണ്ടിവന്നേക്കാം.

കടിയേറ്റ ഭാഗത്തുള്ള നീരും വേദനയും കടിവാടിൽ നിന്നുള്ള രക്തപ്രവാഹവും വിഷബാധയുടെ ലക്ഷണങ്ങളാണ്. വയറുവേദന, ഛർദി, തലകറക്കം, കാഴ്ച മങ്ങൽ, ഒരു വസ്തുവിനെ തന്നെ ഇരട്ടിച്ചു കാണുക, ശ്വാസതടസം, രക്തസ്രാവം, മൂത്രത്തിലൂടെ രക്തം വരിക, മൂത്രത്തിന് അളവ് കുറയുക തുടങ്ങിയ ലക്ഷണങ്ങളും കണ്ടുവരാറുണ്ട്.

പാമ്പുകടിയുടെ ചികിത്സ പ്രധാനമായും ആന്റി സ്നേക്ക് വെനം എന്ന എസവി ആണ്. അതായത് പാമ്പുകളുടെ വിഷം കുതിരയിൽ കുത്തിവച്ച് കുതിരയുടെ ശരീരത്തിലുണ്ടാകുന്ന പ്രതിവിഷം അഥവാ ആന്റി ബോഡി രക്തത്തിൽനിന്ന് വേർതിരിച്ചു ശുദ്ധീകരിച്ചു നിർമ്മിക്കുന്ന ആന്റി സ്നേക് വെനം. ഇന്ത്യയിൽ സാധാരണയായി കാണുന്ന നാലു പ്രധാന വിഷപ്പാമ്പുകൾക്കെതിരായുള്ള പ്രതിവിഷം ഒരുമിച്ചാണ് നൽകുന്നത്. അതിനാൽ ഇതിനെ polyvalent പാമ്പുവിഷം എന്നാണ് പറയുന്നത്. ഇങ്ങനെ polyvalent പാമ്പു വിഷം നൽകുന്നതുമൂലം പാമ്പിനെ തിരിച്ചറിഞ്ഞില്ലെങ്കിലും





കടിയേറ്റ രോഗിക്ക് ശരിയായ ചികിത്സ ലഭിക്കുമെന്ന് ഉറപ്പാണ്. Hump nose viper എന്ന ഒരുതരം അണലി മാത്രമാണ് ഇതിന് ഒരു അപവാദം. ഇവയ്ക്കുള്ള പ്രതിവിഷം സാധാരണമായി കിട്ടാറില്ല എന്നതിനാൽ ഇതുമൂലമുള്ള ചികിത്സയും കുറച്ചു വ്യത്യസ്തമാണ്.

രോഗലക്ഷണങ്ങളും അവയവങ്ങളെ ബാധിച്ചതിന്റെ ലക്ഷണങ്ങളും നോക്കിയാണ് ചികിത്സ നിശ്ചയിക്കുന്നത്.

ശരീരത്തിൽനിന്നു പുറത്തെടുത്ത രക്തം കട്ടപിടിക്കുന്നുണ്ടോ എന്നുള്ളതാണ് പരിശോധനയിൽ ഏറ്റവും പ്രധാനം. ശരീരത്തിൽനിന്ന് ഒരു പത്തു മില്ലി രക്തമെടുത്ത് ഒരു ഗ്ലാസ് ട്യൂബിൽ അനക്കാതെ വച്ചതിനുശേഷം കട്ടപിടിക്കാൻ ഉപയോഗിക്കുന്ന സമയമാണ് സാധാരണഗതിയിൽ ഉപയോഗിക്കാവുന്നത്. ഇതിനെ whole blood clothing time (WBCT) എന്നു പറയുന്നു. Wbct ഇരുപതു മിനിറ്റിലും നീളുന്നത് പാമ്പുകടിമൂലം രക്തം കട്ടപിടിക്കാനുള്ള ശേഷി നഷ്ടപ്പെടുമ്പോഴാണ്. മൂത്രത്തിൽ രക്തത്തിന്റെ അംശം വരിക, മൂത്രത്തിന് അളവ് കുറയുക, വൃക്കകളുടെ പ്രവർത്തനത്തിനു തകരാറ് സംഭവിക്കുക, രോഗിയുടെ ശ്വാസോച്ഛ്വാസം നിലയ്ക്കുക, ശരീരം കരിനീലിക്കുക എന്നിങ്ങനെ മറ്റു രോഗലക്ഷണങ്ങളും കണ്ടുവരാറുണ്ട്. ഇവ കണ്ടു പിടിക്കാൻ RFT PT, INR, ABG, എന്നിങ്ങനെ വ്യത്യസ്ത പരിശോധനകളും ചെയ്യുന്നു.

മൂർഖൻ പാമ്പ് കടിക്കുകയാണെങ്കിൽ കൺപോള അടഞ്ഞു പോകുന്നതുപോലെ കാണാറുണ്ട്.

കടിച്ച പാമ്പിനെ തിരഞ്ഞു പിടിച്ച് കൊന്നുകൊണ്ടുവരുന്നതായി കാണാറുണ്ട്. കടിച്ച പാമ്പിനെ തിരഞ്ഞു സമയം കളയുന്നത് ശരിയായ ചികിത്സ വൈകിപ്പിക്കുവാനും രോഗിയുടെ നില വഷളാകാനും ഇടയാക്കുന്നു.

കടിച്ചത് വിഷമുള്ള പാമ്പാണെങ്കിൽക്കൂടി രോഗിക്ക് രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ചികിത്സ നൽകുകയുള്ളൂ.

പാമ്പുകടിയേറ്റ പരിഭ്രമംമൂലം ഓടി രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ ശരീരത്തിലെ രക്തചംക്രമണം വേഗത്തിലാകുകയും വിഷം ശരീരത്തിൽ പെട്ടെന്നു വ്യാപിക്കുകയും ചെയ്യും. അതിനാൽ, പാമ്പുകടിയേറ്റവർ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. കടിയേറ്റ ഭാഗം ഹൃദയത്തിന്റെ താഴെയായി വയ്ക്കാൻ ശ്രദ്ധിക്കുക. വിഷം ശരീരത്തിൽ കലരുന്നത് ഒരു പരിധിവരെ ഇതുവഴി വൈകിപ്പിക്കാൻ സാധിക്കും.

എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തുക. കടിയേറ്റ ഭാഗം അനക്കാതിരിക്കുന്നതിന് ഒരുപക്ഷേ ജീവന്റെ വിലയുണ്ടാകും എന്നു മനസ്സിലാക്കുക. പാമ്പുകടിയേറ്റ ഭാഗം തുണികൊണ്ട് വല്ലാതെ മുറുക്കി വയ്ക്കുന്നതുമൂലം കടിയേറ്റ ഭാഗത്തേക്കുള്ള രക്തഓട്ടം തടസ്സപ്പെടാനും അവിടെ വ്രണമാകാനും ഇടയാകുന്നു. അതിനാൽ മുറുക്കിയാൽത്തന്നെ ഒരു വിരൽ കയറാനുള്ള അകലം ബാക്കിയുണ്ടാകണം.

പാമ്പുകടിയേറ്റ വ്യക്തിയെ ആശുപത്രിയിൽ എത്തിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഒരു ഇംഗ്ലീഷ് വാക്കിൽ കൃത്യമായി ഓർക്കാം.
Right, Reassurance, Immobilisation, Getting help, Proper Treatment

അശാസ്ത്രീയമായ ചികിത്സാരീതികൾ ശരിയായ ചികിത്സ വൈകിപ്പിക്കുകയും ദുരന്തത്തിനു കാരണമാക്കുകയും ചെയ്യും.

പരിഭ്രമം കുറയ്ക്കാൻ മദ്യപിക്കുകയോ പുകവലിക്കുകയോ അരുത്.

പച്ചമരുന്നുകളോ ഇലകളോ വെച്ച് മുറിവു കെട്ടുവാനും പാടില്ല. ചോര വരുന്നുണ്ടെങ്കിൽ വൃത്തിയുള്ള ഒരു തുണി വച്ചു കെട്ടാം.

മുറിവുകളുണ്ടാക്കി വിഷം പുറത്തുകളയാൻ ശ്രമിക്കുക, കടിച്ച പാമ്പിനെ തിരിച്ചുകടിക്കുക, മുറിവിൽനിന്ന് രക്തം വലിച്ചെടുക്കാൻ നോക്കുക എന്നിവ ബുദ്ധിശൂന്യമായ പ്രവൃത്തിയാണ്.

മുറിവിൽ ചൂടോ തണുപ്പോ പിടിക്കേണ്ട കാര്യമില്ല .

ഓർക്കുക - എല്ലാ പാമ്പുകടിയും വിഷമുള്ളതല്ല. വിഷമുള്ള പാമ്പുകടിക്കു സമയം വൈകിപ്പിക്കാതെ ശരിയായ ചികിത്സ ശരിയായ സമയത്തു നൽകുക.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ക്രിട്ടിക്കൽ കെയർ മെഡിക്കൽ വിഭാഗം സീനിയർ കൺസൾട്ടന്റാണ്.*

---

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

## ഓർമ്മയിലെ ഓണം

ഓണം വീണ്ടുമണഞ്ഞിടുന്നു, മലരി–
ന്നുള്ളത്തിലും മാനവ–
പ്രാണന്നുള്ളിലുമൊന്നുപോൽ മധുകണം
ചിന്തും വസന്തർത്തുപോൽ;
ക്ഷീണം മാറിയുണർന്ന കേരളമിതാ
മിന്നും വനജ്യോത്സ്നയാ–
ലോണക്കോടിയുടുത്തു മന്ദഹസിതം
തൂകുന്നു കാന്താംഗിയായ്!

2

ആടിക്കാറുകൾ മാഞ്ഞാ, വാനിലലസം
നീന്തുന്നു തൂവെൺമുകിൽ;
കോടക്കാറ്റുകളില്ല; മന്ദപവനൻ
വീശു,ന്നിതാശാമുഖം
പാടേ ശ്രാവണകാന്തി നിർഝരിയതിൽ
മുങ്ങുന്നു; പുന്നെൽക്കതിർ
തേടിക്കൂടു വെടിഞ്ഞിതാ കിളികുലം
പാറുന്നു പാടങ്ങളിൽ!

3

തുമ്പത്തിൻ നിൽപോലുമില്ല, നിഭൃതം
തുള്ളുന്നു പൂത്തുമ്പികൾ;
തുമ്പപ്പൂക്കളുമൊത്തുപുഞ്ചിരി മുദാ
തൂകുന്നു മുക്കുറ്റികൾ,
അമ്പിൽപ്പൂക്കളിറുത്തു ജാതകുതുകം
വൃത്തത്തിൽ ഗേഹങ്ങൾ തൻ
മുമ്പിൽപ്പൂക്കളമായ കാവ്യമെഴുതി–
ത്തീർക്കുന്നിളം കൈയുകൾ!

4

നാനാഹീനവിഭാഗചിന്തകളിതാ
മാനുഷ്യകത്തെപ്പിള–
ർന്നാനന്ദം വിളയേണ്ടൊരീ വസുധയിൽ
ഭ്രാന്താലയം തീർക്കവേ,
നാനാത്വത്തിലുമൈക്യമന്ത്രമുരുവി–
ട്ടെത്തുന്നു പൊന്നോണനാൾ
വാനും പാരുമതേറ്റു പാടിയണിവൂ
രോമാഞ്ചമാം കഞ്ചുകം!

5

മാവേലിപ്പഴമയ്ക്കു കാന്തിനവമായ്
വായ്ക്കുന്നു, പണ്ടാദവും
ഹാവായും ഭുവിനഷ്ടമാക്കിയ മഹാ–
സൗഭാഗ്യമിന്നോർമ്മയിൽ
ജീവൻ പൂണ്ടുണരുന്നു; പാരിലിനിയെ–
ന്നാമട്ടിലാകമ്രമായ്
പൂവിട്ടീടുമനന്തശാന്തി വഴിയും
തേജോമയം ജീവിതം!

6

തേഞ്ചോരും ശിശുവിന്റെ ചുണ്ടിലമൃതായ്
ത്തീരും മുലപ്പാലിലും
നഞ്ചാണിന്നഭയാർത്ഥികൾക്കു സമമായ്
സത്യം സദാചാരവും;
കഞ്ചാവും മധുസേവയും ലഹരിയും
തീർക്കുന്ന സ്വർഗ്ഗങ്ങളിൽ
ചാഞ്ചാടുന്നവരുണ്ടനേക,മലസം
ചാടും മരഞ്ചാടിപോൽ!

7

ഈവർണ്ണപ്പൊലിമയ്ക്കു പിന്നിലുമഹോ
ദാരിദ്ര്യദാവാഗ്നിയിൽ
പാവപ്പെട്ടവരുണ്ടു നീറിവിറകായ്
നിത്യം ദഹിച്ചീടുവോർ;
ഈ വിശ്വം സകലർക്കുമായി വിരചി–
ച്ചോരാപ്പരാശക്തിതൻ
ജീവൻ നമ്മിൽ വസിച്ചിടേണമവരേ
നാമുദ്ധരിച്ചീടണം!

8

അല്ലെന്നാകിൽ നിരർത്ഥ,മർത്ഥരഹിതം
കാവ്യം കണ്ക്കീമഹാ
കല്യശ്രീ കലരുന്നൊരുത്സവ,മതി–
ന്നോർക്കണമെല്ലാവരും;
നല്ലോണം ഭുവിനാമൊരുക്കുക മുദാ
സർവ്വർക്കുമായപ്പൊഴോ
ഫുല്ലാബ്ജത്തിനു തുല്യമായി വിരിയും
'സർവ്വോദയം' സുന്ദരം!

വൃത്തം: ശാർദ്ദൂലവിക്രീഡിതം

# വിശ്വാസവീഥിയിലെ വെള്ളിനക്ഷത്രം

ഒന്നും അവകാശമായി കാണാതെ, ലഭിക്കുന്നതെല്ലാം ദാനമായി സ്വീകരിച്ച് ജീവിതത്തെ ധന്യമാക്കുന്ന ഈശോയുടെ തിരുഹൃദയമലർവാടിയിലെ ഒരു സുന്ദരപുഷ്പമാണ് സി. പയസ് പള്ളിപ്പുറത്തുശേരി എസ്.എച്ച്. ദൈവത്തെയും ദൈവജനത്തെയും സ്നേഹിക്കുക എന്ന ഏകലക്ഷ്യത്തോടെ ജീവിക്കുന്ന പയസമ്മ തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ അഭിമാനമാണ്.

വേമ്പനാട്ടുകായലിന്റെ തീരത്ത് പള്ളിപ്പുറത്തുശേരി വീട്ടിൽ കുഞ്ഞുമത്തായിയുടെയും മറിയക്കുട്ടിയുടെയും സീമന്തപുത്രിയായി 1930 സെപ്റ്റംബർ മാസത്തിൽ സി. പയസ് ഭൂജാതയായി. മാമ്മോദീസാപ്പേര് മറിയാമ്മ എന്നായിരുന്നു. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം തിരുഹൃദയസന്ന്യാസിനീസമൂഹത്തിൽ അർത്ഥിനിയായി ചേർന്നു.

1948 ൽ ആദ്യവ്രതവാഗ്ദാനം ചെയ്ത് വി. പത്താം പീയൂസ് പാപ്പായുടെ നാമം സ്വീകരിച്ചു. 1950 ൽ ടി.ടി.സി. പാസ്സായി. പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ, ബിഷപ്പാകുന്നതിനു മുമ്പ് പാലാ സെന്റ് തോമസ് ടി.ടി.ഐ.യിൽ ഹെഡ്മാസ്റ്ററായിരിക്കേ, അദ്ദേഹത്തിന്റെ ശിഷ്യയാകാനും പിന്നീട് അവിടെത്തന്നെ അധ്യാപികയാകാനും കഴിഞ്ഞത് അതുല്യഭാഗ്യമായി പയസമ്മ ഓർമ്മിക്കുന്നു. 1952 ൽ നിത്യവ്രതവാഗ്ദാനം ചെയ്ത് ഈശോയുടെ സ്വന്തമായിത്തീർന്ന പയസമ്മ സന്ന്യാസസമർപ്പണജീവിതത്തിന്റെ 73 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണ്.

തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ സിദ്ധിയിലും തനിമയിലും ജീവിക്കാൻ പയസമ്മ എന്നും ശ്രദ്ധാലുവാണ്. തന്റെ ജീവിതത്തിന്റെ ഓരോ ശ്വാസോച്ഛ്വാസവും കർത്താവിനോടുള്ള കൃതജ്ഞതാർപ്പണമാണെന്ന് പയസമ്മ ഡയറിയിൽ കുറിച്ചിട്ടിരിക്കുന്നു. ആദ്ധ്യാത്മികജീവിതത്തിന്റെ അന്തസ്സത്ത പിതാവായ ദൈവത്തോടുള്ള കൃതജ്ഞതയും ഈശോയുടെ തിരുഹൃദയത്തോടുള്ള സവിശേഷമായ ഭക്തിയുമാണ്.

വിശ്വാസപരിശീലനരംഗത്ത് അരനൂറ്റാണ്ടോളം സേവനമനുഷ്ഠിച്ച പയസ്സമ്മ, മതബോധനം ലഭിക്കാത്ത കുഞ്ഞുങ്ങൾ വെള്ളം ലഭിക്കാതെ വാടിപ്പോകുന്ന ചെടികൾക്കു തുല്യമാണെന്നു പഠിപ്പിക്കുന്നു. കാൽനൂറ്റാണ്ടുകാലം പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനായി കുഞ്ഞുങ്ങളെ പരിശീലിപ്പിച്ചു. പാലാ സെന്റ് പയസ് ബാലഭവനിൽ നിരവധി വർഷങ്ങൾ സേവനമനുഷ്ഠിച്ച പയസമ്മ കുട്ടികളുടെ ഭൗതികവും മാനസികവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിക്കുവേണ്ടി യത്നിച്ചു.


സി. പയസ് പള്ളിപ്പുറത്തുശേരി എസ്.എച്ച്.

അനേകരുടെ ജീവിതപ്രശ്നങ്ങളിലേക്കു കടന്നുചെന്ന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ പയസമ്മയ്ക്കു സാധിച്ചിട്ടുണ്ട്. ഇടവകവികാരിമാരുടെ നിർദ്ദേശാനുസരണം ഭവനങ്ങൾ സന്ദർശിക്കാനും കുടുംബപ്രശ്നങ്ങൾ പരിഹരിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനുമൊക്കെ പയസമ്മയ്ക്ക് ഒരു പ്രത്യേക സിദ്ധിയുണ്ടായിരുന്നു. വളരെയധികം ആളുകളെ മാമ്മോദീസായ്ക്ക് ഒരുക്കാനും മാനസാന്തരപ്പെടുത്താനും അവരെ വിശ്വാസജീവിതത്തിന്റെ ആഴങ്ങളിലേക്കു നയിക്കാനും പയസമ്മയ്ക്കു കഴിഞ്ഞു. വിവാഹമെന്ന കൂദാശ സ്വീകരിക്കാതെ ഒരുമിച്ചുകഴിയുന്നവരെയും മിശ്രവിവാഹക്കെണിയിൽപ്പെട്ടവരെയും നേർവഴിയിലേക്കു നയിക്കാൻ ദൈവം പയസമ്മയെ ഉപകരണമാക്കി.

പാലാ കത്തീഡ്രൽ, പാറപ്പള്ളി എന്നിവ കേന്ദ്രീകരിച്ചായിരുന്നു പയസമ്മയുടെ മുഖ്യപ്രവർത്തനങ്ങൾ. നരിയങ്ങാനം, കുരുവിനാൽ, പാലാ സാന്തോം എന്നിവിടങ്ങളിൽ ശുശ്രൂഷകൾ നിർവഹിച്ചിട്ടുണ്ട്. ജൂണിയർ സിസ്റ്റേഴ്സിന്റെ ഗുരുനാഥയായി നീണ്ട വർഷങ്ങൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വാർദ്ധക്യത്തിന്റെ ക്ഷീണമൊന്നും വകവയ്ക്കാതെ ദീർഘനേരം മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്ന പയസമ്മ ചെറുപ്പക്കാർക്ക് ശക്തിയും പ്രചോദനവുമാണ്. സംസാരത്തിലും പെരുമാറ്റത്തിലും ശാന്തതയും സൗമ്യതയും സദാ കളിയാടുന്നു. കൊന്ത കെട്ടിയും കൈവേലകൾ ചെയ്തും തന്റെ സമയവും ആരോഗ്യവും വിലപ്പെട്ടതാക്കുന്നു. ലളിതവും വിനയാന്വിതവും അദ്ധ്വാനപൂർണ്ണവുമായ ജീവിതത്തിന്റെ ഉടമയായ പയസമ്മ പൂർണ്ണമായ വിശ്വസ്തതയുടെയും കൃത്യനിഷ്ഠയുടെയും ജീവിക്കുന്ന സാക്ഷ്യമാണ്.

നവതിയുടെ നിറവിലെത്തിയിരിക്കുന്ന സി. പയസ് പള്ളിപ്പുറത്തുശേരി പാലാ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ (വാഴേമഠം) വിശ്രമജീവിതം നയിക്കുകയാണിപ്പോൾ.

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര



## പതിനൊന്ന് ആഫ്രിക്കൻ രാജ്യങ്ങളിലൂടെ ഒഴുകുന്ന
# നൈൽ നദി

**നൈ**ൽ നദി ഈജിപ്ഷ്യൻ നാഗരികതയ്ക്കും ടൈഗ്രീസ് - യൂഫ്രട്ടീസ് നദികൾ മെസൊപ്പൊട്ടോമിയയ്ക്കും മഞ്ഞനദി ചൈനീസ് സംസ്കാരത്തിനും കളമേകി. മനുഷ്യസംസ്കാരങ്ങൾ അവിടെ പുഷ്ടിപ്പെട്ടു വളർന്നു. മഹാനദികൾക്കു പേരും പെരുമയുമായി. ആധുനികനഗരങ്ങളൊക്കെ ഉയർന്നുവളർന്നത് നദീതടങ്ങളിലാണല്ലോ. ലണ്ടനും പാരീസും ബെർലിനും റോമും ന്യൂയോർക്കും ടോക്കിയോയും കെയ്റോയും - അങ്ങനെ നീളുന്നു ആ പട്ടിക.

ഭൂമിയിലെ ആകെ ജലത്തിന്റെ 97 ശതമാനവും കടലുകൾതന്നെ. ശുദ്ധജലത്തിന്റെ ഏറിയഭാഗവും ധ്രുവപ്രദേശങ്ങളിലെ മഞ്ഞുപാളികളിലകപ്പെട്ടു കിടക്കുന്നു. ആകെയുള്ള ശുദ്ധജലത്തിന്റെ 0.3 ശതമാനം മാത്രമാണ് നദികളിലും തടാകങ്ങളിലും ഇതര ജലസ്രോതസ്സുകളിലുമൊക്കെ കാണുക. അവയിൽ പ്രധാനം നദീജലമാണ്. മനുഷ്യാവശ്യത്തിന്റെ ഭൂരിഭാഗവും നിറവേറുന്നത് നദികളിൽനിന്നാണ്. ഏതൊരു മഹാനദിക്കും അതുമായി ബന്ധപ്പെട്ട മനുഷ്യസമൂഹങ്ങളുടെ ചരിത്രമുണ്ടെന്നു കാണാം.

ലോകമഹാനദികളിൽ എന്തുകൊണ്ടും പ്രമുഖസ്ഥാനമുള്ള നൈൽനദി, ഏറ്റവും നീളംകൂടിയതെന്ന അവകാശവാദമുണ്ടെങ്കിലും കണക്കുകൾ പ്രകാരം ആമസോൺ നദി ആ മഹത്ത്വം കിരീടമാക്കുന്നുണ്ട്. ഗിന്നസ് ബുക്കുപ്രകാരം നൈൽതന്നെയാണ് ലോകത്തിലെ ഏറ്റവും നീളമുള്ള നദി - 6625 കി.മീ. ആഫ്രിക്കയിലെ പതിനൊന്നു രാജ്യങ്ങളിലൂടെ ഒഴുകുന്ന നദിയാണ് നൈൽ. ഈജിപ്തിന്റെ സ്വന്തം നദി. ഈജിപ്ഷ്യൻ മരുഭൂമികളിലൂടെ ഒഴുകുന്നു എന്ന പ്രത്യേകതകൂടിയുണ്ട് നൈലിന്. അയ്യായിരം വർഷത്തിലേറെയായി ഈജിപ്തിനു ശുദ്ധജലവും ഭക്ഷണവും കൃഷിഭൂമിയും ഗതാഗതമാർഗ്ഗവുമെല്ലാം ഒരുക്കിക്കൊണ്ടിരിക്കുന്ന പുണ്യമഹാനദിയാണിത്. ഇന്നിപ്പോൾ ഈജിപ്തിലെ 95 ശതമാനം ജനങ്ങളും കഴിയുന്നത് നൈൽനദിയുടെ തീരങ്ങളിലാണ്.

നൈലിന്റെ രണ്ടു പ്രധാന പോഷകനദികളാണ് വൈറ്റ് നൈൽ, ബ്ലൂനൈൽ എന്നിവ. വൈറ്റ് നൈൽ ഉദ്ഭവിക്കുന്നത് ബുറുണ്ടി, റുവാണ്ട എന്നീ രാജ്യങ്ങളിൽ എവിടെയോനിന്നാണ്. ബ്ലൂനൈലിന്റെ ഉദ്ഭവം എത്യോപ്യയിലെ താന തടാകത്തിൽനിന്നാണ്. പിന്നീടത് സുഡാന്റെ തലസ്ഥാനമായ ഖാർത്തൂമിൽ വച്ച് വൈറ്റ് നൈലുമായി ചേർന്നൊഴുകുന്നു. ബൈബിളിലും ലോകചരിത്രത്തിലും സാഹിത്യത്തിലുമെല്ലാം നൈൽനദിയെപ്പറ്റി ധാരാളം പരാമർശങ്ങളുണ്ട്.



# പുളിഞ്ചിയുടെ ഗുണങ്ങൾ

കാർഷികം

ജോഷി മുഞ്ഞനാട്ട്

**വീ**ട്ടുവളപ്പിലെ കൃഷിയിടങ്ങളിൽ പണ്ടു കാലങ്ങളിൽ ധാരാളം കണ്ടുവന്നിരുന്ന ഒരു കൊച്ചുമരമാണ് പുളിഞ്ചി. ഇലുമ്പിപ്പുളി, ഇലുമ്പൻപുളി എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു.


ഒക്സാലിഡേസി കുടുംബത്തിൽപ്പെടുന്ന ഇവയുടെ ശാസ്ത്രനാമം അവേറിയ ബിലുബി എന്നാണ്. മാംസളമായ കായ്കൾ തടിയിലും ശിഖരങ്ങളിലും ധാരാളമായി കായ്ച്ചുനിൽക്കുന്നതു കാണുവാൻ തന്നെ മനോഹരമാണ്. ചില പ്രദേശങ്ങളിൽ ഇതിന്റെ കായ്കൾക്കു ചിലുമ്പിക്ക എന്നാണു പേര്.

വിത്തിൽനിന്നുണ്ടാക്കിയ തൈകൾ നട്ടും സാധാരണ ഇതു പാകമായ കമ്പ് മുറിച്ചുവച്ചും വളർത്താം. നടുന്ന അവസരത്തിൽ അടിവളമായി ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ചേർക്കുന്നതു നന്ന്. നട്ടശേഷം നനച്ചു കൊടുക്കണം. വേനൽക്കാലത്ത് പുതയിടുന്നതും നനച്ചു കൊടുക്കുന്നതും വളരെ നല്ലതാണ്.

മീൻകറിയിൽ പുളിക്കുവേണ്ടി കേരളത്തിലെ ചില പ്രദേശങ്ങളിൽ ഇവ ഉപയോഗിക്കാറുണ്ട്. അച്ചാറിടുവാനും ഇവ നല്ലതുതന്നെ. നെടുകെ പിളർന്ന് (അരിഞ്ഞ്) ഉപ്പുപുരട്ടി സൂക്ഷിക്കുവാനും നന്ന്.

പുളിഞ്ചിക്കായുടെ ഭക്ഷ്യയോഗ്യമായ 100 ഗ്രാമിൽ 94.7 ശതമാനം ജലാംശമാണ്. ഇതിനു പുറമേ 0.61 ഗ്രാം മാംസ്യം, 0.6 ഗ്രാം ഭക്ഷ്യനാരുകൾ, 3.4 മില്ലീഗ്രാം കാൽസ്യം, 11.1 മില്ലിഗ്രാം ഫോസ്ഫറസ് 1.0 മില്ലിഗ്രാം ഇരുമ്പ് എന്നിവ ഇതിൽ അടങ്ങിയിരിക്കുന്നു.

പുളിഞ്ചിക്കായിൽ സുഷിരങ്ങളിട്ട് ഒരു രാത്രി വെള്ളത്തിലിട്ട് പുളി കുറച്ചശേഷം ജാമും ജെല്ലിയുമുണ്ടാക്കാൻ ഉപയോഗിക്കാറുണ്ട്. പുളിഞ്ചിപ്പൂക്കളെ പഞ്ചസാര സിറപ്പിലിട്ട് ചില രാജ്യക്കാർ ഉപയോഗിക്കാറുണ്ട്. ഇതിന്റെ ഇലയും പൂക്കളും ഔഷധാവശ്യങ്ങൾക്കും ഉത്തമം. അടുത്ത കാലത്തായി പുളിഞ്ചിയിൽനിന്നു നിരവധി ഔഷധഗുണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത് ഇലുമ്പൻ പുളിക്കു കൂടുതൽ പ്രചാരം ലഭിക്കുവാനും ഇടയാക്കിയിട്ടുണ്ട്.




## സെപ്റ്റംബർ 6

**ഏലിയാ സ്ലീവാ മൂശക്കാലം**

**ഒന്നാം ഞായർ**



നിയ 6: 20-25
ഏശയ്യാ 31: 4-9
2 തെസ 1: 3-10
ലൂക്കാ 18: 35-43


**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

# മിശിഹായാകുന്ന പ്രകാശത്തിലേക്ക്

ഈശോമിശിഹായുടെ രണ്ടാമത്തെ ആഗമനവും അന്ത്യവിധിയും പ്രധാന വിചിന്തനവിഷയമാക്കുന്ന ഏലിയ-സ്ലീവാ-മൂശക്കാലങ്ങളിലേക്ക് ആരാധനാസമൂഹം പ്രവേശിക്കുകയാണ്. ഈ കാലത്തിലെ പ്രധാന തിരുനാൾ വിശുദ്ധ സ്ലീവായുടെ ആത്യന്തികമായ വിജയം പ്രഘോഷിക്കുന്ന സ്ലീവായുടെ പുകഴ്ചയുടെ തിരുനാളാണ്. (സെപ്റ്റംബർ 14) രൂപാന്തരീകരണത്തിന്റെ മലയിൽ മോശയും എലിയായും പ്രത്യക്ഷപ്പെട്ടപ്പോൾ കർത്താവിന്റെ വരാനിരിക്കുന്ന മഹത്ത്വം പ്രഘോഷിക്കപ്പെട്ടതുപോലെ കുരിശിന്റെ തിരുനാളാചരണം കേന്ദ്രബിന്ദുവായ സ്ലീവാക്കാലത്തിന്റെ ഇരുവശങ്ങളിലുമായി ഏലിയാക്കാലവും മൂശക്കാലവും അനുസ്മരിച്ചുകൊണ്ട് മിശിഹായുടെ മഹത്ത്വപൂർണമായ രണ്ടാംവരവിനെ തിരുസഭ ഓർമ്മിക്കുന്നു.

ഇസ്രായേൽജനത്തെ വാഗ്ദത്തനാട്ടിലേക്കു നയിച്ച മോശയെയും ജനം സത്യദൈവത്തിൽനിന്ന് അകന്നുപോയപ്പോൾ അവരെ തങ്ങളുടെ പിതാക്കന്മാരുടെ ദൈവത്തിങ്കലേക്ക്, മോശയിലൂടെ നല്കിയ തോറായിലേക്ക്, തിരിച്ചുകൊണ്ടുവരുവാൻ കഠിനമായി പ്രയത്നിച്ച ഏലിയാപ്രവാചകനെയും ചേർത്തുവച്ചാൽ പഴയനിയമത്തെ പൂർണ്ണമായും പ്രതിനിധീകരിക്കുന്നു എന്നാണ് യഹൂദപാരമ്പര്യം. നിയമഗ്രന്ഥത്തിന്റെയും പ്രവാചകഗ്രന്ഥങ്ങളുടെയും സ്ഥാനത്താണ് ഈ രണ്ടു പേരും നില്ക്കുന്നത്. അതിന്റെ കേന്ദ്രത്തിൽ സ്ലീവാ വച്ചിരിക്കുന്നതിലൂടെ പഴയനിയമത്തിന്റെയും കേന്ദ്രം മിശിഹായാണെന്നും പഴയനിയമം ലക്ഷ്യം വച്ചിരുന്നതും മിശിഹായിൽ പൂർത്തീകരിക്കപ്പെട്ടതുമായ ദൈവികവെളിപാടിന്റെ മഹത്ത്വപൂർണമായ ആഘോഷം നോക്കിപ്പാർത്തിരിക്കുന്ന ആരാധനാസമൂഹം ആ യാഥാർഥ്യത്തിലേക്ക് എത്തിച്ചേരുന്നതിനെയുമാണ് ഈ ആരാധനക്രമകാലത്ത് ആചരിക്കുന്നത്.

മിശിഹായുടെ മഹത്ത്വപൂർണ്ണമായ ആഗമനത്തിൽ അവിടത്തെ എതിരേല്ക്കുന്നതിനും അവിടത്തെ മഹത്ത്വത്തിൽ പങ്കാളികളാകുന്നതിനും സഭാമക്കൾ ഒരുങ്ങണമെന്ന് അനുസ്മരിപ്പിക്കുന്ന ആരാധനാവസരമാണിത്. ഈശോ, സുനിശ്ചിതമായും ഉണ്ടായിരിക്കുമെന്നു പഠിപ്പിച്ചതും എന്നാൽ, അത് എപ്പോഴാണെന്ന് വളരെ അനിശ്ചിതമായി പറഞ്ഞിരിക്കുന്നതുമായ ഒരു കാര്യമാണ് മിശിഹായുടെ രണ്ടാംവരവും അന്ത്യവിധിയും. ജനം എപ്രകാരം അതിനുവേണ്ടി ഒരുങ്ങണമെന്നാണ് ഈ കാലത്തെ തിരുവചനവായനകളുടെയെല്ലാം സന്ദേശം. നിയമാവർത്തനപ്പുസ്തകത്തിൽനിന്നുള്ള വായനയിൽ കണ്ടുമുട്ടുന്നത് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ദേശത്തേക്കു നയിക്കപ്പെടുന്ന ഇസ്രായേൽജനത്തെയാണ്. ദൈവജനം വാഗ്ദത്തനാട്ടിലേക്കു നയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ ശാശ്വത ഭവനമില്ല; വാഗ്ദത്തനാട്ടിലെത്തിയെങ്കിലും അവിടവും ഇസ്രായേലിനു സ്ഥിരവാസസ്ഥലമായി മാറ്റപ്പെടുന്നില്ല. അവിടെ പ്രവേശിച്ചതിനുശേഷവും അവർക്ക് ആ നാടും രാജത്വവും പേരും എല്ലാം നഷ്ടപ്പെടുന്നുണ്ട്. ഈ പ്രപഞ്ചത്തിൽ ശാശ്വതമായൊരു ഭവനം ഇല്ലായെന്ന ചിന്തയാണ് അതു പങ്കുവയ്ക്കുന്നത്. ദൈവം വാഗ്ദാനം ചെയ്തതും അവിടത്തോടുകൂടി ശാശ്വതമായ വിശ്രമത്തിലായതുമായ സ്ഥലത്തേക്കു മനുഷ്യൻ യാത്രയിലാണ്. ദൈവികപദ്ധതിയോടുചേർന്ന് നിത്യവസതിയിലേക്കുള്ള യാത്രയിലാണു നാം. തിരുവചനം പറയുന്നു: നമുക്ക് എന്നും നന്മയുണ്ടാകാനും ഇന്നു ജീവിക്കുന്നതുപോലെ എന്നും ജീവിക്കാനും ദൈവത്തിന്റെ പ്രമാണങ്ങൾ പാലിക്കണം. നിത്യജീവിതത്തിനുള്ള അച്ചാരം ദൈവപ്രമാണങ്ങളുടെ പാലനമാണ്. സങ്കീർത്തകൻ പറയുന്നു: അങ്ങയുടെ നിയമങ്ങളിൽനിന്നു വ്യതിചലിക്കുന്നവരെ അങ്ങ് നിരാകരിക്കുന്നു (119,118). അങ്ങയുടെ നിയമത്തെ സ്നേഹിക്കുന്നവർക്കു ശാന്തി ലഭിക്കും (119,165).



ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായനയും വിമോചനത്തിന്റെയും പരിപാലനയുടെയും സന്ദേശമാണു നല്കുന്നത്. സിയോനെ രക്ഷിക്കുന്നതും മോചിപ്പിക്കുന്നതും അവരുടെ ജീവനെ സുരക്ഷിതമായി പരിപാലിക്കുന്നതും കർത്താവാണ്. അതിനാൽ, കർത്താവിന്റെ പക്കലേക്കു തിരിയാനാണ് പ്രവാചകൻ സിയോൻനിവാസികളെ ഓർമിപ്പിക്കുന്നത്. ഇസ്രായേലിന്റെ വിമോചനത്തിലുള്ള ദൈവിക ഇടപെടലിനെ സൂചിപ്പിക്കുന്നതാണ് അസീറിയ, മനുഷ്യന്റേതല്ലാത്ത ഒരു വാൾകൊണ്ടുവീഴും എന്നു പറഞ്ഞിരിക്കുന്നത്; കർത്താവിന്റെ സംരക്ഷണത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. പക്ഷി ചിറകിൻകീഴിൽ എന്നതുപോലെ സൈന്യങ്ങളുടെ കർത്താവ് ജറുസലേമിനെ സംരക്ഷിക്കും എന്നാണ് പ്രവാചകൻ പറയുന്നത്.

ജറീക്കോയിലൂടെ കടന്നുപോകുമ്പോൾ അന്ധയാചകന്റെ നിലവിളികേട്ട് അവന് കാഴ്ച വീണ്ടുകൊടുക്കുന്ന ഈശോയെയാണ് സുവിശേഷത്തിൽ (ലൂക്കാ 18:35-43) നാം കണ്ടെത്തുന്നത്. അന്ധനായ മനുഷ്യൻ അന്ധതയിൽനിന്നു വിമോചിപ്പിക്കപ്പെടുന്നതിനൊപ്പം അന്ധകാരത്തിൽനിന്നു മിശിഹായാകുന്ന പ്രകാശത്തിലേക്കും നയിക്കപ്പെടുന്നു. അന്ധനായ മനുഷ്യൻ മറ്റുള്ളവരെക്കാൾ മിശിഹായെ ഏറ്റുപറയുന്നുണ്ട്. ജനക്കൂട്ടം കടന്നുപോകുന്നതുകേട്ട് അത് എന്താണെന്നന്വേഷിച്ച അന്ധനോട് അവർ പറയുന്നത് നസ്രായനായ ഈശോ കടന്നുപോകുന്നു എന്നാണ്. എന്നാൽ, അവൻ വിളിച്ചപേക്ഷിക്കുന്നത് ദാവീദിന്റെ പുത്രനായ മിശിഹായേ, എന്നിൽ കനിയണമേ എന്നാണ്. ശാരീരികമായുള്ള അന്ധത നീക്കപ്പെടുന്നതിനുമുമ്പുതന്നെ അവന്റെ ആത്മീയാന്ധത നീക്കപ്പെട്ടിരുന്നു. വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കപ്പെട്ടപ്പോഴാണ് ബാഹ്യനേത്രങ്ങളും തുറക്കപ്പെട്ടത്. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നുവെന്നാണ് അന്ധനോട് ഈശോ പറഞ്ഞത്. കാഴ്ച വീണ്ടുകിട്ടിയവൻ മിശിഹായെ അനുഗമിക്കുകയും ചെയ്തു.

തെസലോനിക്കായിലെ സഭയിൽ കഷ്ടതകളുടെയും പീഡനങ്ങളുടെയും നടുവിൽ വിശ്വാസം സമൃദ്ധമായി വളരുന്നതിനെയും പരസ്നേഹം വർദ്ധിച്ചുവരുന്നതിനെയുംപ്രതി പൗലോസ്ശ്ലീഹാ ദൈവത്തിനു നന്ദി പറയുകയും അവരെക്കുറിച്ച് അഭിമാനിക്കുകയുമാണ്. മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനത്തിൽ അവർക്കു സമാശ്വാസം ലഭിക്കുമെന്ന് ശ്ലീഹാ അവരെ ഓർമിപ്പിക്കുന്നു. കർത്താവിന്റെ ദിനത്തെ പ്രത്യാശയോടെ നോക്കിപ്പാർത്തിരിക്കുവാൻ ശ്ലീഹാ സഭാസമൂഹത്തെ പ്രബോധിപ്പിക്കുന്നു. സുവിശേഷാനുസൃതമായ ജീവിതത്തിലൂടെ മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനത്തെ കാത്തിരിക്കുവാൻ ഇന്നും തിരുവചനം നമ്മെ വിളിക്കുന്നു. ■

# കണ്ണീരൊപ്പാനാകട്ടെ സർക്കാരുകൾ

1-ാം പേജ് തുടർച്ച

ഉത്തരേന്ത്യയിലെ വൻകിടകർഷകർ ലോക്ഡൗണിന്റെ ആദ്യകാലത്തെ കഷ്ടപ്പാടുകളിൽനിന്ന് ഒരുവിധം കരകയറിവരുകയാണ്. ഹിന്ദിസംസ്ഥാനങ്ങളിലെ കാർഷികോത്പന്നങ്ങൾക്കു താരതമ്യേന മെച്ചപ്പെട്ട താങ്ങുവില നൽകി സർക്കാരുകൾ സംഭരിക്കുന്നതാണ് ഗുണകരമായത്. ഗോതമ്പ്, നെല്ല്, പയർവർഗങ്ങൾ, സവോള, കിഴങ്ങ്, പച്ചക്കറികൾ എന്നിവയ്ക്കെല്ലാം ലോക്ഡൗൺ കാലത്തു വിപണിയിൽ ചെലവുകൂടിയതും ഉത്തരേന്ത്യൻ കർഷകർക്കു തെല്ലൊരു ആശ്വാസമായിട്ടുണ്ട്.

എങ്കിലും മധ്യപ്രദേശ്, രാജസ്ഥാൻ, യുപി, പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, ബിഹാർ, ഒഡീഷ, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് തുടങ്ങി മിക്ക സംസ്ഥാനങ്ങളും കാർഷികമേഖല പൊതുവേ നേരിടുന്ന പ്രതിസന്ധികളിൽ നിന്നു മോചിതരല്ല. അന്താരാഷ്ട്ര കരാറുകളുടെ തിരിച്ചടികളെക്കാളും വിളകളുടെ വിലക്കുറവിനെക്കാളും കാലാവസ്ഥയിലെ വ്യതിയാനമാണ് കർഷകരെ ദോഷകരമായി ബാധിക്കുന്നത്. കേരളത്തിൽ ഉൾപ്പെടെ രാജ്യത്താകെ ഇതേ പ്രശ്നമുണ്ട്.

പ്രളയവും വരൾച്ചയും ഒരുപോലെ കർഷകരുടെ കണ്ണീരിനു കാരണമാകുന്നത് കേരളം എല്ലാ വർഷവും അനുഭവിക്കുന്നുണ്ട്. മൂന്നാർ പെട്ടിമുടിയിൽ ഉണ്ടായതുപോലുള്ള പ്രകൃതിദുരന്തങ്ങളും പാവങ്ങളായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതമാണ് തച്ചുടയ്ക്കുന്നത്. ഓരോ ദുരന്തത്തിനും പ്രകൃതിക്ഷോഭങ്ങൾക്കും പിന്നാലെ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ നടത്തുന്ന പ്രഖ്യാപനങ്ങൾ കടലാസിലൊതുങ്ങും. പിറ്റേവർഷം മറ്റൊരിടത്തു ദുരന്തവും പ്രളയക്കെടുതികളും ആവർത്തിക്കുന്നു. വേനൽക്കാലത്തിന്റെ വറുതികളും വർഷംതോറും തനിയാവർത്തനമാണു കാണുന്നത്.

**കാർഷികപദ്ധതികളിലെ ധൂർത്തും ദുരന്തമാണ്**

കേരളത്തിന്റെ സമ്പദ്ഘടനയുടെയും സാധാരണജനങ്ങളുടെയും പ്രധാന ആശ്രയമാണ് തോട്ടവിളകളും നാണ്യവിളകളും സുഗന്ധവിളകളുമെല്ലാം. കേരളത്തിലെ കാർഷികമേഖല വർഷങ്ങളായി കടുത്ത പ്രതിസന്ധിയിലാണ്. നാളികേരം, റബർ, തേയില, കാപ്പി, കുരുമുളക്, ഏലം, നെല്ല്, അടയ്ക്ക, കശുവണ്ടി, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ, കൊക്കോ തുടങ്ങി സംസ്ഥാനത്തിന്റെ ഏതെങ്കിലും കൃഷി ഇന്നു ലാഭകരമായി നടത്താൻ കഴിയാത്ത നിലയാണ്.

പക്ഷേ, വലിയ വാഗ്ദാനങ്ങൾക്കും പൊള്ളയായ പദ്ധതികൾക്കുമപ്പുറം സർക്കാരുകൾ കർഷകർക്കു സഹായം എത്തിക്കുന്നില്ല. കൃഷിവകുപ്പിന്റെ പേരിൽ ചെലവാക്കുന്ന മൊത്തം തുകയുടെ 60-70 ശതമാനത്തിലേറെ ഉദ്യോഗസ്ഥർക്കു ശമ്പളവും ആനുകൂല്യങ്ങളും യാത്രാ, ദിവസപ്പടികളുമായി ചെലവാക്കുന്നതാണു ദുര്യോഗം.

നിരവധിയായ ഓഫീസുകളും അതിന്റെ ചെലവുകളുംകൂടിയാകുമ്പോൾ കാർഷികമേഖലയ്ക്കായി ബജറ്റിൽ വകയിരുത്തുന്ന തുകയുടെ സിംഹഭാഗവും കർഷകർക്കു ഗുണമില്ലാതെ ചെലവാകുന്ന നില. പദ്ധതികളുടെയും സെമിനാറുകളുടെയും പരസ്യങ്ങളുടെയും പേരിൽ ചെലവിടുന്ന തുകകൂടിയാകുമ്പോൾ ഫലത്തിൽ കർഷകർ വഞ്ചിക്കപ്പെടുന്നു. ഖജനാവിൽനിന്നു ചെലവാക്കുന്ന ഓരോ നൂറു രൂപയിലും 20 രൂപപോലും കർഷകനു കിട്ടുന്നില്ല.

റബർ, തേയില, കോഫി, സ്പൈസസ്, നാളികേര, കയർ ബോർഡുകളുടെ പ്രവർത്തനങ്ങളുടെ നേരിയ ഗുണം മാത്രമാണ് സാധാരണ കർഷകരിലെത്തുന്നത്. റബർബോർഡും മറ്റും സാവധാനം ഇല്ലാതാക്കുന്ന കേന്ദ്രനയംകൂടിയാകുമ്പോൾ കേരളത്തിന്റെ സമ്പദ്ഘടനയുടെയും സാധാരണ കർഷകരുടെയും നടുവൊടിയും. കർഷകരുടെ പക്കൽ മിച്ചം പണമില്ലാതായതോടെ കാർഷികമേഖലകളിലെ ബിസിനസുകളും തകർന്നടിഞ്ഞു.

**കർഷകരെ സർക്കാർ മാറോടണയ്ക്കട്ടെ**

അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ, തായ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങളിൽ കർഷകരെ സംരക്ഷിക്കാൻ സർക്കാരുകൾ വളരെ ഫലപ്രദമായ പദ്ധതികളാണു നടപ്പാക്കുന്നത്. കൊവിഡ് ലോക്ഡൗൺ കാലത്ത് ഇത്തരം രാജ്യങ്ങളിൽ കർഷകർക്കു നേരിട്ടു കാര്യമായ സാമ്പത്തികസഹായവും നൽകി. അതിലേറെ, അന്താരാഷ്ട്ര വ്യാപാരകരാറുകളിൽനിന്നു കർഷകർക്കു നേട്ടം ഉണ്ടാക്കിക്കൊടുക്കാൻ അതതു സർക്കാരുകൾ വ്യക്തമായ പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്.

എന്നാൽ, ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിലെ കാർഷികവിളകളുടെ വില കുത്തനെ ഇടിക്കാനും കർഷകരുടെ നട്ടെല്ലൊടിക്കാനും മാത്രമാണ് കേന്ദ്രസർക്കാർ ആസിയാൻ, സാർക്ക് അടക്കമുള്ള അന്താരാഷ്ട്രകരാറുകൾ വഴിതെളിച്ചത്.

വൻകിട ടയർ ലോബിക്കു വേണ്ടി കേന്ദ്രത്തിലെ കോൺഗ്രസ്, ബിജെപി സർക്കാരുകൾ കർഷകരെ ഒറ്റുകൊടുത്തത് അനുഭവിക്കുകയാണു കേരളത്തിലെ പതിനൊന്നു ലക്ഷം റബർ കർഷകരും അവരെ ആശ്രയിച്ചുകഴിഞ്ഞിരുന്ന ലക്ഷക്കണക്കിനു തൊഴിലാളികളും.

**കർഷകർക്കായി ഉണരണം സർക്കാരും സമൂഹവും**

കർഷകർക്കു മതിയായ സാമ്പത്തികസഹായം നൽകുകയാണ് കേന്ദ്ര-സംസ്ഥാനസർക്കാരുകൾ അടിയന്തരമായി ചെയ്യേണ്ടത്. കാർഷികോത്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കി സംഭരിക്കുകയും താങ്ങുവിലയും വിലസ്ഥിരതാഫണ്ടും പ്രഖ്യാപിച്ചു ഫലപ്രദമായി നടപ്പാക്കുകയും വേണം. കടക്കെണിയിലുള്ള പതിനായിരക്കണക്കിനു ചെറുകിട, നാമമാത്രകർഷകരുടെ കടവും പലിശയും എഴുതിത്തള്ളാനുള്ള നടപടികളും അനിവാര്യമാണ്.

കർഷകരെ വീണ്ടും ആത്മഹത്യയിലേക്കും കൊടിയ ദുരിതങ്ങളിലേക്കും തള്ളിവിട്ടാൽ കേരളവും രാജ്യവും കൂടുതൽ പ്രതിസന്ധിയിലാകാനേ ഉപകരിക്കൂ. കേരളത്തിലെ കർഷകരിൽ 90 ശതമാനത്തിലേറെ ചെറുകിടക്കാരാണെന്നതും ആരും മറക്കാതിരിക്കട്ടെ. മന്ത്രിമാരും ജനപ്രതിനിധികളും രാഷ്ട്രീയപ്പാർട്ടികളും സംഘടനകളും പൊതുസമൂഹവും കൈകോർത്താൽ കോടിക്കണക്കിനു സാധാരണകർഷകരെയും രാജ്യത്തെയും രക്ഷിക്കാനാകും.

സർക്കാരുകളും രാഷ്ട്രീയപ്പാർട്ടികളും ജനങ്ങൾക്കുവേണ്ടിയാണെങ്കിൽ ഭിന്നതകൾ മറന്ന് തൊഴിലാളികളെയും കർഷകരെയും രക്ഷിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കണം. ഫലപ്രദമായ നടപടികൾക്കു സമയം ഇനിയും വൈകിയിട്ടില്ല. ഭരണക്കാരെ ഉണർത്താൻ പൊതുസമൂഹം ശബ്ദം ഉയർത്തുമെന്നും പ്രത്യാശിക്കാം. ■

# പരിസ്ഥിതിനശീകരണം സർക്കാർനയമോ?



റോബിൻ താന്നിമലയിൽ

പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണംമൂലം മനുഷ്യൻ പ്രകൃതിയുടെ ജൈവസന്തുലിതാവസ്ഥയ്ക്കു കോട്ടംതട്ടിച്ചിരിക്കുകയാണ്. പതിനെട്ടാം നൂറ്റാണ്ടിൽ ആരംഭിച്ച വ്യവസായവിപ്ലവം മനുഷ്യനു ഭൂമിയിലുള്ളതെല്ലാം കുത്തിക്കവരുവാൻ അവസരമൊരുക്കി എന്നുവേണം പറയുവാൻ. വ്യവസായപുരോഗതി സാമ്പത്തികമായ മുന്നേറ്റങ്ങൾക്കു വഴിതെളിച്ചുവെങ്കിലും, അതിന്റെ ദുരിതങ്ങൾ സഹിക്കേണ്ടിവന്നത് ഭൂമിയാണ്. പുറന്തള്ളപ്പെട്ട മാലിന്യങ്ങളും വിഷവാതകങ്ങളും പരിസ്ഥിതിമലിനീകരണത്തിനു കാരണമായിത്തീർന്നു. ജീവന്റെ നിലനില്പിനാധാരമായ ജൈവസംവിധാനത്തിന്റെ തകർച്ചയ്ക്കാണ് ഇതു വഴിതെളിച്ചത്. എല്ലാ വ്യവസായികവികസനപ്രവർത്തനങ്ങളുടെയും ഒഴിവാക്കാനാവാത്ത തിന്മയാണ് മലിനീകരണം. പ്രകൃതിവിഭവങ്ങളുടെ അവസാന അംശവും കവർന്നെടുക്കുന്നതുവരെ മനുഷ്യൻ മത്സരിച്ചുകൊണ്ടേയിരിക്കും.

വ്യവസായവത്കരണം പരിസ്ഥിതിക്കു വലിയ ആഘാതം സൃഷ്ടിക്കുന്നുണ്ട്. കാടുകൾ വെട്ടിത്തെളിക്കുന്നത് മരുവത്കരണത്തിനു കാരണമാകുന്നു. അനധികൃതമായി മരങ്ങൾ വെട്ടിനിരത്തുന്നതോടെ മലകൾ മണ്ണൊലിച്ചു നാശമടയുന്നു. ഇത്തരത്തിൽ കാടെല്ലാം വെട്ടിനിരത്തിയതിന്റെ ഫലമായാണ് ഝാർഖണ്ഡിലെ ഛോട്ടാനാഗപ്പൂർ പീഠഭൂമിയിലെയും നീലഗിരിയിലെയും ഊട്ടിയിലെയുമെല്ലാം മഴ ശുഷ്കമായതതും. മുമ്പ് ഇവിടം വനനിബിഡവും ധാരാളം മഴ ലഭിക്കുന്നതുമായ പ്രദേശങ്ങളായിരുന്നു. രാജസ്ഥാനിലെ സരിസ്കാ കടുവാസംരക്ഷണ റിസർവ് വനത്തിനുചുറ്റും ഖനനം നടന്നതിന്റെ ഫലമായി അവിടം തരിശായി മാറുകയും വന്യജീവികൾ നാമാവശേഷമാകുകയും ചെയ്തു. ഈ ദുർഗതിയുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതി ഇടപെട്ട് അവിടത്തെ നാനൂറിൽപ്പരം ഖനികൾ അടച്ചുപൂട്ടി. പ്രകൃതിവിഭവങ്ങൾ ശുഷ്കമാകുന്നതിനും തന്മൂലം ജൈവസന്തുലിതാവസ്ഥയുടെ തകരാറിനും വ്യവസായപുരോഗതി കാരണമായിത്തീരുന്നു.

### പരിസ്ഥിതിപ്രശ്നങ്ങൾ

ദിനംപ്രതി വർദ്ധിച്ചുവരുന്ന വ്യവസായശാലകൾ ഒരുപാടു പാഴ്‌വസ്തുക്കൾ പുറന്തള്ളുന്നുണ്ട്. വിഷവാതകങ്ങളും ഫ്രീകെമിക്കൽസും നിറഞ്ഞ ഇത്തരം രാസവസ്തുക്കൾ വെള്ളത്തിലോ മണ്ണിലോ വായുവിലോ കലരുന്നത് അവിടെയുള്ള സൂക്ഷ്മജീവികളുടെ നാശത്തിനു കാരണമായിത്തീരുന്നു. പലവിധ രോഗങ്ങൾക്കും മരണത്തിനുപോലും ഇത് കാരണമാകുന്നു. പുഴകളിലെ വെള്ളം മലിനമാകുന്നതും കടൽത്തീരത്തു മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതും മരങ്ങളും ചെടികളും വാടിനശിക്കുന്നതുമെല്ലാം ഇത്തരത്തിൽ, വ്യവസായമാലിന്യങ്ങളുടെ അനന്തരഫലമായിട്ടാണ്. ഭൂമിയിലെ സസ്യലതാദികളുടെ നാശമാണ് മണ്ണൊലിപ്പിന്റെ പ്രധാന കാരണം.

ഫോസിൽഇന്ധനങ്ങൾക്കും ധാതുക്കൾക്കുംവേണ്ടി ഖനനം നടത്തുന്നത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു. ഖനനപ്രവർത്തനങ്ങൾ കാടുകളെയും മേൽമണ്ണിനെയും നശിപ്പിക്കുന്നു. ഭീമാകാരമായ യന്ത്രങ്ങൾ ഉപയോഗിച്ച് കാടു വെട്ടിത്തെളിച്ച് മണ്ണു നീക്കംചെയ്ത് അവിടെ കോൺക്രീറ്റ് കാടുകൾ രൂപപ്പെടുത്തുകയാണ് മനുഷ്യർ. ഇവയ്ക്ക് അകമ്പടിയായി സൂപ്പർ ഹൈവേകളും ജന്മമെടുക്കുന്നു. ഖനനപ്രവർത്തനങ്ങൾ ഭൂഗർഭജലത്തിന്റെ പ്രവർത്തനത്തെ തടസപ്പെടുത്തുന്നതോടൊപ്പം അവയെ മലിനമാക്കുകയും ചെയ്യുന്നു. വിഷവസ്തുവായ സൾഫർ, സൂക്ഷ്മാണുക്കളുടെ പ്രവർത്തനഫലമായി സൾഫ്യൂറിക്കാസിഡായിത്തീരുകയും ജലത്തിൽ കലർന്ന് ജലാശയങ്ങൾ അമ്ലമയമാകുകയും ചെയ്യുന്നു.

1984 ൽ ഭോപ്പാൽ വിഷവാതകദുരന്തത്തിൽ 5000 പേർ മരണമടയുകയും രണ്ടു ലക്ഷം പേർ നിത്യരോഗികളായി മാറുകയും ചെയ്തു. യൂണിയൻ കാർബൈഡിന്റെ കീടനാശിനി നിർമ്മാണശാലയിൽനിന്നു പുറത്തുവന്ന വിഷവാതകമാണ് ഈ ദുരന്തത്തിനു കാരണം. ബൽജിയത്തിലെ മ്യൂസ് താഴ്‌വരയിൽ 1952 ലുണ്ടായ വായുമലിനീകരണത്തിന്റെ ഫലമായി ശ്വാസനാളരോഗം ബാധിച്ച് 4500 പേർ മരിച്ചു. ഇത്തരത്തിൽ നിരവധിയായ ദുരന്തങ്ങളാണ് അന്തരീക്ഷമലിനീകരണത്തിന്റെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്.



വ്യവസായശാലകൾ അനുദിനം പുറന്തള്ളുന്ന മാലിന്യങ്ങൾ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കു കോട്ടംതട്ടിക്കുന്നു. ഗ്രീൻഹൗസ് ഇഫക്ട്, ആഗോളതാപനം, അമ്ലമഴ, ഓസോൺക്ഷയം, ടെമ്പറേച്ചർ ഇൻവർഷൻ തുടങ്ങിയ പ്രതിഭാസങ്ങൾ പരിസ്ഥിതിനാശത്തിന്റെ അനന്തരഫലങ്ങളാണ്.

ജലമലിനീകരണത്തിന്റെ പ്രധാനകാരണവും വ്യവസായങ്ങളാണ്. മിക്ക വ്യവസായശാലകളും നദീതീരങ്ങളിലാണ് സ്ഥാപിതമായിരിക്കുന്നത്. ഫാക്ടറികളിലെ മാലിന്യങ്ങളുടെ നിക്ഷേപകേന്ദ്രമായി പുഴകൾ മാറുന്നു. വെള്ളത്തിൽ വിഷമയമായ രാസവസ്തു കലരുമ്പോൾ ജലജീവികൾ നശിക്കുന്നു. അതു ജൈവസംവിധാനത്തെയാകെ ബാധിക്കുന്നു.

ഇത്തരത്തിൽ പരിസ്ഥിതി ദിനംപ്രതി നശിച്ചുകൊണ്ടിരിക്കുകയാണ്. മുതലാളിമാരുടെ സ്വാർത്ഥതാത്പര്യങ്ങൾക്കുപിന്നിൽ കെട്ടിപ്പൊക്കുന്ന വ്യവസായകേന്ദ്രങ്ങൾ പരിസ്ഥിതിയുടെ നിലനില്പിനെയാണ് ബാധിക്കുന്നത്. കാടും മലയും വെട്ടിത്തെളിച്ച് പടുത്തുയർത്തുന്ന ഇത്തരം പ്രസ്ഥാനങ്ങൾ കൊന്നൊടുക്കുന്നത് അനേകായിരം ജീവനുകളെയാണ്. അനുദിനം നശിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അതിനായി പല സംഘടനകളും നിയമങ്ങളും നിലവിലുണ്ട്. പക്ഷേ, ചിലരുടെയൊക്കെ സുഖത്തിനും സ്വാർത്ഥതയ്ക്കും വേണ്ടി അവ തള്ളിമാറ്റപ്പെടുന്നത് വേദനാജനകംതന്നെ.

1986 ലെ Environmental Protection Act (EPA) പരിസ്ഥിതിയുടെ സംരക്ഷണത്തിനായി രൂപംകൊണ്ടതാണ്. 1994 ൽ നിലവിൽവരുകയും അവയെ ഇളവുകൾ നൽകി മെച്ചപ്പെടുത്തി 2006 ൽ നിർമ്മിച്ചതുമായ EIA (Environmental Impact Assessment) പ്രകാരമാണ് ഇപ്പോഴത്തെ നിയമങ്ങൾ. ഏതെങ്കിലും സ്ഥാപനങ്ങളോ വ്യക്തികളോ ഫാക്ടറി, ഖനി, ക്വാറി തുടങ്ങി പരിസ്ഥിതിയെ നശിപ്പിക്കുന്ന പദ്ധതികൾ തുടങ്ങുന്നുവെങ്കിൽ അവയെപ്പറ്റി വ്യക്തമായി പഠിച്ചതിനുശേഷം മാത്രമേ പദ്ധതിക്ക് അംഗീകാരം നൽകാനാവൂ എന്നതാണു നിയമം. എന്നാൽ, ഇവയെ കാറ്റിൽ പറത്തി ‘EIA 2020 Draft act’ രൂപപ്പെടുത്താൻ ശ്രമിക്കുകയാണ്. മുതലാളിത്ത-കോർപ്പറേറ്റ് കമ്പനികളുടെ ശക്തിയുപയോഗിച്ച് നിയമം തകർക്കപ്പെടുന്ന അവസ്ഥ. പുത്തൻനിയമഭേദഗതി പ്രകാരം, വൻകിട കമ്പനികൾക്കു തങ്ങളുടെ പദ്ധതികൾ എപ്പോൾ വേണമെങ്കിലും തുടങ്ങാം. പ്രവർത്തനം തുടങ്ങിയതിനുശേഷംമാത്രം അതിനെപ്പറ്റിയും അതുണ്ടാക്കുന്ന പരിസ്ഥിതിപ്രശ്നങ്ങളെപ്പറ്റിയും പഠിക്കുന്ന സമിതി അവരുടെ പഠനം തുടങ്ങൂ എന്നതാണ് ‘EIA 2020 act’ ന്റെ പ്രത്യേകത. ഇത്തരം നിയമഭേദഗതി വന്നാൽ അത് വളരെയധികം പരിസ്ഥിതിപ്രശ്നങ്ങൾക്കു കാരണമായിത്തീരും എന്നതിൽ യാതൊരു സംശയവുമില്ല. EIA യുടെ നിയമങ്ങളിൽ വെള്ളം ചേർക്കാൻ സഹായിക്കുന്ന ഈ നിയമഭേഗതി പ്രകൃതിക്കും സമൂഹത്തിനും വരുത്തിവയ്ക്കുന്ന ആഘാതം വളരെയേറെയാണ്. വിശാഖപട്ടണം വാതകച്ചോർച്ച, മണ്ണിടിച്ചിൽ, തീപ്പിടിത്തം പോലുള്ള ദുരന്തങ്ങൾ ഇനിയുമുണ്ടാകാതിരിക്കണമെങ്കിൽ നാം പ്രതികരിച്ചേ മതിയാകൂ. സാധാരണക്കാരന്റെ ജീവനും സ്വത്തിനും ഭീഷണിയായിക്കൊണ്ട് അവന്റെ സ്വാതന്ത്ര്യത്തെയും, അവകാശത്തെയും ചോദ്യംചെയ്യുകയാണ് ഇവിടെ.

മുതലാളിത്ത-അധികാരദണ്ഡ് ഉപയോഗിച്ച് പാവങ്ങളുടെ ജീവിതങ്ങളെ ചൂഴ്ന്നെടുക്കുന്ന സമൂഹമാണിത്. കോർപ്പറേറ്റ് കമ്പനികൾക്ക് കൂട്ടുനിന്നുകൊണ്ട് സാധാരണക്കാരന്റെ അവകാശങ്ങളെ നിഷേധിക്കുന്ന സർക്കാരും അധികാരികളും യഥാർത്ഥത്തിൽ നമ്മുടെ സംരക്ഷകരാണോ? പാവങ്ങളിൽനിന്ന് ഉള്ളതെല്ലാം പെറുക്കിയെടുത്ത് മുതലാളിത്ത-വ്യവസായനേതാക്കൾക്കു നൽകുമ്പോൾ നോക്കിനിൽക്കാനേ നമുക്കാവുന്നുള്ളൂ. പണവും പ്രതാപവും ഉള്ളവന് എന്തും ചെയ്യാം എന്ന അവസ്ഥ.

പരിസ്ഥിതിയെ ബാധിക്കുന്ന ഇത്തരം നിയമഭേദഗതികൾ സംഭവിക്കുന്നത് വേദനാജനകം തന്നെ. മരങ്ങളും ചെടികളും ജീവജാലങ്ങളും പച്ചപുതച്ച പ്രകൃതിയെ നശിപ്പിക്കുന്ന, ഇത്തരം പ്രശ്നങ്ങളെ നാം നേരിടേണ്ടിയിരിക്കുന്നു. പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണവും അതിവേഗത്തിലുള്ള വ്യവസായവത്കരണവും ഈ ഭൂമിയിൽ ജീവന്റെ നിലനില്പിനു ഭീഷണിയായിട്ടുണ്ടെന്നതിൽ സംശയമില്ല. നഷ്ടപ്പെട്ടുപോകാതെ ഈ പ്രകൃതിസൗന്ദര്യം നാം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. കാലത്തിന്റെ മാറ്റത്തോടൊപ്പം മനുഷ്യൻ ചെയ്തുകൂട്ടുന്ന പരാക്രമങ്ങൾക്കിടയിൽ പ്രകൃതി ഇനിയും നശിച്ചുകൂടാ.

■

---

## തനിസ്വരൂപം

**നുറുങ്ങുകഥ**

**ഉണ്ണി വാരിയത്ത്**



കള്ളും കള്ളപ്പണവും കൊണ്ട് ആളുകളെ സ്വാധീനിച്ച് പ്രദേശത്തെ പ്രധാനിയായി വിലസുകയായിരുന്നു ഇന്നലെവരെ അയാൾ.

ഇന്നു കഥ മാറി. അയാളുടെ തനിസ്വരൂപം മറനീക്കി കാണിച്ചു ഒരുവൻ. പ്രദേശവാസികൾ അന്തംവിട്ടുപോയി.

പുറംമോടി കണ്ട് മാന്യനെയും അമാന്യനെയും തിരിച്ചറിയാനാവില്ലതന്നെ. അതുകൊണ്ടാണല്ലോ പണ്ടുള്ളവർ പറഞ്ഞത് – ആളെ അടുത്തുനോക്കണം, പൊന്ന് ഉരച്ചുനോക്കണം എന്ന്.

Deepanalam Weekly
RNI No : 16998/68
Vol. 53 No. 18 Date of Publication 27 August 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment


# BRIGHT INSTITUTE, PALA

22 Years of Excellence

## ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ

**BSC. CATERING SCIENCE & HOTEL MANAGEMENT**
Eligibility : +2/VHSE Duration - 3 years

**B. VOC CATERING TECHNOLOGY & HOTEL MANAGEMENT**
(Pala Centre Only)
Eligibility: +2 / VHSE Duration - 3 Years

**BBA - TOURISM MANAGEMENT + DIPLOMA IN HOTEL MANAGEMENT**
(Twinning programme)
Eligibility : +2 / VHSE Duration - 3 years

**DIPLOMA IN CATERING SCIENCE & HOTEL MANAGEMENT**
Eligibility : +2 / VHSE Duration - 2 years

**DIPLOMA IN CATERING SCIENCE & HOTEL MANAGEMENT**
Eligibility : SSLC Duration - 1 year

**PROFESSIONAL COOKERY**
Eligibility : SSLC Duration 6 Months



• വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ പ്രാക്ടിക്കൽ കിച്ചൺ, റസ്റ്റോറന്റ്, ഹൗസ് കീപ്പിംഗ്, ഫ്രണ്ട് ഓഫീസ് ലാബുകൾ എല്ലാ കാമ്പസിലും ഒരുക്കിയിരിക്കുന്നു • നക്ഷത്രഹോട്ടലുകളിൽ സ്റ്റൈപ്പന്റോടുകൂടി ട്രെയ്നിംഗ് സൗകര്യം • ഇന്ത്യയിലും വിദേശത്തും ധാരാളം തൊഴിൽ അവസരങ്ങൾ • ബ്രൈറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കോഴ്സുകൾ പൂർത്തീകരിച്ച ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഇന്ന് ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമായി ജോലി ചെയ്യുന്നു.

*For Online Admission Visit: www.brightinstitute.net*

BRIGHT INSTITUTE
www.brightinstitute.net

Oorassala Road, Arunapuram P.O., PALA, Kottayam Dt., Kerala - 686 574
Tel: 04822 214082, 9447463911, 9447598708, Email:bright_world@ymail.com

Mount Sinai Hospital Road, THODUPUZHA, Idukki Dt., Kerala - 685 584
Tel.: 04862 225768, 9961672656, Email: kittythodupuzha@yahoo.co.in

P.P. Jose Road, CHANGANACHERY, Kottayam Dt., Kerala - 686 101
Tel.: 0481 2402898, 8281065213, 9747857140, Email: kitto_chry@yahoo.com





## അഡ്മിഷൻ തുടരുന്നു

**+2** SCIENCE COMMERCE HUMANITIES

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Hindi TTC - U.P. School, High School
Regular, Postal & Holiday Classes

**6** മാസംകൊണ്ട് **+2, 10**
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

- +2, +1 തോറ്റവർക്കും 10 ജയിച്ചവർക്കും 6 മാസംകൊണ്ട് +2 കരസ്ഥമാക്കാം
- എല്ലാ ഗ്രൂപ്പും. എല്ലാ അംഗീകാരവും ഉണ്ട്
- തുടർന്നു പഠിക്കാം
- ലളിതമായ സിലബസ്
- 5 വിഷയങ്ങൾ പഠിച്ചാൽ മതി
- 14 വയസ്സ് തികഞ്ഞ ആർക്കും 10 എഴുതാം

31 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ, അരുണാപുരം പി.ഒ., പാലാ
Ph: 9495195739, 9495021259

**+ 2 പരാജിതർക്ക് 3 വിഷയം മാത്രം**
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com